കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മേപ്പാടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2017-2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

Email-dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ ഡബ്ല്യു.വൈ.ഡി. പി4-48/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കൽപ്പറ്റ, ഫോൺ: 04936 - 203672
തീയതി:19/02/2019
e-mail:dowyd.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മേപ്പാടി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മേപ്പാടി ഗ്രാമപഞ്ചായത്ത് -2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-3, 2-4, 2-5 എന്നീ ഖണ്ഡികയിലേയ്ക്കും ഭാഗം 3 ലെ 3-3, 3-8, 3-23 എന്നീ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം

ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ ഡബ്ല്യൂ.വൈ.ഡി.പി4-48/19

തിയ്യതി:19/02/2019

**വയനാട് ജില്ലയിലെ മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 31.03.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.പി.എസ്.വസന്ത<br>ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.12.2018മുതൽ 22.12.2018 വരെ |
| | ശ്രീ.ഒ.കെ.അഗസ്റ്റ്യൻ,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ.കെ.വി.ഡേവിഡ്, അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.പി.ഷാജി, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.പി.ജയൻ, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. കെ.കെ.സഹദ് | 01.04.2018 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ. ടി.ഡി. ജോണി | 01.04.2018 മുതൽ 31.03.2018 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.സെക്രട്ടറി | ശ്രീമതി. കോമളവല്ലി | 01.04.2017മുതൽ 10.07.2017 വരെ |
| | ശ്രീ. വർക്കി. പി.എൽ | 10.07.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ഡോഃ അനിൽ കുമാർ | 01.04.2017മുതൽ 12.06.2017വരെ |

| | | |
|---|---|---|
| | | |
| | ശ്രീമതി. രാജി വർഗ്ഗീസ് | 13.06.2017 മുതൽ 29.10.2017 വരെ |
| | ശ്രീ. ഷംസീർ | 30.10.2017 മുതൽ 31.03.2018 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ. പ്രദീപ് കുമാർ<br>ഡോ. ജയരാജ് | 01.04.2017മുതൽ 14.10.2017 വരെ<br>15.10.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സിസിലി.എം.എം<br>ശ്രീമതി. ഭാഗ്യലക്ഷ്മി | 01.04.2017മുതൽ 15.09.2017 വരെ<br>16.09.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഡോ.നജ് ല<br>ഡോ. സഫിന മുസ്തഫ | 01.04.2017മുതൽ 28.09.2017 വരെ<br>30.09.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.ജിഷ | 01.04.2017മുതൽ 31.03.2018 വരെ |
| മെഡിക്കിൽ ഓഫീസർ(ആയുർവ്വേദം) | ഡോ. ആരിഫ | 01.04.2017മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| ഹെഡ് മിസ്ട്രസ്സ് | ശ്രീമതി.ലിസി ജോസഫ് | 01.04.2017മുതൽ 31.03.2018 വരെ |
| അസി.എഞ്ചിനീയർ | ശ്രീമതി. ശ്യാമിലി<br>ശ്രീ. ബിജു. വി.ജി<br>ശ്രീമതി. മഞ്ജുഷ | 01.04.2017മുതൽ 08.09.2017 വരെ<br>08.09.2017 മുതൽ 08.11.2017 വരെ<br>09.11.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ<br>ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. വിനോദ്<br>ശ്രീ. ബാബു എം. പ്രസാദ് | 01.04.2018 മുതൽ 31.03.2018 വരെ<br>01.04.2018 മുതൽ 31.03.2018 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 | |

| | | | |
|---|---|---|---|
| | | | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | |
| 9 | ക്യാഷ് പരിശോധന | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 | |
| | ഭാഗം 2 | | |
| 13 | രസീത് പിരിവ് ശരിയായി നീരീക്ഷിക്കപ്പെടുന്നില്ല | 2-1 | |
| 14 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക -വരവുമായി ബന്ധപ്പെട്ട | 2-2 | |

| | | | |
|---|---|---|---|
| | അപാകതകൾ | | |
| 15 | റിസോർട്ടുകൾക്ക് കുറഞ്ഞനിരക്കിൽ വസ്തുനികുതി ഈടാക്കുന്നു | 2-3 | |
| 16 | പഞ്ചായത്തിൽ അതീവ ഗൗരവതരമായ നിയമാനുസതമല്ലാത്ത നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നു- നിയമാനുസൃതമായ നടപടി സ്വീകരിക്കണം | 2-4 | |
| 17 | വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്-പഞ്ചായത്തിന് വൻ വരുമാന നഷ്ടം. | 2-5 | |
| | ഭാഗം-3 | | |
| 18 | കാർഷിക സമിതിക്ക് മെതിയെന്ത്രം- പവ്വർ ടില്ലർ വിതരണം- ഗുണഭോക്തൃ വിഹിതം ചെലവഴിച്ചില്ല- തുക സഞ്ചിത നിധിയിലൊടുക്കി | 3-1 | |

| | | | |
|---|---|---|---|
| | | | |
| 19 | ആട് വളർത്തൽ (പട്ടിക വർഗ്ഗം)- പദ്ധതി സ്പിൽ ഓവറാക്കി നടപ്പാക്കിയതിനുള്ള കാരണം വ്യക്തമല്ല. | 3-2 | |
| 20 | അങ്കണവാടി കുട്ടികൾക്ക് കളിപ്പാട്ടം-വിതരണം ചെയ്യാത്ത കളിപ്പാട്ടങ്ങൾക്ക് തുക നൽകി | 3-3 | |
| 21 | പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് പ്രവർത്തന ക്ഷമമാക്കിയിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-4 | |
| 22 | വിവിധ ഭവന പദ്ധതികളിൽ മുൻകൂർ തുക അനുവദിച്ചിട്ടും പ്രവൃത്തി ആരംഭിച്ചിട്ടില്ല | 3-5 | |
| 23 | ഫിസിയോതെറാപ്പിസ്റ്റിന് ഹോണറേറിയം നൽകിയതിലെ അപാകതകൾ | 3-6 | |
| 24 | തുടർ വിദ്യാഭ്യാസ പദ്ധതി- | 3-7 | |

| | | | |
|---|---|---|---|
| | മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത ഇനങ്ങൾക്കായി ചെലവ് | | |
| 25 | അസി.സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 3-8 | |
| 26 | പഞ്ചായത്ത് ഫണ്ട് പാഴാക്കുന്നു. | 3-9 | |
| 27 | പദ്ധതി ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല | 3-10 | |
| 28 | ലൈഫ് മിഷൻ ഭവന പൂർത്തീകരണം പദ്ധതി(പട്ടിക വർഗ്ഗ വിഭാഗം)-പദ്ധതി വിഹിതം പാഴാക്കി | 3-11 | |
| 29 | ആരോഗ്യ മേഖല- ഗുണഭോക്തൃ ലിസ്റ്റിന് അംഗീകാരം വാങ്ങിയില്ല- പഞ്ചായത്ത് ഇതര പാലിയേറ്റീവ് യൂണിറ്റിന് ഫർണ്ണീച്ചർ നൽകി | 3-12 | |
| 30 | ലോൺ രജിസ്റ്റർ അപൂർണ്ണം- ലോൺ തിരിച്ചടവ് പരിശോധിക്കുന്നില്ല | 3-13 | |

| | | | |
|---|---|---|---|
| 31 | സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ-സ്ഥാപിച്ചതിന്റെ വിവരം പൂർണ്ണമല്ല | 3-14 | |
| 32 | കംപ്യൂട്ടർ സോഫ്റ്റ് വെയർ വാങ്ങി-ഇൻസ്റ്റാൾ ചെയ്തിട്ടില്ല | 3-15 | |
| 33 | വിനിയോഗ വിവരം ലഭിച്ചിട്ടില്ല-46506000 രൂപ തടസ്സപ്പെടുത്തുന്നു. | 3-16 | |
| 34 | ടെർമിനൽ സറണ്ടർ അനുവദിച്ചത്-അധികം | 3-17 | |
| 35 | തനത് ഫണ്ട് ചെലവുകൾ-രേഖകൾ തൃപ്തികരമായി സൂക്ഷിക്കുന്നില്ല | 3-18 | |
| 36 | വാഹനത്തിൻ ഇന്ധനം നിറയ്ക്കൽ-കണക്കുകളിലെ അപാകതകൾ | 3-19 | |
| 37 | ഓട്ടോ പെർമിറ്റ് ഫീസ് ഈടാക്കിയത് പഞ്ചായത്ത് ഫണ്ടിൽ അടച്ചില്ല | 3-20 | |
| 38 | ട്രാൻസ്ഫർ അഡ്വാൻസ് ശമ്പളം നൽകിയത്-തിരികെ ഈടാക്കിയതിന്റെ രേഖകളില്ല | 3-21 | |

| | | | |
|---|---|---|---|
| | | | |
| 39 | തനത് ഫണ്ട് ചെലവുകൾ-തുക നൽകി- ഫീസിബിലിറ്റി സർട്ടിഫിക്കറ്റുകൾ ലഭിച്ചിട്ടില്ല | 3-22 | |
| 40 | പൊതുമരാമത്ത് പ്രവത്തികൾ-രേഖകളുടെ സൂക്ഷിപ്പും നിർവ്വഹണത്തിലെ വീഴ്ച്ചകളും | 3-23 | |
| 41 | കരാറുകാർക്ക് സർവ്വീസ് ടാക്സ് എന്ന പേരിൽ അനർഹമായ തുക നൽകിയത് പ്രകാരം 252112 രൂപ ഗ്രാമ പഞ്ചായത്തിന് നഷ്ടം | 3-24 | |
| 42 | കാരറുടമ്പടി പ്രകാരം അർഹമായതിലും അധികം തുക അനുവദിച്ചു | 3-25 | |
| 43 | ഗുണഭോക്തൃ സമിതിക്ക് പ്രവൃത്തി മൂല്യത്തേക്കാൾ അധിക തുക നൽകിയതിനാൽ 19680 രൂപ നഷ്ടം | 3-26 | |

| | | | |
|---|---|---|---|
| 44 | കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അകാരണമായി തിരസ്കരിച്ചതിനാൽ ഗ്രാമ പഞ്ചായത്തിന് 26732 രൂപ നഷ്ടം | 3-27 | |
| 45 | മത്സ്യ-മാംസ മാർക്കറ്റ് റിപ്പയർ- വീണ്ടും ഇ-ടെണ്ടർ നടത്തിയില്ല | 3-28 | |
| 46 | എസ്റ്റിമേറ്റ് നിരക്കിലും അധിക നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചു. | 3-29 | |
| 47 | ഗുണഭോക്തൃ സമിതിയുടെ രേഖകൾ ഹാജരാക്കിയിട്ടില്ല | 3-30 | |
| 48 | യഥാസമയം പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടില്ല | 3-31 | |
| | ഭാഗം 4 | | |
| 49 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 50 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ | 4-2 | |

| | | | |
|---|---|---|---|
| | തുകയുടെ വിവരങ്ങൾ | | |
| 51 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 | |
| 52 | വായ്പ / വായ്പാതിരിച്ചടവ് | 4-4 | |
| 53 | സ്ഥിര നിക്ഷേപം | 4-5 | |
| 54 | ഓഡിറ്റ് റിക്കവറി | 4-6 | |
| 55 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 | |
| 56 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 | |
| 57 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 58 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

23.03.2017തീയതിയിലെ 05/17 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 09.05.2018 തീയതിയിലെ 05/18 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 15.05.2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 21.06.2018 | കെ.എസ്.എ. (ഡബ്ല്യൂ.വൈ.ഡി.)പി2-532/18<br>തിയ്യതി 26.06.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 4,16,47,775 |
| വരവ് | 13,59,77,540 |
| ആകെ | 17,76,25,315 |
| ചെലവ് | 12,23,61,066 |
| നീക്കിയിരിപ്പ് | 5,52,64,249 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് ( ACR പ്രകാരം) | ആകെ | ചെലവ് ( AFS പ്രകാരം) | സി.ബി/ ലാപ്സ്ഡ് തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 3,45,24,415 | 3,45,24,415 | 3,14,49,129 | 30,75,286 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 95,91,964 | 95,91,964 | 59,04,669 | 36,87,295 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 1,14,79,270 | 1,14,79,270 | 74,86,934 | 39,92,336 |
| മെയിന്റനൻസ്, റോഡ് | 0 | 1,70,64,270 | 1,70,64,270 | 1,69,71,308 | 92,962 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 87,78,690 | 87,78,690 | 87,04,251 | 74,439 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 1,48,05,935 | 1,48,05,935 | 92,24,247 | 55,81,688 |
| കെ.എൽ.എസ്.ജി.ഡി.പി | 63,68,368 | 19,07,281 | 82,75,649 | 82,75,649 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 2,40,72,735 | 1,56,06,896 | 3,96,79,631 | 1,12,46,911 | 2,84,32,720 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കി യത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 345 | 16,05,36,543 | 232 | 9,64,36,408 | 0 | 113 | 48.70 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 18,057 | 16,22,403 | 16,40,460 | 16,20,045 | 20,415 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 2,78,87,027 | 2,78,87,027 | 2,78,87,027 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 31,200 | 42 |
| കർഷകതൊഴിലാളി പെൻഷൻ | 35,87,400 | 214 |
| വിധവാപെൻഷൻ | 2,20,00,600 | 1879 |
| വാർദ്ധക്യകാലപെൻഷൻ | 2,66,00,200 | 2199 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 52,38,600 | 456 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 1,52,200 | 15 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.12.2018 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24,651 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഓഫീസ് മീറ്റിംഗുകൾ കൃത്യമായ ഇടവേളകളിൽ ചേർന്നിട്ടുണ്ട്. ജീവനക്കാർക്ക് കൃത്യമായ ഓഫീസ് ഓർഡർ നൽകിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുണ്ട്.

ഫയലുകളിൽ കുറിപ്പ് ഫയലുകൾ വെക്കുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥർ പ്രോജക്ട് രജിസ്റ്റർ, സബ്സിഡിയറി രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല.

ഫയലുകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല.

ഔട്ട് ഡോർ കളക്ഷൻ തുകയുടെ പിരിവ് പരിശോധിക്കപ്പെടുന്നില്ല.

വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് എഴുതി പൂർത്തീകരിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.11.2018 | 01.04.2018 മുതൽ 31.10.2018 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31.01.2017 | 1997-98 മുതൽ 1999-2000 | ലഭിച്ചിട്ടില്ല |

## 1-12 ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ

ഇല്ല

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീത് പിരിവ് ശരിയായി നിരീക്ഷിക്കപ്പെടുന്നില്ല

രസീത് പിരിവിലെ അപാകതകൾ താഴെപ്പറയുന്നു.

എ) ഔട്ട് ഡോർ കളക്ഷൻ അടവാക്കുന്നത് കൃത്യമായി മോണിറ്റർ ചെയ്യുന്നില്ല.

ഔട്ട് ഡോർ കളക്ഷൻ തുക ചില ദിവസങ്ങളിൽ കുറവായും ചിലപ്പോൾ

കൂടുതലായും അടവാക്കുന്നു . വിശദാംശങ്ങൾ താഴെപ്പറയുന്നു.

1)ശ്രീ. രഘു ക്ലാർക്ക് 25/11/17 ന് 43419/80 മുതൽ 43420/37 വരെയുള്ള രസീതുകൾ പ്രകാരം 20791/-രൂപ പിരിച്ചുവെങ്കിലും അടവാക്കിയത് 20731/-രൂപയാണ് ( സാംഖ്യ രസീത് നം. 117040103296 ). 60/- രൂപ കുറവായിട്ടാണ് അടവാക്കിയത്. ആയത് 20.12.18 ലെ 118040104692 നമ്പർ രസീത് പ്രകാരം അടവാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

2)ശ്രീ. പ്രദീപ് ക്ലാർക്ക് 27/11/17 ന് 7285/80 മുതൽ 43425/29 വരെയുള്ള രസീതുകൾ പ്രകാരം 26715/-രൂപ പിരിച്ചുവെങ്കിലും അടവാക്കിയത് 26695/-രൂപയാണ് (സാംഖ്യ രസീത് നം. 117040103395 ). 20/- രൂപ കുറവായിട്ടാണ് അടവാക്കിയത്. ആയത് 20.12.18 ലെ 118040104691 നമ്പർ രസീത് പ്രകാരം അടവാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

3)ശ്രീ. ദിപിൻ ക്ലാർക്ക് 28/11/17 ന് 7288/72 പ്രകാരം 1512/-രൂപ പിരിച്ചുവെങ്കിലും അടവാക്കിയത് 1584/-രൂപയാണ് ( സാംഖ്യ രസീത് നം. 117040103394 ). 72/- രൂപ കൂടുതലായിട്ടാണ് അടവാക്കിയത്. രസീതുകളിലെ തുകകൾ കൂട്ടിയതിലുള്ള പിശകു മൂലമാണ് അധിക തുക അടവാക്കാൻ ഇടയായതെന്നും ഭാവിയിൽ ശ്രദ്ധിക്കുന്നതാണെന്നും ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 07/17-18 തീയതി 15.12.18 ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്

മേലുദ്യോഗസ്ഥർ ഔട്ട് ഡോർ കളക്ഷൻ അടവാക്കുന്നത് കൃത്യമായി മോണിറ്റർ ചെയ്യുന്നില്ലെന്നാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ കൂടുതൽ ജാഗ്രത പാലിക്കേണ്ടതാണ്.

ബി) തനത് വരുമാനം വൈകി ബാങ്കിൽ അടവാക്കി

i) 12/05/2017 ലെ ഡേ ബുക്ക് പ്രകാരം 44,628/- രൂപ ലഭിച്ചുവെങ്കിലും 15/05/17 ന് മാത്രമാണ് ബാങ്ക് അക്കൗണ്ടിൽ അടവാക്കിയത് .

ii) 23.03.18 ലെ കളക്ഷനായ 83,247/- രൂപ 26.03.18 ന് മാത്രമാണ് അടവാക്കിയത് .

തൊട്ടടുത്ത രണ്ടു ദിവസങ്ങൾ ബാങ്ക് അവധിയായതിനാലാണ് വെള്ളിയാഴ്ച്ച ലഭിച്ച കളക്ഷൻ തുക മൂന്നാം ദിവസമായ തിങ്കളാഴ്ച്ച അടവാക്കിയതെന്നാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. കളക്ഷൻ തുക അന്നു തന്നെ ബാങ്കിൽ അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 പഞ്ചായത്തിന്റെ ഉടമസ്ഥതതയിലുള്ള കെട്ടിടങ്ങളുടെ വാടക -വരവുമായി ബന്ധപ്പെട്ട അപാകതകൾ

1) 2017-18 ലെ മുറികളുടെ ലേലം -ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല

2017-18 ൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതതയിലുള്ള കെട്ടിടങ്ങളുടെ ലേലവുമായി ബന്ധപ്പെട്ട ഫയലുകൾ മേൽ സൂചന ഓഡിറ്റ് റിക്വസിഷൻ പ്രകാരവും (ഫോം.2- തീയതി 10.12.18 )പിന്നീട് നേരിട്ടും ആവശ്യപ്പെട്ടെങ്കിലും ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയതിനാൽ കെട്ടിടങ്ങളുടെ ലേലവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല. 2017-18 വർഷം ലേലവുമായി ബന്ധപ്പെട്ട ഫയലുകൾ പ്രസ്തുത സമയത്ത് കൈകാര്യം ചെയ്തിരുന്ന ശ്രീ.ഷുഹൈബ്,സീ.ക്ലാർക്ക് രേഖാമൂലം ഫയലുകൾ കൈമാറിയിട്ടില്ലെന്നും രജിസ്റ്ററുകൾ അപൂർണ്ണമാക്കിയും രേഖപ്പെടുത്തലുകൾ വരുത്താതെയുമാണ് തുടർന്ന് വന്ന ക്ലാർക്കിന് നൽകിയതെന്നാണ് സെക്രട്ടറി മറുപടി നൽകിയത്. ഫയലുകൾ ശരിയായ വിധം കൈമാറാതെ ഉദ്യോഗസ്ഥനെ വിടുതൽ ചെയ്തതിന് വിശദീകരണം നൽകേണ്ടതാണ്. ജോലിയിൽ വീഴ്ച്ച വരുത്തിയ ഉദ്യോഗസ്ഥനെതിരെ നിയമാനുസൃത നടപടിയെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതും ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

2) ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതതയിലുള്ള ധാരാളം കെട്ടിടങ്ങൾ ലേലം കൊള്ളാതെ ഒഴിഞ്ഞു കിടന്നു/ വൻ വാടക കുടിശ്ശിക പിരിച്ചെടുക്കാനുണ്ട്

ഓഡിറ്റിന് ഹാജരാക്കിയ 2017-18 ലെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന മുറികൾ ഒഴിവായി കിടന്നതായോ വാടക കുടിശ്ശിക ഉള്ളതായോ കാണുന്നു. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമനം | മുറി നമ്പർ | വാടക്കാരൻ | പ്രതിമാസ വാടക/ സേവന നികുതി | കുടിശ്ശിക വിശദാംശം |
|---|---|---|---|---|
| 1 | 1(6/439) | ടി.ആർ പ്രമോദ് | 2180/327 | 04/17 മുതൽ |
| 2 | 8(6/262) | വസന്തകുമാരി അശോകൻ | 2972/446 | 04/17 മുതൽ |
| 3 | 9(6/263) | ആർ.എ അനിൽ കുമാർ | 2972/446 | 04/17 മുതൽ |
| 4 | 21(6/275) | എം.ടി ഫിലിപ്പ് | 403/72 | 04/17 മുതൽ |
| 5 | 24(6/278) | മാവേലി സ്റ്റോർ ഗോഡൗൺ | വാടക രേഖപ്പെടുത്തിയിട്ടില്ല | 04/17 മുതൽ |
| 6 | 25(6/279) | മാവേലി സ്റ്റോർ ഗോഡൗൺ | ,, | 04/17 മുതൽ |

| | | | | |
|---|---|---|---|---|
| 7 | 11(6/265),മുതൽ 13 വരെയും 16 (6/271) ,6/298,301,303 | ഗവ.പോളിടെക്നിക് | നാളിതുവരെയായി വാടക നിശ്ചയിച്ചിട്ടില്ല | |
| 8 | 6/270 | ജോബിഷ് കുര്യൻ | 10050 | 04/17 മുതൽ |
| 9 | 6(6/280) | ജംഹർ,ആലുക്കൽ | 9850 | 04/17 മുതൽ |
| 10 | 7(6/286) | അൻവർ കളരം തൊടിയിൽ | 3151 | 04/17 മുതൽ |
| 11 | 9(6/288) | അൻവർ കളരം തൊടിയിൽ | 3216 | 04/17 മുതൽ |
| 12 | 10(6/289) | ജംഹർ,ആലുക്കൽ | 3629 | 04/17 മുതൽ |
| 13 | 11(6/290) | ജംഹർ,ആലുക്കൽ | 3017 | 04/17 മുതൽ |
| 14 | 16(6/295) | മിൽട്ടൺ ഡിക്കോസ്റ്റ | 5361 | 04/17 മുതൽ |
| 15 | 17(6/296) | അലവി വടക്കേകര | 4089 | 04/17 മുതൽ |
| 16 | 6/300 | പി.കെ ഉണ്ണികൃഷ്ണൻ | 1689 | 04/17 മുതൽ |
| 17 | 3 | ടി.പി വർഗ്ഗീസ്സ് | 1471/220 | 04/17 മുതൽ |
| 18 | 4 | പി.കെ ഉണ്ണികൃഷ്ണൻ | 1094 | 04/17 മുതൽ |
| 19 | 1(7/271) | ഒഴിവ് | | 04/17 മുതൽ |
| 20 | 6/302 | സിദ്ദീഖ്,കറുകാത്ത് | 4500 | 04/17 മുതൽ |
| 21 | 6/299 | എസ്സി/എസ്.ടി കോർപ്പറേഷൻ | വാടക രേഖപ്പെടുത്തിയിട്ടില്ല | 04/17 മുതൽ |
| 22 | 6/81 | അസ്മ തസ്നി | 5904/886 | 04/17 മുതൽ |
| 23 | 6/78,79,80 | എം.ഡി കൺസ്യൂമർ സ്റ്റോർ ലി. | വാടക നിശ്ചയിച്ചിട്ടില്ല | 04/17 മുതൽ |
| 24 | 2(7/615) | വേലു സ്വാമി | 1348 | 04/17 മുതൽ |
| 25 | 3(6/839) | ഒഴിവ് | | 04/17 മുതൽ |
| 26 | 4(6/840) | ഒഴിവ് | | 04/17 മുതൽ |
| 27 | 5(6/841) | മുഹമ്മദ് ചങ്ങനക്കാടൻ | 6020 | 04/17 മുതൽ |
| 28 | 6(6/842) | ഒഴിവ് | | 04/17 മുതൽ |
| 29 | 7(6/843) | സലീം,പൂക്കണ്ടിയിൽ | 11797 | 04/17 മുതൽ |

| | | | | |
|---|---|---|---|---|
| 30 | 8(6/844) | ലത്തീഫ് നടുക്കൻ ചിറ | 8335 | 04/17 മുതൽ |
| 31 | 9(6/845) | ഒഴിവ് | | 04/17 മുതൽ |
| 32 | 10(6/846) | ലത്തീഫ് നടുക്കൻ ചിറ | 13892 | 04/17 മുതൽ |
| 33 | 12(6/848) | ഒഴിവ് | | 04/17 മുതൽ |
| 34 | കാന്റീൻ | ജസ്ന അഹമ്മദ് | 5800 | 04/17 മുതൽ |
| 35 | മത്സ്യ മാർക്കറ്റ് റൂം.നം.3 | ഒഴിവ് | | 04/17 മുതൽ |
| 36 | മത്സ്യ മാർക്കറ്റ് റൂം.നം.12 | കെ.വി ഉസ്മാൻ | 20,000 | 21.12.16 മുതൽ |
| 37 | മത്സ്യ മാർക്കറ്റ് റൂം.നം.9 | ജംഷീർ ഇ.ബി | 15000 | 21.12.16 മുതൽ |

'മുൻകാലങ്ങളിൽ വാടക നിശ്ചയിക്കാതെയാണ് പല മുറികളും വാടകയ്ക്ക് നൽകിയിട്ടുള്ളത്. കുടിശ്ശികയായി പിരിച്ചെടുക്കാനുള്ള മുഴുവൻ തുകയും 2019 ജനവരി 31 നകം പിരിച്ചെടുത്ത് രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കും.വാടക കുടിശ്ശികയുള്ള മുറികൾ പുനർലേലം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കും. നിലവിൽ ഒഴിഞ്ഞു കിടന്നിരുന്ന മുറികൾ 2018 മെയ് മാസം ലേലം ചെയ്തു നൽകി. വാടക കുടിശ്ശിക ഉണ്ടായിരുന്ന 3 മുറികൾ പഞ്ചായത്ത് 2018 ൽ മുദ്രവെച്ച് ഏറ്റെടുത്തുവെന്നുമാണ് 'ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 20 /2017-18 / 19 .12.2018 ന് സെക്രട്ടറി മറുപടി നൽകിയിട്ടുള്ളത്. എന്നാൽ വാടക നിശ്ചയിക്കാതെ പല മുറികളും വാടകയ്ക്ക് നൽകുന്നത് ശരിയായ നടപടിയല്ല. ഉദാ. ഗവ.പോളിടെക്നിക്കിന് നൽകിയ 11മുതൽ13 വരെയും 16 (6/271) ,6/298,301,303 എന്നീ മുറികളുടെ വാടക ഇതുവരെ നിശ്ചയിക്കാത്തതിനാൽ വർഷങ്ങളായി പഞ്ചായത്തിന് ഈ മുറികളിൽ നിന്ന് യാതൊരു വാടകയും ലഭിക്കുന്നില്ല. കെട്ടിടം നിൽക്കുന്ന സ്ഥലത്തിന്റെ ലാൻഡ് വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ഇതുവരെ ലഭിക്കാത്തതിനാലാണ് വാടക നിശ്ചയിക്കാൻ കഴിയാത്തതെന്നാണ് ഭരണസമിതിയുടെ 28.04.17ലെ 16ാം നമ്പർ തീരുമാനത്തിൽ നിന്നും മനസ്സിലാകുന്നത്. എന്നാൽ വർഷങ്ങളായി ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ ഭരണസമിതിക്ക് കഴിയുന്നില്ലെന്നത് ഗൗരവമായ കാര്യമാണ്. 2016-17വർഷം 10920/- രൂപ പ്രതിമാസ വാടകക്ക് ലേലം കൊണ്ട 6/839 മുറി ( ഒഴിഞ്ഞു കിടന്ന മറ്റ് മുറികൾ 2016-17 വർഷം ലേലത്തിൽ പോയതായി രജിസ്റ്ററിൽ കാണുന്നില്ല) 2017-18വർഷം ലേലം ചെയ്യാതെ ഒഴിഞ്ഞു കിടന്നതിനാൽ പഞ്ചായത്തിന് ഈയിനത്തിൽ മാത്രം 1,31,040/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഒഴിവായി കിടക്കുന്ന മുറികൾ യഥാസമയം ലേലം ചെയ്യാതിരിക്കുന്നത് ഗുരുതരമായ വീഴ്ച്ചയാണ്. മറുപടിയിൽ പരാമർശിച്ച പ്രകാരം കുടിശ്ശികയായി പിരിച്ചെടുക്കാനുള്ള മുഴുവൻ തുകയും 2019 ജനവരി 31 നകം പിരിച്ചെടുത്ത്

രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3)വാടക വരവിന്റെ തൻവർഷ ഡിമാന്റ് ,തൻവർഷ കുടിശ്ശിക വാർഷിക കണക്കിൽ രേഖപ്പെടുത്തിയതിൽ 5,22,852/- രൂപ കുറവ് -പഞ്ചായത്തിന് നഷ്ടം

വാടക രജിസ്റ്റർ പ്രകാരവും വാർഷിക കണക്ക് പ്രകാരമുള്ള തുക പൊരുത്തപ്പെടുന്നില്ല. വിശദാംശം താഴെപ്പറയുന്നു.

| | ഡിമാന്റ് | വരവ് | ബാലൻസ് |
|---|---|---|---|
| രജിസ്റ്റർ പ്രകാരമുള്ള കണക്കുകൾ | 3646728 | 2069585 | 1577143 |
| വാർഷിക കണക്ക് പ്രകാരമുള്ള കണക്കുകൾ | 3459716 | 2180501 | 1241303/- |
| വ്യത്യാസം(എ-ബി) | + 187012 | - 110916 | +335840/- |

മേൽ പട്ടിക അനുസരിച്ച് 2017-18 ലെ വാടക രജിസ്റ്ററിൽ കാണിച്ച തുകയേക്കാൾ കുറവാണ് വാർഷിക കണക്ക് പ്രകാരമുള്ള വാടക വരവിന്റെ തൻവർഷ ഡിമാന്റും187012/- തൻവർഷ കുടിശ്ശികയും( 3,35,840/- രൂപ) . അതായത് ആകെ- 5,22,852/- രൂപ കുറവായിട്ടാണ് വാർഷിക കണക്കിൽ കാണിച്ചിട്ടുള്ളത്. ആയത് ഈയിനത്തിൽ 2017-18 വർഷം പഞ്ചായത്തിനുണ്ടായ വരവ് നഷ്ടമാണ്. ആയത് സെക്രട്ടറിയിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4) മുറി വാടക കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

പഞ്ചായത്ത് 2017-18 ലെ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ കുടിശ്ശിക പിരിവ് പരിശോധിക്കുന്നതിന് സാധിക്കുകയില്ല. ആയത് തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കാമെന്നാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്.ആയത് ലഭ്യമാക്കേണ്ടതാണ്.

## 2-3 റിസോർട്ടുകൾക്ക് കുറഞ്ഞനിരക്കിൽ വസ്തുനികുതി ഈടാക്കുന്നു

എ) സ്റ്റീം ഗാർഡൻ മൗണ്ട്യൻ റിസോർട്ട്,കുന്നമ്പറ്റ

2017-18 ലെ ഡി& ഒ ലൈസൻസ് അപേക്ഷ ,2015-16 ലെ റിസോർട്ട് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ശ്രീ. കെ.വി ജോസഫ് ,കുമ്പളോലിൽ,നടക്കാവ്,ശ്രീമതി മേരി ജോസഫ് തുടങ്ങിയവരുടെ ഉടമസ്ഥതയിലുള്ള സ്റ്റീം ഗാർഡൻ മൗണ്ട്യൻ റിസോർട്ട് എന്ന സ്ഥാപനത്തിന് ( കെട്ടിട നമ്പർ-16/405 ,16/407മുതൽ 410 വരെ ) റിസോർട്ട് ലൈസൻസ് നൽകിയിട്ടുണ്ട്. 22.12.18ന് നടത്തിയ സ്ഥല പരിശോധന വേളയിൽ കുന്നമ്പറ്റ പുഷ്പ എസ്റ്റേറ്റ് റോഡിൽ സ്റ്റീം ഗാർഡൻ മൗണ്ട്യൻ റിസോർട്ട്,കുന്നമ്പറ്റ എന്ന ബോർഡ് വെച്ചതായും കണ്ടു. എന്നാൽ ഈ കെട്ടിടങ്ങളെ ഹോംസ്റ്റേ ആയിട്ടാണ് ( ഫോം . 6 പ്രകാരം ചതുരശ്രമീറ്ററിന് 60/- രൂപ നിരക്കിൽ) വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. ഈ കെട്ടിടങ്ങൾക്ക് താഴെപ്പറയും പ്രകാരം പഞ്ചായത്ത് റിസോർട്ടുകൾക്ക് നിശ്ചയിച്ചിട്ടുള്ള ചതുരശ്രമീറ്ററിന് 90/- രൂപ അടിസ്ഥാന നിരക്കിൽ വസ്തു നികുതി പുതുക്കി

നിർണ്ണയിക്കേണ്ടതാണ്.

| | കെട്ടിടനം& നില | തറ വിസ്തീർണ്ണം (m2) | നിർണ്ണയിച്ച വസ്തു നികുതി | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി |
|---|---|---|---|---|
| 1 | 16/405 | 42 | ഭൂനിരപ്പ് നില-246.44 ച.മി ഉപയോഗക്രമം -ഹോംസ്റ്റേ. അടിസ്ഥാന നിരക്ക്-60/-രൂപ-വർദ്ധനവ്(എയർ കണ്ടീഷനിംഗ് )-10%.<br>ഇളവുകൾ<br>മേൽക്കൂര-10%<br>മേഖല -10%<br>ലൈബ്രറിസെസ്-5 %.<br>നിർണ്ണയിച്ച വസ്തുനികുതി=13056/-<br>ലൈബ്രറിസെസ്-653/-<br>ആകെ- 13709/-<br>(2016 ഒന്നാം അർദ്ധ വർഷം മുതൽ) | ഫോം-6 പ്രകാരം ഭൂനിരപ്പ് നിലയുടെ - വിസ്തീർണ്ണം-246.44ച.മീ<br>അടിസ്ഥാന നിരക്ക്-90/-രൂപ.<br>വർദ്ധനവ്(എയർ കണ്ടീഷനിംഗ് )-10%.<br>ഇളവുകൾ<br>മേൽക്കൂര-10%<br>മേഖല -10%<br>ഈടാക്കേണ്ട വസ്തുനികുതി= 246.44 x.9x90=19,962/-<br>ലൈബ്രറി സെസ് 5%=998/-<br>ആകെ-20960/- |
| 3 | 16/407 | 51.11 | | |
| 4 | 16/408 | 51.11 | | |
| 5 | 16/409 | 51.11 | | |
| 6 | 16/410 | 51.11 | | |

ഈ കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചതിൽ 7251/-രൂപയുടെ കുറവുണ്ട്(20960-13709). ആയതിൽ വസ്തുനികുതി കുറവ്-6906/- .ലൈബ്രറി സെസ് കുറവ്-345/-.അതുകൊണ്ട് ആയത് കെട്ടിടത്തിന് വസ്തു നികുതി നിർണ്ണയിച്ച 2016-17 ഒന്നാം അർദ്ധവർഷം മുതൽ അതാതാ കാലത്തെ സെക്രട്ടറിമാരിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ആകെ നഷ്ടം-7251x2=14502/-രൂപ( 2016-17,2017-18)

ഈ റിസോർട്ടിലെ കെട്ടിടങ്ങൾക്ക് കുറഞ്ഞതരം മേൽക്കൂര എന്ന് കാണിച്ച് അടിസ്ഥാന വസ്തുനികുതി നിരക്കിൽ 10 % ഇളവ് നൽകിയിട്ടുണ്ട് ( ഫോം . 6 പ്രകാരം). അപ്രകാരമുള്ള ഇളവിന് അർഹതയുണ്ടോയെന്ന് കൂടി പരിശോധിച്ച് നടപടിയെടുക്കേണ്ടതാണ്.

ബി)കോഫീ ആരോമ റിസോർട്ട് ,കുന്നമ്പറ്റ

2017-18 ലെ ഡി& ഒ ലൈസൻസ് അപേക്ഷ പരിശോധിച്ചതിൽ ശ്രീ. സുരേന്ദ്രമോഹൻ എന്നവരുടെ ഉടമസ്ഥതയിലുള്ള കോഫീ ആരോമ റിസോർട്ട്,കുന്നമ്പറ്റ എന്ന

സ്ഥാപനത്തിന് ( കെട്ടിട നമ്പർ-16/393 മുതൽ 400 വരെ ) റിസോർട്ട് ലൈസൻസ് നൽകിയിട്ടുണ്ട്. 22.12.18ന് നടത്തിയ സ്ഥല പരിശോധന വേളയിൽ കുന്നമ്പറ്റ പുഷ്പ എസ്റ്റേറ്റ് റോഡിൽ കോഫീ ആരോമ റിസോർട്ട്,കുന്നമ്പറ്റഎന്ന ബോർഡ് വെച്ചതായും കണ്ടു. എന്നാൽ ഈ റിസോർട്ടിലെ 16/394 നമ്പർ കെട്ടിടത്തിന് (26.88 ച.മീ തറ വിസ്തീർണ്ണം) മാത്രമാണ് റിസോർട്ടിന്റെ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. മറ്റ് കെട്ടിടങ്ങളെ വാണിജ്യകെട്ടിടം,വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ് എന്നീ ഉപയോഗക്രമങ്ങളിൽ ഉൾപ്പെടുത്തിയാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. ഇത്തരത്തിൽ തെറ്റായി വസ്തുനികുതി നിർണ്ണയിച്ചതു മൂലം പഞ്ചായത്തിന് വൻ നികുതി നഷ്ടമാണുണ്ടായിട്ടുള്ളത്. ആയതിന്റെ വിശദാംശം താഴെപ്പറയുന്നു.

| | കെട്ടിടനം& നില | തറ വിസ്തീർണ്ണം (m2) | നിർണ്ണയിച്ച വസ്തു നികുതി(വ്യത്യസ്ത ഉപയോഗ ക്രമത്തിനായി കണക്കാക്കി) | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി |
|---|---|---|---|---|
| 1 | 16/393 | 29 | കെട്ടിട നം.16/393- ഉപയോഗക്രമം -വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ് അടിസ്ഥാന നിരക്ക്-15/- രൂപ- വസ്തുനികുതി-305/- ലൈബ്രറി സെസ് -16/- ആകെ-321/-<br>16/394-റിസോർട്ട്-90/-രൂപ നിരക്കിൽ വസ്തുനികുതി-1694/- ലൈബ്രറി സെസ് -85/- ആകെ-1779/-<br>16/395 മുതൽ 400 വരെ വാണിജ്യകെട്ടിടം. അടിസ്ഥാന നിരക്ക്-50/- രൂപ-<br>ഇളവുകൾ<br>മേൽക്കൂര-10%<br>മേഖല -20%<br>ലൈബ്രറിസെസ്-5 %.<br>നിർണ്ണയിച്ച | ഫോം-6 പ്രകാരം ഭൂനിരപ്പ് നിലയുടെ - വിസ്തീർണ്ണം- 252.74ച.മീ<br>അടിസ്ഥാന നിരക്ക്- 90/-രൂപ.<br>ഇളവുകൾ<br>മേൽക്കൂര-10%<br>മേഖല -10%<br>ഈടാക്കേണ്ട വസ്തുനികുതി= 252.74 x.8x90=18197/-<br>ലൈബ്രറി സെസ് 5%=910/-<br>ആകെ-19107/- |
| 3 | 16/394 | 26.88 | | |
| 4 | 16/395 | 23.65 | | |
| 5 | 16/396 | 33.48 | | |
| 6 | 16/397 | 33.48 | | |
| 7 | 16/398 | 33.48 | | |

| | | | | |
|---|---|---|---|---|
| | | | വസ്തുനികുതി=8891/- | |
| 8 | 16/399 | 49.29 | ലൈബ്രറിസെസ്-449/-<br>ആകെ- 9340/- | |
| 9 | 16/400 | 23.48 | ആകെ വസ്തുനികുതി-10890/-<br>ലൈബ്രറി സെസ്-550/-<br>(2013 ഒന്നാം അർദ്ധ വർഷം മുതൽ) | |

ഈ കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചതിൽ 7667/-രൂപയുടെ കുറവുണ്ട്(19107-11440). ആയതിൽ വസ്തുനികുതി-7307/-.ലൈബ്രറി സെസ്-360/-ആയത് കെട്ടിടത്തിന് വസ്തു നികുതി നിർണ്ണയിച്ച 2013-14 ഒന്നാം അർദ്ധവർഷം മുതൽ അതാത് കാലത്തെ സെക്രട്ടറിമാരിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
അതുകൊണ്ട് 2013-14 മുതലുള്ള ആകെ നഷ്ടം=7667x4=30668/-രൂപ

## 2-4 പഞ്ചായത്തിൽ അതീവ ഗൗരവതരമായ നിയമാനുസതമല്ലാത്ത നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നു- നിയമാനുസൃതമായ നടപടി സ്വീകരിക്കണം

സർക്കുലർ നം 12900/ആർ.എ1/15/തസ്വഭവ തിയ്യതി 02/12/15 പ്രകാരം കെട്ടിടനിർമ്മാണം, പൂർത്തീകരണം എന്നിവ സംബന്ധിച്ചുള്ള അപേക്ഷകളിൻ മേൽ എഞ്ചിനീയറിംഗ് വിഭാഗം വിശദമായ റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. ഈ റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വേ നം, വിസ്തീർണ്ണം, വില്ലേജ്, കൈവശകാശം, ഉപയോഗക്രമം, എഫ്.എ.ആർ, കവറേജ്, നിലകളുടെ എണ്ണം, പാർക്കിംഗ് സംബന്ധമായ കണക്കാക്കലുകൾ മുതലായവ സംബന്ധിച്ച വിശദമായ വിവരങ്ങൾ ഉണ്ടാകേണ്ടതാണെങ്കിലും ആയതൊന്നും ഓഡിറ്റിന് ഹാജരാക്കിയ കെട്ടിട നിർമ്മാണ ഫയലുകളിൽ ലഭ്യമല്ല. ആയതിനാൽ 22.12.18 ന് പഞ്ചായത്ത് അധികൃതരോടൊപ്പം ഏതാനും കെട്ടിടങ്ങളിൽ സ്ഥലപരിശോധന നടത്തി. നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ 2011ലെ കേരളപഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അധ്യായം 22 പ്രകാരം ക്രമവത്ക്കരണം നടത്തുകയോ അത് സാധ്യമല്ലെങ്കിൽ പൊളിച്ചുകളയേണ്ടതുമാണ്. ആയതിനാൽ കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235എഎ പ്രകാരം പണി പൂർത്തിയാക്കിയ തിയ്യതി മുതൽ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തു നികുതിയും അതിന്റെ രണ്ടിരട്ടിയും ചേർന്നുള്ള തുക ഈടാക്കേണ്ടതാണ്.സ്ഥല പരിശോധന വേളയിൽ പഞ്ചായത്തിൽ നിയമാനുസൃതമല്ലാത്ത നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്നതായി ബോധ്യപ്പെട്ടു. വിശദാംശങ്ങൾ താഴെപ്പറയുന്നു.

1)ശ്രീ .അബ്ദുൾഖാദർ, ശ്രീ .അബ്ദുൾ ഗഫൂർ എന്നിവരുടെ ഉടമസ്ഥതയിലുള്ള ഫാമിലി

വെഡ്ഡിംഗ് സെന്റർ എന്ന കെട്ടിടം.( കെട്ടിട നം.5/919 മുതൽ 5/921 വരെ). പൂർത്തീകരണപ്ലാൻ സമർപ്പിച്ച തീയതി-29.08.16

അപാകതകൾ

എ) പഞ്ചായത്തിൽ സമർപ്പിച്ച പൂർത്തീകരണപ്ലാൻ പ്രകാരം ഈ കെട്ടിടത്തിന് തറ നിലയടക്കം മൂന്ന് നിലകളാണുള്ളതെങ്കിലും നാല് നിലകൾ പണിതിട്ടുണ്ട്

ബി)പഞ്ചായത്ത് നൽകിയ കെട്ടിട പെർമ്മിറ്റ് (നം.444/15-16 തീയതി 12.04.16) പ്രകാരം സ്റ്റെയർ റൂം,വാട്ടർ ടാങ്ക് എന്നിവയടക്കം കെട്ടിടത്തിന്റെ പരമാവധി ഉയരം 10 മീറ്ററെ പാടുള്ളു. (ആയത് ബഹു വയനാട് ജില്ലാ ദുരന്ത നിവാരണഅതോരിറ്റി തലവന്റെ 30.06.15ലെ 2014/21178/12/H3 .ഉത്തരവ് പ്രകാരം മേപ്പാടി ഗ്രാമമപഞ്ചായത്തിലെ കെട്ടിടങ്ങളുടെ പരമാവധി നില മൂന്നും ഉയരം 10 മീറ്ററുമാണ്).പെർമ്മിറ്റ് പ്രകാരം കെട്ടിടത്തിന്റെ ഉയരം 9.95 മീറ്റർ . എന്നാൽ നിലവിൽ കെട്ടിടത്തിന്റെ ഉയരം 13 മീറ്ററിൽ കൂടുതലും നാല് നിലയുമാണ്.

സി) നിയമാനുസൃതമല്ലാതെ പണിത മേൽക്കൂര ഷീറ്റിട്ട മൂന്നാം നിലയിൽ-( തറ നിലയടക്കം നാലാം നില) മുന്ന് ടോയ് ലറ്റുകൾ പണിതിട്ടുണ്ടെങ്കിലും മറ്റു നിലകളിൽ ടോയ് ലറ്റുകളൊന്നും പണിതിട്ടില്ല.(2011ലെ കേരളപഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടത്തിലെ ചട്ടം 56ന് വിരുദ്ധം).

ഡി) നിയമാനുസൃതമായ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടില്ല

പൂർത്തീകരണപ്ലാൻ പ്രകാരം കെട്ടിടത്തിന്റെ കാർപ്പറ്റ് വിസ്തീർണ്ണം 411.63 ച.മീ(നിയമാനുസൃതമല്ലാതെ നിർമ്മിച്ച മൂന്നാം നില കണക്കാക്കാതെ). 2011ലെ കേരളപഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടത്തിലെ ചട്ടം 38പ്രകാരം ആവശ്യമായ കാർ പാർക്കിംഗ്=411.63/75=6 പാർക്കിംഗ് യൂണിറ്റ് .( രണ്ട് സ്കൂട്ടർ പാർക്കിംഗ് പുറമെ വേണം)

കെട്ടിടത്തിന്റെ മുൻഭാഗത്തെ പാർക്കിംഗ് സ്ഥലത്തിന്റെ അളവ് ഇപ്രകാരമാണ്

നീളംx വീതി-17.6 മീ.( 3.6 മീ. ഡ്രൈവേ അടക്കം)x3.6മീ.

ഈ സ്ഥലത്ത് ലഭ്യമായ പാർക്കിംഗ്-14/2.7=5പാർക്കിംഗ്

കെട്ടിടത്തിന്റെ ഇടത് ഭാഗത്ത് പാർക്കിംഗിനായി കാണിച്ചിട്ടുള്ള സ്ഥലത്തിന് 4 മീറ്റർ വീതി മാത്രമാണുള്ളത്.അവിടെ വാഹനം പാർക്ക് ചെയ്താൽ തിരിക്കാൻ സാധ്യമല്ലാത്തതിനാൽ വാഹനം പാർക്ക് ചെയ്യാൻ പറ്റില്ല.

ഈ കെട്ടിടത്തിന് ഈടാക്കേണ്ട വസ്തു നികുതി ഇപ്രകാരമാണ്.
നിലവിൽ ഈടാക്കുന്ന നികുതി – 44697/- രൂപ( ഫോം-6 പ്രകാരം)
അനധികൃത കെട്ടിടമായതിനാൽ ഈടാക്കേണ്ട നികുതി=44697x3=134091/- രൂപ
അതുകൊണ്ട് 2016-17 ഒന്നാം അർദ്ധ വർഷം മുതൽ ഈടാക്കേണ്ട നികുതി =89394/-രൂപ(134091-44697)
2017-18 വരെയുള്ള കുടിശ്ശിക=89394x2=178788/- രൂപ.

ഇതിനുപുറമേ നിയമാനുസൃതമല്ലാതെ നിർമ്മിച്ച മൂന്നാം നിലയ്ക്കും മേൽ പരാമർശിച്ച പ്രകാരം മൂന്നിരട്ടി വസ്തുനികുതി നിർണ്ണയിച്ച് അതാത് കാലത്തെ സെക്രട്ടറിമാരിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2)സെന്റ് ജോസഫ്സ് ഷോപ്പിംഗ് കോംപ്ലക്സ്, മേപ്പാടി

കെട്ടിട നിർമ്മാണ പെർമ്മിറ്റ്-A2-1548/13 -തീയതി-23.05.13

പൂർത്തീകരണപ്ലാൻ സമർപ്പിച്ച തീയതി-.25.04.2015

പൂർത്തീകരണ പ്ലാനിൽ കെട്ടിടത്തിന്റെ പുറക് വശത്തായി വാഹനം പാർക്കു ചെയ്യുന്നതിനായി കാണിച്ചിട്ടുള്ള സ്ഥലത്ത് നിയമാനുസൃതമല്ലാതെ രണ്ട് കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ഇവയ്ക്ക് മേൽ പരാമർശിച്ച പ്രകാരം മൂന്നിരട്ടി വസ്തുനികുതി നിർണ്ണയിച്ച് അതാത് കാലത്തെ സെക്രട്ടറിമാരിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്-പഞ്ചായത്തിന് വൻ വരുമാന നഷ്ടം.

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും)ചട്ടത്തിന്റെ അടിസ്ഥാനത്തിലുള്ള മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ 15.06.11 ലെ 84 ാം നമ്പർ തീരുമാന പ്രകാരം 100 m2 ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 60 /- രൂപയാണ്. മേൽ ചട്ടത്തിലെ 3 ാം ചട്ടത്തിലെ ഉപചട്ടം 2,5 എന്നിവ പ്രകാരം ഒരു പ്ലോട്ടിലെ പരസ്പരം ബന്ധപ്പെടുത്തി നിർമ്മിച്ച കെട്ടിടം, ഒരു കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾ ഒരേ ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടം എന്നിവയെ ഒറ്റ കെട്ടിടമായി കണ്ട് വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ ഇതിനു വിരുദ്ധമായി അടിസ്ഥാന നിരക്ക് 50/-രൂപ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച ഏതാനും കെട്ടിടങ്ങളുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

1) ശ്രീ .ഹംസ,തച്ചാർപടിക്കൽ,തീരുരങ്ങാടി എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടം.കെട്ടിട നമ്പർ-5/842 മുതൽ 5/858 വരെ

മേൽ സൂചന ഓഡിറ്റ് റിക്വസിഷൻ പ്രകാരവും നേരിട്ടും ആവശ്യപ്പെട്ടിട്ടും ഈ കെട്ടിടത്തിന്റെ പൂർത്തീകരണപ്ളാൻ, നമ്പറിംഗ് ഫയൽ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ഫോം-6 പ്രകാരം ഈ കെട്ടിടത്തിന് ഈടാക്കേണ്ട വസ്തുനികുതി ഇപ്രകാരമാണ്.

| | കെട്ടിടനം& നില | തറ വിസ്തീർണ്ണം (m2) | നിർണ്ണയിച്ച വസ്തു നികുതി | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി |
|---|---|---|---|---|
| 1 | 5/842 | 76.61 | ഭൂനിരപ്പ് നില- 279.8ച.മി ഉപയോഗക്രമം -ഷോപ്പ്. അടിസ്ഥാന നിരക്ക്-50/- | ഫോം-6 പ്രകാരം ഭൂനിരപ്പ് നിലയുടെ -വിസ്തീർണ്ണം- 279.8 |

| | | | | |
|---|---|---|---|---|
| 2 | 5/843 | 15.32 | രൂപ-വർദ്ധനവ്(വഴിസൗകര്യം)-20%. ലൈബ്രറിസെസ്-5 %.<br>നിർണ്ണയിച്ച വസ്തുനികുതി=16792/-<br>ലൈബ്രറിസെസ്-841/-<br>ആകെ-17633/- | ഈടാക്കേണ്ട വസ്തുനികുതി<br>അടിസ്ഥാന നിരക്ക്-60/-രൂപ. (വർദ്ധനവ്(വഴി സൗകര്യം)-20% ) =279.8 x60x1.2=20146/-<br>ലൈബ്രറി സെസ് 5%=1008/-<br>ആകെ-21154/- |
| 3 | 5/844 | 15.32 | | |
| 4 | 5/845 | 15.32 | | |
| 5 | 5/846 | 30.64 | | |
| 6 | 5/847 | 33.6 | | |
| 7 | 5/848 | 33.6 | | |
| 8 | 5/849 | 33.6 | | |
| 9 | 5/850 | 25.79 | | |
| 10 | 5/851 | 76.61 | ഒന്നാം നില- 279.8ച.മി ഉപയോഗക്രമം -ഷോപ്പ്. അടിസ്ഥാന നിരക്ക്-50/-രൂപ-വർദ്ധനവ്(വഴി സൗകര്യം)-20 %.ലൈബ്രറിസെസ്-5 %.<br>നിർണ്ണയിച്ച വസ്തുനികുതി=15957/-<br>ലൈബ്രറിസെസ്-801/-<br>ആകെ-16758/- | ഫോം-6 പ്രകാരം ഒന്നാം നില യുടെ - വിസ്തീർണ്ണം-279.8 ഈടാക്കേണ്ട വസ്തുനികുതി<br>അടിസ്ഥാന നിരക്ക്-60/-രൂപ. (വർദ്ധനവ്(വഴി സൗകര്യം)-20%) ,നില-ഇളവ്-5 %=279.8 x60x1.2=20146/-<br>നില-ഇളവ്-5%=1008/-<br>വസ്തുനികുതി-19138/-<br>ലൈബ്രറി സെസ് 5%=957/-<br>ആകെ-20095/- |
| 11 | 5/852 | 15.32 | | |
| 12 | 5/853 | 30.64 | | |
| 13 | 5/854 | 30.64 | | |
| 14 | 5/855 | 33.6 | | |
| 15 | 5/856 | 33.6 | | |

| | | | |
|---|---|---|---|
| 16 | 5/857 | 33.6 | |
| 17 | 5/858 | 25.79 | |

ഈ കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചതിൽ 6858/- രൂപയുടെ കുറവുണ്ട്(41249-34391). ആയതിൽ വസ്തു നികുതി-6535/-രൂപ.
ലൈബ്രറിസെസ്-323/-രൂപ

2) പാരിഷ് പ്രീസ്റ്റ് ഫാ. സെബാസ്റ്റ്യൻ, കറുക പറമ്പിൽ, സെന്റ് ജോസഫ് ചർച്ച് ,മേപ്പാടി എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടം.

ഫോം-6 പ്രകാരം കെട്ടിടത്തിന്റെ നമ്പർ- 06/882 മുതൽ 916 വരെ

കെട്ടിട പെർമ്മിറ്റ് -നം.എ-2-1548/13 തിയ്യതി 23.05.13 പ്രകാരം ഈ കെട്ടിടത്തിന് രണ്ട് നിലകളാണുള്ളത് .വിശദാംശം താഴെപ്പറയുന്നു.

| | |
|---|---|
| തറ നില | 493.63 ച.മീ |
| ഒന്നാം നില | 493.63 ച.മീ |
| സ്റ്റെയർ മുറി | 44.28 ച.മീ |
| ആകെ | 1031.54 ച.മീ |

പൂർത്തീകരണപ്ളാൻ പ്രകാരമുള്ള തറ വിസ്തീർണ്ണം

| | |
|---|---|
| തറ നില | 505.88 ച.മീ |
| ഒന്നാം നില | 505.88 ച.മീ |
| സ്റ്റെയർ മുറി | 45.70 ച.മീ |
| ആകെ | 1057.46 ച.മീ |

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും)ചട്ടം ഖണ്ഡിക 9(5) പ്രകാരം ബഹുനില വാണിജ്യകെട്ടിടങ്ങൾക്ക് ഒന്നാം നില മുതൽ ഉള്ളവയ്ക്ക് 5% വീതം ഇളവ് അനുവദിക്കാവുന്നതാണെങ്കിലും അപ്രകാരം ഇളവ് നൽകിയിട്ടില്ല. തറ നിലയിലെയും ഒന്നാം നിലയിലെയും മുറികൾ ഏതാണെന്ന് പൂർത്തീകരണപ്ളാനിലോ ഫോം-6 ലോ രേഖപ്പെടുത്തിയിട്ടില്ല.

പൂർത്തീകരണപ്ലാൻ പ്രകാരം ഈടാക്കേണ്ട വസ്തുനികുതി ഇപ്രകാരമാണ്.

എ) തറ നില

| | |
|---|---|
| തറ നില | 505.88 ച.മീ |
| നിർണ്ണയിക്കേണ്ട വസ്തുനികുതി | അടിസ്ഥാന നിരക്ക്-60/-രൂപ. (വർദ്ധനവ്(വഴി സൗകര്യം)-20% ) നിർണ്ണയിക്കേണ്ട വസ്തുനികുതി=505.88 x60x1.2=36423/-<br>ലൈബ്രറി സെസ് 5%=1821/- |

| | |
|---|---|
| | ആകെ-38,244/- |

ബി) ഒന്നാം നില

| | |
|---|---|
| ഒന്നാം നില | 505.88 ച.മീ |
| നിർണ്ണയിക്കേണ്ട വസ്തുനികുതി | അടിസ്ഥാന നിരക്ക്-60/-രൂപ. (വർദ്ധനവ്(വഴി സൗകര്യം)-20% ),നില ഇളവ് -5%<br><br>നിർണ്ണയിക്കേണ്ട വസ്തുനികുതി=505.88 x60x1.2=36424/-<br>നിലയിളവ്-5%-1822/-<br>വസ്തുനികുതി=34602/-<br><br>ലൈബ്രറി സെസ് 5%=1731/-<br><br>ആകെ-36333/- |

സി) സ്റ്റെയർ റൂം

| | |
|---|---|
| സ്റ്റെയർ റൂം | 45.70 ച.മീ |
| നിർണ്ണയിക്കേണ്ട വസ്തുനികുതി | അടിസ്ഥാന നിരക്ക്-60/-രൂപ. (വർദ്ധനവ്(വഴി സൗകര്യം)-20% ),നില ഇളവ് -10%<br><br>നിർണ്ണയിക്കേണ്ട വസ്തുനികുതി=45.70 x60x1.2=3291/-<br>നിലയിളവ്-10%-330/-<br>നിർണ്ണയിക്കേണ്ട വസ്തുനികുതി=2961/-<br><br>ലൈബ്രറി സെസ് 5%=149/-<br><br>ആകെ-3110/- |

കെട്ടിടത്തിന് നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി = 38244 +36333+3110=77687/- രൂപ.
നിലവിൽ കെട്ടിടത്തിന് നിർണ്ണയിച്ച വസ്തുനികുതി-65100/-

ലൈബ്രറിസെസ്-3255/-

ആകെ-68355/-

ഈ കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചതിൽ 9332/- രൂപയുടെ കുറവുണ്ട്.ആയതിൽ വസ്തുനികുതി-73986-65100=8886/- ലൈബ്രറിസെസ്-3701-3255=446/- രൂപ. ആയത് കെട്ടിടത്തിന് പൂർത്തീകരണപ്ലാൻ സമർപ്പിച്ച 25.04.15 മുതൽ അതാത് കാലത്തെ സെക്രട്ടറിമാരിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3) ശ്രീ ഹംസ ടി.പി,തച്ചരിപടിക്കൽ എന്നവരുടെ ഉടമസ്ഥതയിലുള്ള 21/317-A മുതൽ F വരെയുള്ള കെട്ടിടത്തിനും (ബി-4-ബിഎ-38128/17 ) 01.04.18 മുതൽ ഇത്തരത്തിൽ വസ്തുനികുതി കുറവായി നിർണ്ണയിച്ചതായി കാണുന്നു. ഈ കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ഫയൽ( ബി-4-6178/18) പരിശോധിച്ചതിൽ ഈ കെട്ടിടത്തിൽ നിയമാനുസൃതമല്ലാതെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടെന്ന് ബോധ്യപ്പെട്ടതിനാൽ സെക്രട്ടറി ബി-4-6178/18 തിയ്യതി 04.10.18 പ്രകാരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ പൊളിച്ച് നീക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. ആയതിനാൽ കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235എഎ പ്രകാരം പണി പൂർത്തിയാക്കിയ

02.07.18 മുതൽ നിയമാനുസൃതമല്ലാത്ത നിർമ്മാണ പ്രവർത്തനങ്ങൾ പൊളിച്ചു മാറ്റുന്ന തിയ്യതി വരെ ചതുരശ്രമീറ്ററിന് മീറ്ററിന് 180/- നിരക്കിൽ വസ്തു നികുതി അതാത് കാലത്തെ സെക്രട്ടറിമാരിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മേൽ പരാമർശിച്ച വാണിജ്യകെട്ടിടങ്ങൾ ഉൾപ്പെടെ കുറവായി വസ്തുനികുതി നിർണ്ണയിച്ച 100 m2 ന് മുകളിൽ തറ വിസ്തീർണ്ണമുള്ള പഞ്ചായത്തിലെ മുഴുവൻ വാണിജ്യകെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 60 /- രൂപ നിരക്കിൽ വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിന് വിശദമായ റിപ്പോർട്ട് നൽകേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കാർഷിക സമിതിക്ക് മെതിയന്ത്രം - പവ്വർ ടില്ലർ വിതരണം - ഗുണഭോക്തൃ വിഹിതം ചെലവഴിച്ചില്ല- തുക സഞ്ചിത നിധിയിലൊടുക്കി.

കാർഷിക സമിതിക്ക് മെതിയന്ത്രം പവ്വർ ടില്ലർ വാങ്ങി നൽകുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

പ്രോജക്ട്.നം - S- 119 /18

പ്രോജക്ടിന്റെ പേര്- കാർഷിക സമിതിക്ക് മെതിയന്ത്രം , പവ്വർ ടില്ലർ

അടങ്കൽ - 3,77,000/- (വികസന ഫണ്ട്- ജനറൽ)

ചെലവ് - 3,25,000/-

ബിൽ നം/തിയ്യതി- 3/17-18/27.01.18 – 1,62,500/-

ബിൽ നം/തിയ്യതി- 9/17-18/23.03.18 – 1,62,500/-

ഗ്രാമപഞ്ചായത്തിലെ രജിസ്റ്റർ ചെയ്ത വെള്ളിത്തോട്, കുഴിവയൽ എന്നീ പാടശേഖര സമിതികൾക്കാണ് ടില്ലർ വിതരണം ചെയ്തിട്ടുള്ളത്. ഒരു പവ്വർ ടില്ലറിന് 162500 രൂപ ക്രമത്തിൽ രണ്ടെണ്ണം വാങ്ങിയതിന് കെയ്കോ എന്ന സ്ഥാപനത്തിന് തുക നൽകി. സ.ഉ (എം.എസ്) 80/2017/ത.സ്വ.ഭ.വ തിയ്യതി 03.04.2017 പ്രകാരം കാർഷിക ഉപകരണങ്ങൾ വാങ്ങുന്നതിന് 90% സബ്സിഡിയും 10% ഗുണഭോക്തൃ വിഹിതവുമാണ് വകയിരുത്തേണ്ടത്. ഇപ്രകാരം പവ്വർ ടില്ലറിന് പദ്ധതി വിഹിതമായി 146250 രൂപയും ഗുണഭോക്തൃ വിഹിതമായി 16250 രൂപയും സഹിതം 162500ചെലവഴിക്കാവുന്നതാണ്. എന്നാൽ 100% പദ്ധതി തുക ട്രഷറിയിൽ നിന്നുമാണ് പിൻവലിച്ചത്. ഗുണഭോക്താക്കളിൽ നിന്നും പിരിച്ച തുക ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. ഈ തുക പദ്ധതിക്കായി ഉപയോഗിച്ചിട്ടില്ല. നിലവിൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ ഈ തുക സൂക്ഷിച്ചിട്ടുണ്ട്. മേൽ അപാകതയ്ക്ക് ഓഡിറ്റ് എൻക്വയറി നം. 3 /17-18 തീയ്യതി 11.12.2018 നൽകിയതിന് തുക തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് സഞ്ചിത നിധിയിലൊടുക്കി ചലാൻ ഹാജരാക്കിയിട്ടുണ്ട്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

## **3-2** ആട് വളർത്തൽ (പട്ടിക വർഗ്ഗം)- പദ്ധതി സ്പിൽ ഓവറാക്കി നടപ്പാക്കിയതിനുള്ള കാരണം വ്യക്തമല്ല.

പട്ടിക വർഗ്ഗ വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് ആടിനെ വിതരണം ചെയ്യുന്നതിന് 2016-17 ലെ പദ്ധതി ഓഡിറ്റ് വർഷം സ്പിൽ ഓവർ പദ്ധതിയായി നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

പ്രോജക്ട നം - S-144/18

പ്രോജക്ടിന്റെ പേര്- ആട് വളർത്തൽ (എസ്.ടി)

അടങ്കൽ - 20,99,800 ( ടി.എസ്.പി -15,69,400 + ഗു.വി- 5,30,400)

ചെലവ് - 4,00,000 ( പദ്ധതി – 3,00,000+ ഗു.വി- 1,00,000)

ബിൽ നം/ തിയ്യതി - 6/17-18/23.07.17 – 3,00,000
നിർവ്വഹണ ഉദ്യോഗസ്ഥൻ – സീനിയർ വെറ്ററിനറി സർജൻ

2016-17 ലെ സബ്സിഡി മാർഗ്ഗരേഖ (സ.ഉ.(എം.എസ് ).4/16/ത.സ്വ.ഭ.വ തിയ്യതി 11.1.16 ) പ്രകാരം 75% സബ്സിഡിയും ബാക്കി ഗുണഭോക്തൃ വിഹിതവുമാണ്. പരമാവധി സബ്സിഡിയായി 15,000 രൂപ ഗുണഭോക്താക്കൾക്ക് നൽകാവുന്നതുമാണ്. കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രം മുഖേന വാങ്ങുന്നതിനാണ് ഇതിനായി രൂപീകരിച്ചിട്ടുള്ള വാങ്ങൽ സമിതി തീരുമാനിച്ചിട്ടുള്ളത്. 2016-17 ൽ പദ്ധതി നടപ്പാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. എന്നാൽ 2017-18 ൽ ആടുകളെ വാങ്ങിയത് ബ്രഹ്മഗിരി ഡവലപ്മെന്റ് സൊസൈറ്റിയിൽ നിന്നുമാണ്. 20 ഗുണഭോക്താക്കൾ 3 വീതം ആടുകളെ വാങ്ങുകയും ഇവയെ ഇൻഷൂർ ചെയ്തിട്ടുമുണ്ട്. കുറഞ്ഞത് മൂന്ന് ആടുകളുള്ള ഒരു യൂണിറ്റിന് 20000 നിരക്കിൽ ( 15,000 പദ്ധതി വിഹിതവും, 5,000 രൂപ ഗുണഭോക്തൃ വിഹിതവും) 60 ആടുകളെ വിതരണം ചെയ്തതിന് മേൽ സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം നിർവ്വഹണ ഉദ്യോഗസ്ഥൻ പിരിച്ച് സ്ഥാപനത്തിൽ ഒടുക്കുകയാണ് ചെയ്തിട്ടുള്ളത്.

ഈ പദ്ധതിയിൽ ആടുകളെ വാങ്ങുന്നതിന് ബ്രഹ്മഗിരി ഡവലപ്മെന്റ് സൊസൈറ്റിയുമായി കരാർ വെച്ചത് 12.06.17 നും ആടുകളെ വിതരണം ചെയ്ത് ബിൽ സമർപ്പിച്ചത് (ബിൽ നം.1327) 13.06.17 നുമാണ്. 2016-17 ൽ പദ്ധതി നടപ്പാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിക്കാതെ മേൽ പദ്ധതി സ്പിൽ ഓവർ ആക്കിയതിന് വിശദീകരണം നൽകുന്നതിന് ഓഡിറ്റ് എൻക്വയറി നെ.5/17-18 തിയ്യതി 15.12.2018 നൽകിയിതിന് തൃപ്തികരമായ മറുപടി നൽകിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## **3-3** അങ്കണവാടി കുട്ടികൾക്ക് കളിപ്പാട്ടം- വിതരണം ചെയ്യാത്ത കളിപ്പാട്ടങ്ങൾക്ക് തുക നൽകി.

ഐ.സി.ഡി.എസ് സൂപ്പർവൈസർ അങ്കണവാടി കുട്ടികൾക്ക് കളിപ്പാട്ടം എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി കളിപ്പാട്ടങ്ങൾ വിതരണം ചെയ്തിട്ടില്ല. പദ്ധതിയുടെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

പ്രോജക്ട്.നം - S- 67/18

പ്രോജക്ടിന്റെ പേര്- അങ്കണവാടി കുട്ടികൾക്ക് കളിപ്പാട്ടം

അടങ്കൽ - 4,00,000/- (വികസന ഫണ്ട്- ജനറൽ)

ചെലവ് - 3,99,527/-

ബിൽ നം/തിയ്യതി- 10/17-18/28.03.18 – 3,99,527/-

ഗ്രാമ പഞ്ചായത്തിലെ വിവിധ അങ്കണവാടികളിൽ കളിയുപകരണങ്ങളായ സ്ലൈഡർ, ഊഞ്ഞാൽ, 3 വീൽ സൈക്കിൾ, ഫൈബർ സ്ലൈഡർ , സീസോ എന്നിവ വാങ്ങുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കാഞ്ഞങ്ങാട് കളേഴ്സ് ഗിഫ്റ്റ്സ് ആന്റ് കിഡ്സ് കളക്ഷൻ എന്ന സ്ഥാപനത്തെ 06.03.18 ലെ 4/04(10)/18 നം തീരുമാനം പ്രകാരം തെരഞ്ഞെടുത്തു. കളിപ്പാട്ടങ്ങൾ വിതരണം ചെയ്യാതെ തന്നെ ബിൽ പ്രകാരമുള്ള തുക കരാറുകാരന് നൽകി. കളിപ്പാട്ടങ്ങളുടെ വില, എണ്ണം എന്നിവ കാണിക്കുന്ന പത്രിക താഴെ കൊടുക്കുന്നു.

| ക്രമ.നം | കളിപ്പാട്ടത്തിന്റെ തരം | എണ്ണം | വില | ആകെ |
|---|---|---|---|---|
| 1 | ഊഞ്ഞാൽ | 64 | 794 | 50,816 |
| 2 | ട്രൈ സൈക്കിൾ(1) | 32 | 1374 | 43,968 |
| 3 | ട്രൈ സൈക്കിൾ(2) | 32 | 1275 | 40,800 |
| 4 | സ്ലൈഡർ | 32 | 5999 | 1,91,968 |
| 5 | സീസോ | 24 | 3000 | 72,000 |
| | | | ആകെ | 3,99,552 |

കളിയുപകരണങ്ങൾ നാളിതുവരെ അങ്കണവാടികൾക്ക് വിതരണം ചെയ്തിട്ടില്ല. കരാറുകാരനുമായി നിയമ പ്രകാരമുള്ള കരാറുടമ്പടി വെച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി നം. 6/17-18 തിയ്യതി 15.12.2018 ന് നൽകിയ മറുപടിയിൽ അപാകത സംഭവിച്ചത് പരിചയക്കുറവ് കൊണ്ടാണെന്നും കളിപ്പാട്ടങ്ങൾ ഇറക്കി സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 3/18 ന് തുക നൽകിയെങ്കിലും ഓഡിറ്റ് കാലയളവിലും (12/18 ന്) കളിപ്പാട്ടങ്ങൾ ലഭ്യമാക്കാത്തതിലേയ്ക്ക് അധികൃതരുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. വിതരണം ചെയ്യാത്ത കളിപ്പാട്ടങ്ങൾക്ക് അനുവദിച്ച തുക 3,99,527 രൂപ നിരാകരിക്കുന്നു.

## 3-4 പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് പ്രവർത്തന ക്ഷമമാക്കിയിട്ടില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു.

ഹരിത കർമ്മ സേനയുടെ ഭാഗമായി ശേഖരിക്കുന്ന പ്ലാസ്റ്റിക്കുകൾ ഷ്രെഡ്ഡ് ചെയ്യുന്നതിനായി പദ്ധതി തയ്യാറാക്കുകയും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് വാങ്ങുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയായി പ്രവർത്തനം തുടങ്ങിയില്ല. പദ്ധതിയുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

പ്രോജക്ട്.നം - S- 411/18

പ്രോജക്ടിന്റെ പേര്- ഹരിത കേരളം- പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ്

അടങ്കൽ - 4,50,000/- (വികസന ഫണ്ട്- ജനറൽ)

ചെലവ് - 3,85,000/-

ബിൽ നം/തിയ്യതി- 20/VEO/17-18/31.03.18 – 3,85,000/-
നിർവ്വഹണ ഉദ്യോഗസ്ഥൻ – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ഗ്രാമ പഞ്ചായത്തിലെ പ്ലാസ്റ്റിക് മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് വേണ്ടി ഷ്രെഡ്ഡിംഗ് യൂണിറ്റ് വാങ്ങി സ്ഥാപിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ക്ലീൻ കേരള കമ്പനിയുടെ സ്പെസിഫിക്കേഷൻ പ്രകാരം ടെണ്ടർ ക്ഷണിച്ചു. റീ-ടെണ്ടർ നടത്തിയതിൽ 2 സ്ഥാപനങ്ങൾ പങ്കെടുക്കുകയും 20.03.18 ലെ ഭരണ സമിതി തീരുമാനം പ്രകാരം ആലുവ പ്രകൃതി എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും സപ്ലൈ ഓർഡർ നൽകുകയും ചെയ്തു. യന്ത്ര സാമഗ്രികൾ വിതരണം ചെയ്ത് സ്ഥാപിച്ച് പ്രവർത്തന ക്ഷമമാക്കി ബിൽ സമർപ്പിച്ചതിന്റെ മുറയ്ക്ക് സ്ഥാപനത്തിന് തുക അനുവദിച്ചു. എന്നാൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ല. ഹരിത കർമ്മ സേന പ്ലാസ്റ്റിക് ശേഖരിക്കാൻ തുടങ്ങാത്തതിനാലാണ് ഷ്രെഡ്ഡിംഗ് ആരംഭിക്കാതിരുന്നത്. കർമ്മ സേനയുടെ പ്രവർത്തനത്തിനായി 2018-19 വർഷത്തിൽ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ പ്രാരംഭ പ്രവർത്തനങ്ങൾ ചെയ്യാതെ ഷ്രെഡ്ഡിംഗ് യൂണിറ്റ് വാങ്ങിയത് ശരിയായ നടപടിയല്ല. ഷ്രെഡ്ഡിംഗ് യൂണിറ്റിന് ചെലവഴിച്ച തുക 3,85,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. യൂണിറ്റ് പ്രവർത്തന സജ്ജമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-5 വിവിധ ഭവന പദ്ധതികളിൽ മുൻകൂർ തുക അനുവദിച്ചിട്ടും പ്രവൃത്തി ആരംഭിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ തൻവർഷം ഇ.എം.എസ് ഭവന പദ്ധതി, സംപൂർണ്ണ ഭവന പദ്ധതി, ലൈഫ് മിഷൻ പദ്ധതി എന്നിവ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുണ്ട്. വിവിധ ഭവന പദ്ധതികളിൽ മുൻകൂർ തുക അനുവദിച്ചിട്ടും ഗുണഭോക്താക്കൾ പ്രവൃത്തി ആരംഭിച്ചിട്ടില്ല. ഇ.എം.എസ് ഭവന പദ്ധതി, സംപൂർണ്ണ ഭവന പദ്ധതി എന്നിവയ്ക്കായി ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ നിന്നും ഭവന പൂർത്തീകരണത്തിനായി തുക ചെക്ക് വഴിയും ലൈഫ് ഭവന പദ്ധതിക്കായി ട്രഷറിയിൽ നിന്നും തുക മാറി നൽകിയിട്ടുണ്ട്. മുൻ വർഷങ്ങളിലെ ഭവന പദ്ധതിക്കായും ഭവന പൂർത്തീകരണത്തിനായി ലൈഫ് മിഷൻ

പദ്ധതിയിലും മുൻകൂർ വാങ്ങിയിട്ടും പ്രവൃത്തി ആരംഭിച്ചിട്ടില്ല. ഇതിന്റെ ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ.നം | ഗുണഭോക്താവിന്റെ പേര് | ഭവന പദ്ധതിയുടെ പേര് | മുൻകൂർ കൈപ്പറ്റിയ തുക ചെക്ക് നം/ തിയ്യതി (മറ്റ് പദ്ധതി കളിൽ)) | ലൈഫ് ഭവനം കൈപ്പറ്റിയ തുക/ തിയ്യതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | രമാദേവി പടിഞ്ഞാറേക്കരയിൽ | എസ്.സി ഭവന നിർമ്മാണം | 80,000 1151/2.6.14 | 1,00,000 22.3.18 | യാതൊരു പ്രവൃത്തിയും ആരംഭിച്ചിട്ടില്ല |
| 2 | രാജേശ്വരി എസ്.ആർ എസ്റ്റേറ്റ് | ,, | 80,000 1152/16.6.14 | 80,000 26.4.18 | യാതൊരു പ്രവൃത്തിയും ആരംഭിച്ചിട്ടില്ല |
| 3 | രഞ്ജിത സുരേഷ് ഭാവനാ നിവാസ് | | 20,000 802/26.314 | 50,000 28.3.18 | യാതൊരു പ്രവൃത്തിയും ആരംഭിച്ചിട്ടില്ല |
| 4 | അന്നത്ത് നൗഫൽ ചൂരൽമല | ജനറൽ ഭവന നിർമ്മാണം | 20000 813/26.3.14 | - | ലൈഫിൽ തുക അനുവദിച്ചിട്ടില്ല. |
| 5 | ആമിന അലവി | | 80000 844/31.314 | | ലൈഫിൽ തുക അനുവദിച്ചിട്ടില്ല. |
| 6 | സൗജത്ത് മുഹമ്മദലി മുണ്ടക്കൈ | | 80000 803/26.3.14 | | ലൈഫിൽ തുക അനുവദിച്ചിട്ടില്ല. |
| 7 | സജിത മുഹമ്മദ് കോട്ടനാട് | | 20000 917/27.5.14 | | ലൈഫിൽ തുക അനുവദിച്ചിട്ടില്ല. |
| 8 | ഷെമീറ നെല്ലിമുണ്ട | സംപൂർണ്ണ ഭവന പദ്ധതി | 20000 3168/7.4.14 | | ലൈഫിൽ തുക അനുവദിച്ചിട്ടില്ല. |
| 9 | രഞ്ജിനി സന്തോഷ് അട്ടമല | | 20000 3182/19.4.14 | | ലൈഫിൽ തുക അനുവദിച്ചിട്ടില്ല. |
| 10 | കുഞ്ഞാപ്പ അബ്ദുറഹമാൻ പുത്തുമല | | 20000 4772/1.11.14 | | ലൈഫിൽ തുക അനുവദിച്ചിട്ടില്ല. |
| 11 | രാമൻ ഓടത്തോട് | ഇ.എം.എസ് ഭവന പദ്ധതി | 20000 2875/31.3.10 | | ലൈഫിൽ തുക അനുവദിച്ചിട്ടില്ല. |
| 12 | റംലത്ത് മുണ്ടക്കൈ | | 30,000 7433/22.6.11 | 1,00,000 23.03.18 | യാതൊരു പ്രവൃത്തിയും ആരംഭിച്ചിട്ടില്ല |

ഇപ്രകാരം ഗുണഭോക്താക്കൾ ലൈഫിലും മുൻ പദ്ധതികളിലും മുൻകൂർ കൈപ്പറ്റുകയും പ്രവൃത്തികൾ

നടത്താത്തതായും കണ്ടു. ഇവർക്കെതിരെ യാതൊരു നടപടിയും സ്വീകരിച്ചതായി ഫയലിൽ രേഖകളില്ല. നടപടികൾ സ്വീകരിച്ച് പുരോഗതി വിവരം അറിയിക്കേണ്ടതാണ്.

## 3-6 ഫിസിയോ തെറാപ്പിസ്റ്റിന് ഹോണറേറിയം നല്കിയതിലെ അപാകതകൾ

പ്രൊജക്ട് നം.37/18 ഫിസിയോ തെറാപ്പിസ്റ്റിന് ഹോണറേറിയം

അടങ്കൽ- 180,000/-( തനത് ഫണ്ട്)
നിർവ്വഹണ ഉദ്യോഗസ്ഥൻ – ഹെഡ് മാസ്റ്റർ

ഈ പദ്ധതിയിൽ ഫിസിയോ തെറാപ്പിസ്റ്റിന് ഹോണറേറിയമായി പ്രതിമാസം 15000/- രൂപ തോതിൽ തുക നല്കിയിട്ടുണ്ട്. എന്നാൽ സബ്സിഡി മാർഗ്ഗരേഖ (ജി.ഒ.എം.എസ്. 80/17/3.4.17 /ത.സ്വ.ഭ.വ.) ഖണ്ഡിക 10.4. ന് താഴെ കുറിപ്പുകളിൽ ക്രമ നം.6 പ്രകാരം ഫിസിയോ/ സ്പീച്ച് തെറാപ്പിസ്റ്റിന് അവർ യഥാർഥ സേവനം നല്കുന്ന ഓരോ ദിവസത്തിനും 400/- രൂപ തോതിൽ ഹോണറേറിയം നല്കാവുന്നതാണ്. പ്രതിമാസ ഹോണറേറിയം പരാമർശിച്ച കാണുന്നില്ല. അപാകത സംബന്ധിച്ച് വിശദീകരണം നല്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ 21തീയതി 19.12.18.) മറുപടി നല്കിയിട്ടില്ല. അധികനിരക്കിൽ നല്കിയ ഹോണറേറിയം തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-7 തുടർ വിദ്യാഭ്യാസ പദ്ധതി - മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത ഇനങ്ങൾക്കായി ചെലവ്.

പ്രൊജക്ട് നം.36/18 തുടർ വിദ്യാഭ്യാസ പദ്ധതി
അടങ്കൽ-50,000/- (തനത് ഫണ്ട്)
നിർവ്വഹണ ഉദ്യോഗസ്ഥൻ – ഹെഡ് മാസ്റ്റർ

ഈ പദ്ധതിക്കായിക്കായി താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

ചെക്ക് നം. 1819392/ 28.3.18 - 4940/-രൂപ

ചെക്ക് നം. 1819376/ 24.2.18 - 18889/-രൂപ

ആകെ - 23829/- രൂപ

ഭക്ഷണച്ചെലവ് , പ്രിന്റിംഗ് എന്നീ ഇനങ്ങളിലെ ചെലവുകളാണിവ.എന്നാൽ സബ്സിഡി മാർഗ്ഗരേഖ (ജി.ഒ.എം.എസ്. 80/17/3.4.17 /ത.സ്വ.ഭ.വ.) ഖണ്ഡിക 24 പ്രകാരം പഠിതാക്കളുടെ രജി.ഫീസ് , കോഴ്സ് ഫിസ്, പരീക്ഷ ഫീസ് എന്നീ ചെലവുകൾക്കാണ് തുക അനുവദിക്കാവുന്നത്.

അപാകത സംബന്ധിച്ച് വിശദീകരണം നല്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ 21തീയതി 19.12.18.) മറുപടി നല്കിയിട്ടില്ല. വിശദീകരണത്തിന്റെ

അഭാവത്തിൽ ചെലവ് തുക 23829/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-8 അസി. സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

എ) പൊതുവായ അപാകതകൾ

ഓഡിറ്റിന് ഹാജരാക്കിയ ക്യാഷ് ബുക്കുകൾ പരിശോധിച്ചതിൽ രേഖകൾ തൃപ്തികരമായി സൂക്ഷിക്കുന്നതായി കാണുന്നില്ല. വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു.

ഓഡിറ്റിന് ഹാജരാക്കിയ തൻവർഷത്തെ ക്യാഷ് ബുക്കിൽ 19.2.18 മുതലുള്ള ഇടപാടുകളാണ് രേഖപ്പെടുത്തിയിട്ടു ള്ളത്. എന്നാൽ 01.04.17 മുതൽ 18.2.18 വരെയുള്ള ഇടപാടുകൾ ക്യാഷ് ബുക്കിൽ ചേർത്തിട്ടില്ല.അസി. സെക്രട്ടറിയുടെ 2016-17 ലെ ക്യാഷ് ബുക്ക് (നിർദ്ദിഷ്ട മാതൃകയി ൽ അല്ല) പരിശോധിച്ചതിൽ 31.3.17ന് ക്യാഷ് ബുക്ക് തൃപ്തികരമായി എഴുതി പൂർത്തീകരിച്ചിട്ടില്ല. (പേജ് 10 കാണുക) .

എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാങ്ക് അക്കൗണ്ടിൽ (നം.3527075433 - സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ- മേപ്പാടി) 31.3.17ന് 383222/- രൂപ നീക്കിയിരിപ്പുണ്ട്. കൂടാതെ 03.4.17 ന് 1641341/- രൂപ ഈ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്(31.3.17ന് ട്രഷറിയിൽ നിന്നും പിൻവലിച്ചത് ). ഈ തുകയിൽ നിന്നുള്ള ചെലവുകൾ പ17.07.17 വരെയുള്ള കാലയളവിലാണ് നടത്തിയിട്ടുള്ളത്. എന്നാൽ ചെക്ക് ഇഷ്യൂ രജിസ്റ്റർ തൃപ്തികരമായി എഴുതി സൂക്ഷിച്ചിട്ടില്ല. സബ്സിഡിയറി രജിസ്റ്റർ, പ്രൊജക്ട് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല.

ബി) തൊഴിൽ സംരംഭം യാഥാർത്ഥ്യമായില്ല.

മേൽ ഉപഖണ്ഡികയിൽ പരാമർശിക്കും പ്രകാരമുള്ള തുകയിൽ (1641341/- രൂപ) 11,15,000/- രൂപ 2016-17 ലെ പ്രൊജക്ട് നം. 199/17വനിതകളുടെ തൊഴിൽ സംരംഭം പദ്ധതിയ്ക്കായി ( വികസന ഫണ്ട് )പിൻവലിച്ച തുകയാണ്. ഈ 11,15,000/- രൂപ ചെക്ക് നം. 111498 പ്രകാരം നല്കിയത് ബാങ്ക് അക്കൗണ്ടിൽ നിന്നും 06.5.17 നാണ് പിൻവലിച്ചിട്ടുള്ളത്.ഫയൽ പ്രകാരം ഈ പദ്ധതിയിലെ പരിശീലന പരിപാടികൾ 2017 ഏപ്രിൽ, മെയ് മാസങ്ങളിലാണ് നടത്തിയിട്ടുള്ളത്. കുടനിർമ്മാണം, സോപ്പ് നിർമ്മാണം, പേപ്പർ ബാഗ് നിർമ്മാണം എന്നിവയ്ക്കാണ് പരിശീലനം നല്കിയത്.

| ക്രമ നം. | പരിശീലന പരിപാടി (തരം) | പ്രൊജക്ടിൽ വകയിരുത്തിയ തുക | ചെലവഴിച്ച തുക | കുറിപ്പുകൾ |
|---|---|---|---|---|
| 1 | കുട നിർമ്മാണം | 5,00,000 | 4,70,000 | |
| 2 | പേപ്പർ ബാഗ് നിർമ്മാണം | 3,00,000 | 1,25,000 | |
| 3 | ചോക്ക് നിർമ്മാണം | 1,00,000 | - | |

| | | | | |
|---|---|---|---|---|
| 4 | സോപ്പ് നിർമ്മാണം | 2,00,000 | 5,20,000 | |
| 5 | ഭക്ഷണച്ചെലവ് | 15,000 | - | |
| | ആകെ | 11,15,000 രൂപ | 11,15,000 | |

അംഗീകരിച്ച പ്രോജക്റ്റിൽ നിന്നും വ്യതിചലിച്ച് ഫണ്ട് വിനിയോഗിച്ചതിന്റെ കാരണം വ്യക്തമല്ല. പരിശീലന പരിപാടികൾ നടത്തിയതും മെറ്റീരിയലുകൾ വിതരണം ചെയ്തതും കോഴിക്കോട്ടുള്ള ഗാന്ധി സെന്റർ ഫോർ റൂറൽ ഡെവലപ്മെന്റ് (സ്വദേശി സെന്റർ) ആണ് . ഈ സ്ഥാപനത്തെ എങ്ങനെയാണ് തെരഞ്ഞെടുത്തത് എന്ന് വ്യക്തമല്ല.

ആകെ ചെലവഴിച്ച തുക 11,15,000/- രൂപയിൽ 190000/- രൂപ പരിശീലനത്തിനും 925000/- രൂപ നിർമ്മാണോപകരണങ്ങൾ , പരിശീലനത്തിനുള്ള ഉപകരണങ്ങൾ,മെറ്റീരിയൽ എന്നിവ വാങ്ങിയതിന്റെയും ചെലവാണ്. വാങ്ങലുകൾക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ചതായി രേഖകൾ കാണുന്നില്ല. വാങ്ങലുകൾ പ്രൊക്യൂർമെന്റ് കമ്മിറ്റിയോ പഞ്ചായത്ത് കമ്മിറ്റിയോ അംഗീകരിച്ചതായുള്ള രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. മെറ്റീരിയലുകളും ഉപകരണങ്ങളും വാങ്ങിയ ബില്ലുകളിൽ ഒരു യൂണിറ്റിന് / വില എന്നാണ് കാണിച്ചിട്ടുള്ളത്. എന്നാൽ ഓരോ യൂണിറ്റിലും എത്ര അളവിൽ എന്തെല്ലാം സാധനങ്ങൾ എന്ന് വ്യക്തമായി രേഖപ്പെടുത്താത്തതിനാൽ , അളവുകൾ മനസ്സിലാക്കുന്നതിൽ ബുദ്ധിമുട്ടുണ്ട്. വാങ്ങിയ ഉപകരണങ്ങളും നിർമ്മാണ വസ്തുക്കളും ആർക്കെല്ലാം ,എത്ര അളവിൽ വിതരണം നടത്തി/വിനിയോഗിച്ചു എന്നതിന്റെ വിവരങ്ങളില്ല. വാങ്ങിയ ഉപകരണങ്ങളും നിർമ്മാണ വസ്തുക്കൾ ഉപയോഗിച്ച് ഉണ്ടാക്കിയ ഉൽപ്പന്നങ്ങൾ എന്തുചെയ്തുവെന്ന് വ്യക്തമല്ല. ഈ പദ്ധതിയിൽ എത്ര തൊഴിൽ സംരഭങ്ങൾ രൂപീകരിച്ച് നിലവിൽ പ്രവർത്തിക്കുന്നുണ്ട് എന്നതിന്റെ പൂർണ്ണ വിവരം ഓഡിറ്റിൽ ലഭ്യമല്ല.

ബന്ധപ്പെട്ട രേഖകളും വിശദവിവരങ്ങളും ഓഡിറ്റിൽ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ 18തീയതി 19.12.18 ) മറുപടി നല്കിയിട്ടില്ല. ഈ പരിപാടിയുടെ ഭാഗമായി രൂപീകരിക്കപ്പെട്ടതായി പഞ്ചായത്ത് അധികൃതർക്ക് അറിവുള്ള ഏക യൂണിറ്റ് ( വിസ്മയ ആക്ടിവിറ്റി ഗ്രൂപ്പ് -വാർഡ് 22- മാനിവയൽ)നിലവിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. സെക്രട്ടറിയും ഓഡിറ്റും ചേർന്ന സ്ഥലപരിശോധന നടത്തുകയുണ്ടായി.

സോപ്പ് നിർമ്മാണത്തിനുള്ള കുറേ മോൾഡുകളും കുറച്ച് അനുബന്ധ സാധനങ്ങളും, ഒരാൾക്ക് 10 എണ്ണം എന്ന തോതിൽ കുട നിർമ്മാണത്തിനുള്ള മെറ്റീരിയലുകളും, പേപ്പർ ബാഗ് ഉണ്ടാക്കാനുള്ള ഒരു മോൾഡ് ബോക്സും കുറച്ച് അനുബന്ധ സാധനങ്ങളും വീതം ലഭിച്ചു എന്നാണ് യൂണിറ്റിലുള്ളവർ അറിയിച്ചത്. ഈ യൂണിറ്റ് നിലവിൽ കാര്യമായ പ്രവർത്തനങ്ങൾ ഒന്നും നടത്തുന്നില്ല.

മറ്റ് തൊഴിൽ സംരംഭങ്ങൾ/യൂണിറ്റുകൾ രൂപീകരിച്ചിരുന്നോ/നിലവിലുണ്ടോ എന്ന വിവരം പഞ്ചായത്ത് അധികൃതർക്ക് അറിവില്ല. പരിശീലനം ലഭിച്ച ഗുണഭോക്താക്കളെ ഗ്രാമസഭ മുഖേന തിരഞ്ഞെടുത്തതാണോ/ ഗ്രാമസഭ അംഗീകരിച്ചതാണോ എന്നീ

വിവരങ്ങൾ ലഭ്യമല്ല. പരിശീലനം ലഭിച്ച ആളുകൾ നിലവിൽ തൊഴിൽ സംരംഭങ്ങൾ നടത്തുന്നുണ്ടോ എന്നും പഞ്ചായ ത്ത് അധികൃതർക്ക് അറിവില്ല.( ഓഡിറ്റ് എക്സിറ്റ് മീറ്റിംഗിലും ഈ വിഷയം ശ്രദ്ധയിൽ പെടുത്തിയിരുന്നു). ഈ സാഹചര്യത്തിൽ തുക ഫലപ്രദമായി ചെലവഴിച്ചിട്ടില്ല എന്ന് കാണുന്നു. തൊഴിൽ സംരംഭം സൃഷ്ടിക്കുക എന്ന അടിസ്ഥാനലക്ഷ്യം കൈവരിക്കാനായില്ല എന്ന് മാത്രമല്ല വാങ്ങിയ ഉപകരണങ്ങളും , മെറ്റീരിയലുകളും , അതിൽനിന്നുണ്ടാക്കിയ ഉൽപ്പന്നങ്ങളും എന്തുചെയ്തുവെന്നും വ്യക്തമല്ല. ചെലവഴിച്ച തുക 11,15,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. വാങ്ങിയ സാധനങ്ങളും ഉപകരണങ്ങളും ഫലപ്രദമായി വിനിയോഗിച്ച് തൊഴിൽ സംരംഭം/സംരംഭങ്ങൾ പ്രവർത്തനക്ഷമമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം സർച്ചാർജ് ഉൾപ്പെടെയുള്ള നടപടികൾക്ക് ശുപാർശ ചെയ്യുന്നതാണ്.

## 3-9 പഞ്ചായത്ത് ഫണ്ട് പാഴാക്കുന്നു.

അസി. സെക്രട്ടറി തൻവർഷം ആദ്യം ട്രഷറിയിൽ നിന്നും ബിൽ നം.01/17-18/ 23.8.17 പ്രകാരം പ്രൊജക്റ്റ് നം.89/19- ഗിരി വർഗ്ഗ കലാമേളക്കായി പിൻവലിച്ച തുക 3 ലക്ഷം രൂപ ക്യാഷ് ബുക്കിൽ ചേർത്തിട്ടില്ല. ഈ തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാങ്ക് അക്കൗണ്ടിൽ (നം. 3527075433 – സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ- മേപ്പാടി)നിക്ഷേപിച്ചിട്ടുണ്ട്. ഈ തുകയിൽ നിന്നും 106809/- രൂപ ചെലവഴിച്ചതായി രേഖകൾ സൂക്ഷിച്ചിട്ടുണ്ട്. ബാക്കി തുക 193191/- രൂപ ചെലവാക്കാതെ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. ആവശ്യത്തിനല്ലാതെ പണം മുൻകൂറായി പിൻവലിച്ചതിനാൽ 193191/- രൂപ പഞ്ചായത്തിന് (വിനിയോഗിക്കാനാകാതെ ) നഷ്ടമായിട്ടുണ്ട്.

അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 18തീയതി 19.12.18. ) മറുപടിയൊന്നും നല്കിയിട്ടില്ല.പാഴായ തുക 193191/- രൂപ പഞ്ചായത്ത് ഫണ്ടിന്റെ ദുരുപയോഗമായി കണക്കാക്കി നിരാകരിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ ഓഡിറ്റിന് നൽകേണ്ടതാണ്. ചെലവ് തുക 193191/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-10 പദ്ധതി ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല

2017-18 ലെ ചെലവ് പത്രിക പ്രകാരം വിവിധ പദ്ധതികളിലായി ടി.ഇ.ഒ 15,60,000/- രൂപ താഴെപ്പറയും പ്രകാരം ചെലവഴിച്ചു.

| | | |
|---|---|---|
| പ്രോജക്ട് നം.343/17 | ഭവന നിർമ്മാണം( വനിത) | 13,00000/- |
| പ്രോജക്ട് നം.344/17 | ഭവന നിർമ്മാണം | 2,60000/- |

പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട ട്രഷറി ബിൽ ബുക്ക്, ഗുണഭോക്തൃ ലിസ്റ്റ്, ഗുണഭോക്താക്കളുടെ വ്യക്തിഗത ഫയൽ (വീട് നിർമ്മാണവുമായി ബന്ധപ്പെട്ട സ്റ്റേജ് സർട്ടിഫിക്കറ്റ്, ഫോട്ടോ എന്നിവ അടങ്ങുന്ന) ഹാജരാക്കുവാൻ 10.12.18,13.12.18 തിയ്യതികളിൽ ഓഡിറ്റ് റിക്വസിഷനുകളും 21.12.18 ന് ഓഡിറ്റ് എൻക്വയറി നം. 23 /2017-18

ഉം നൽകിയെങ്കിലും മറുപടി നല്കുകയോ രേഖകൾ ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല. പദ്ധതി നിർവ്വഹണം നടത്തിയ മുൻ ടി.ഇ.ഒ യെ 19.12.18 ന് നേരിട്ട് ഫോൺ വഴി ബന്ധപ്പെട്ട് രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടും രേഖകൾ ലഭ്യമാക്കിയില്ല. ആയതിനാൽ ഈ പദ്ധതിക്കായി ചെലവഴിച്ച 15,60,000/- രൂപ ഓഡിറ്റ് നിലവിൽ തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ഹാജരാക്കാത്ത പക്ഷം 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും ) ചട്ടം 12 (2) പ്രകാരം രേഖകളോ കണക്കുകളോ നിലവിലില്ല എന്ന നിഗമനത്തിൽ ഈ പദ്ധതിക്കായി ചെലവഴിച്ച 15,60,000/- രൂപ ഓഡിറ്റ് നിരാകരിക്കുന്നതാണ്.

## 3-11 ലൈഫ് മിഷൻ ഭവന പൂർത്തീകരണം പദ്ധതി( പട്ടിക വർഗ്ഗ വിഭാഗം) പദ്ധതി വിഹിതം പാഴാക്കി

31.10.17 സ.ഉ(എം.എസ്) 196/17 തസ്വഭവ പ്രകാരം പണി പൂർത്തിയാക്കാത്ത എസ്.ടി ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിലേയ്ക്കായി 30.11.17 നകം എസ്.ടി ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കി ,എസ്റ്റിമേറ്റ് എടുക്കേണ്ടതും അവർ പഞ്ചായത്തുമായി കരാറിലേർപ്പെടേണ്ടതുമാണ്.കൂടാതെ ഭവനങ്ങളുട നിർമ്മാണം 31.03.18 നകം പൂർത്തീകരിക്കേണ്ടതുമാണ്. എന്നാൽ മേപ്പാടി ഗ്രാമപഞ്ചായത്തിൽ ടി.ഇ.ഒ വഴി 2017-18 ൽ നടപ്പിലാക്കേണ്ട ലൈഫ് മിഷൻ ഭവന പൂർത്തീകരണം പദ്ധതിക്ക്( പട്ടിക വർഗ്ഗ വിഭാഗം) 33,05000/- രൂപ വകയിരുത്തിയെങ്കിലും തുകയൊന്നും ചെലവഴിച്ചില്ല. കൂടാതെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട കൊണ്ടുള്ള 10.12.18,13.12.18 തിയ്യതികളിൽ നൽകിയ ഓഡിറ്റ് റിക്വസിഷനുകൾ, 21.12.18 ന് ഓഡിറ്റ് എൻക്വയറി നം. 23 /2017-18 എന്നിവയ്ക്ക് മറുപടി നൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. പദ്ധതി നിർവഹണത്തിൽ ടി.ഇ.ഒ കടുത്ത അലംഭാവമാണ് കാണിക്കുന്നത്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-12 ആരോഗ്യ മേഖല : ഗുണഭോക്തൃ ലിസ്റ്റിന് അംഗീകാരം വാങ്ങിയില്ല - പഞ്ചായത്ത് ഇതര പാലിയേറ്റീവ് യൂണിറ്റിന് ഫർണിച്ചർ നൽകി.

ഗ്രാമപഞ്ചായത്തിന്റെ ആരോഗ്യ മേഖലയിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ മേപ്പാടി സി.എച്ച്.സി. - യിലെ മെഡിക്കൽ ഓഫീസർ 3 പ്രോജക്ടുകളിലായി ആകെ 2095017/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ഫണ്ടിന്റെയും ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും വരവ് ചെലവുകൾ പ്രത്യേകം 7A ക്യാഷ് ബുക്കിലാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ എഴുതി സൂക്ഷിച്ചിട്ടുള്ളത്. 12.04.2006 - ലെ ജി.ഒ. (പി) നം. 177/2006/ധനം ഉത്തരവിലെ ഖണ്ഡിക 18.3 അനുസരിച്ച് ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവുകൾ ഒരു 7A ക്യാഷ് ബുക്കിലാണ് രേഖപ്പെടുത്തേണ്ടത്. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നുള്ള ഫണ്ടിന്റെ വിവരങ്ങൾ അനക്സർ ബി IV ഫോറത്തിലുള്ള സബ്സിഡറി രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതുമാണ്.

മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പ്രോജക്ട് നം. എസ്.0030/18, പെയിൻ ആന്റ് പാലിയേറ്റീവ് ഹോം കെയറിന് മരുന്നും ഉപകരണങ്ങളും വാങ്ങൽ, പ്രോജക്ട് നം. എസ്.0031/18, ജ്യോതി പെയിൻ ആന്റ് പാലിയേറ്റീവ് ഹാം കെയറിന് മരുന്ന് വാങ്ങൽ എന്നീ പ്രോജക്ടുകൾ പ്രകാരം യഥാക്രമം 99000/- രൂപയും (ട്രഷറി ബിൽ നം. 3/2017-18, 11.01.2018) 99500/- രൂപയും (ട്രഷറി ബിൽ നം. 4/2017-18, 11.01.2018) ഫർണിച്ചർ വാങ്ങിയിട്ടുണ്ട്. രണ്ട് പ്രോജക്ടുകൾ പ്രകരവും ഒരേ തരത്തിവുള്ള ഫർണിച്ചറാണ് വാങ്ങിയിട്ടുള്ളത്. ഒരേ തരത്തിലുള്ള ഫർണിച്ചറാണ് രണ്ട് പ്രോജക്ടുകൾ പ്രകാരവും വാങ്ങേണ്ടിയിരുന്നത് എന്നതിനാൽ കേരള സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ അനുസരിച്ച് ഒന്നിച്ച് വാങ്ങേണ്ടതായിരുന്നു. എന്നാൽ രണ്ട് ക്വട്ടേഷൻ പ്രകാരമാണ് ഫർണിച്ചർ സമാഹരിച്ചിട്ടുള്ളത് (20.10.2107-ലെ ക്വട്ടേഷൻ നോട്ടീസ് നം. 1903/17 /സി.എച്.സി.മേ & 21.10.2107-ലെ ക്വട്ടേഷൻ നോട്ടീസ് നം. 534/17/സി.എച്.സി.മേ). രണ്ട് പർച്ചേസിന്റെയും ആകെ തുക 198500/-രൂപയായതിനാൽ ടെണ്ടർ നടപടികളിലൂടെയായിരുന്നു ഫർണിച്ചർ സമാഹരിക്കേണ്ടിയിരുന്നതും. മേൽ പറഞ്ഞതിന് പുറമേ പർച്ചേസ് നടപടികൾ ഗ്രാമപഞ്ചായത്തിന്റെ പ്രൊക്യുർമെന്റെ കമ്മിറ്റി അംഗീകാരിച്ചതായും കാണുന്നില്ല.

9.10.2015 - ലെ ജി.ഒ. (സാധാ)നം. 3217/2015/തസ്വഭവ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ മാർഗ്ഗരേഖ ഖണ്ഡിക 6 അനുസരിച്ച് സന്നദ്ധ സംഘടനകൾ നടത്തുന്ന പാലീയേറ്റിവ് കെയർ യൂണിറ്റുകൾക്ക് പാലിയേറ്റീവ് കെയറിന് ആവശ്യമായ മരുന്നുകളും ഹോം കെയർ കിറ്റുകളും ഒഴികെ മറ്റ് സഹായങ്ങൾ ലഭ്യമാക്കാൻ പാടില്ല. ജ്യോതി പെയിൻ ആന്റ് പാലിയേറ്റീവ് സൊസൈറ്റിയുടെ ഹാം കെയർ യൂണിറ്റിന് ഫർണിച്ചർ വാങ്ങി നൽകിയത് ഏത് സർക്കാർ ഉത്തരവ് പ്രകാരമാണെന്ന് ഓഡിറ്റിൽ വ്യക്തമാക്കിയിട്ടില്ല.

മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പ്രോജക്ട് നം. എസ്.0049/18, വയോജന മെഡിക്കൽ ക്യാമ്പും ഉപകരണ വിതരണവും എന്ന പ്രോജക്ട് അനുസരിച്ച് 82920/-രൂപ ചെലവിൽ ട്രഷറി ബിൽ നം. (15/2017-18, 21.03.2018) കണ്ണടവിതരണവും 83549/-രൂപ ചെലവിൽ ട്രഷറി ബിൽ നം. (17/2017-18, 21.03.2018) വാക്കർവിതരണവും നടത്തിയിട്ടുണ്ട്. മെഡിക്കൽ ക്യാമ്പ് നടത്തിയാണ് പ്രസ്തുത ഉപകരണങ്ങൾ വിതരണത്തിനുള്ള ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുള്ളത്. ഈ ഗുണഭോക്താക്കളെ ഗ്രാമസഭയും ഭരണസമിതിയും അംഗീകരിച്ചത് സംബന്ധിച്ച രേകകൾ ഹാജരാക്കിയിട്ടില്ല.

13.12.2018 -ലെ ഓഡിറ്റ് എൻക്വയറി നം. 04/2017-18 -ന് മറുപടിയായി 7എ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നതാണെന്നും രണ്ട് പ്രോജക്ടുകൾ പ്രകാരം പർച്ചയ്സ് നടത്തിയതിനാലാണ് ഒന്നിച്ച് വാങ്ങൽ നടത്താതിരുന്നത് എന്നും അറിയിച്ചിട്ടുണ്ട്. ജ്യോതി പെയിൻ ആന്റ് പാലിയേറ്റീവ് സൊസൈറ്റിയുടെ ഹാം കെയർ യൂണിറ്റിന് ഫർണിച്ചർ വാങ്ങി നൽകിയതിനും കണ്ണടവിതരണത്തിന്റെയും വാക്കർവിതരണത്തിന്റെയും ഗുണഭോക്താക്കളെ ഗ്രാമസഭയും ഭരണസമിതിയും അംഗീകരിച്ചതിന്റെ രേഖകൾ ഹാജരാക്കാത്തതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഒരേ തരം വസ്തുക്കൾക്ക് എത്ര വാങ്ങൽ പ്രോജക്ടുകൾ ഉണ്ടെങ്കിലും ഒരു

ടെണ്ടർ/ക്വട്ടേഷൻ പ്രകാരം വാങ്ങൽ നടത്തേണ്ടതാണ്. ഗ്രാമസഭയും ഭരണസമിതിയും അംഗീകാരത്തോടെ അല്ലാതെയുള്ള കണ്ണട, വാക്കർ വിതരണത്തിന്റെയും ജ്യോതി പെയിൻ ആന്റ് പാലിയേറ്റീവ് സൊസൈറ്റിക്ക് ഫർണിച്ചർ വാങ്ങി നൽകിയതിന്റെയും ചെലവുകൾ 265969/-രൂപ (99500 + 82920 + 83549) ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

ജ്യോതി പെയിൻ ആന്റ് പാലിയേറ്റീവ് സൊസൈറ്റിക്ക് ഫർണിച്ചർ നൽകിയ നടപടി സാധൂകരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും കണ്ണട, വാക്കർ വിതരണത്തിന്റെ ഗുണഭോക്തൃ ലിസ്റ്റിന് ഗ്രാമസഭയും ഭരണസമിതിയും സാധൂകരണം വാങ്ങി അറിയിക്കേണ്ടതുമാണ്.

## 3-13 ലോൺ രജിസ്റ്റർ അപൂർണ്ണം- ലോൺ തിരിച്ചടവ് പരിശോധിക്കുന്നില്ല.

ഇ.എം.എസ് , സംപൂർണ്ണ ഭവന പദ്ധതികൾക്കായി ലോണെടുക്കുകയും ഓരോ വർഷവും ലോൺ തിരിച്ചടവിനായി തുക വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ തിരിച്ചടവ് വിവരം രേഖപ്പെടുത്തുന്ന ലോൺ രജിസ്റ്ററിൽ 2014 വരെയുള്ള വിവരങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2017-18 ൽ 1,10,00,000 രൂപ ലോൺ ഇനത്തിൽ തിരിച്ചടവ് വരുത്തിയിട്ടുണ്ട്. മുതലിനത്തിലും പലിശയിനത്തിലും എത്ര തുക ഇനി തിരിച്ചടക്കാൻ അവശേഷിക്കുന്നുണ്ട് എന്നും പലിശ നിരക്ക് എത്രയാണെന്നും എന്നുള്ള വിവരം പഞ്ചായത്തിൽ ലഭ്യമല്ല. ബാങ്കിൽ നിന്നും ലഭിക്കുന്ന ഡിമാന്റ് നോട്ടീസ് പ്രകാരം തുക അടവാക്കുകയാണ് ചെയ്തിട്ടുള്ളത്. ലോൺ രജിസ്റ്റർ പൂർത്തിയാക്കി ഓഡിറ്റിന് നൽകേണ്ടതാണ്.

## 3-14 സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ - സ്ഥാപിച്ചതിന്റെ വിവരം പൂർണ്ണമല്ല.

പഞ്ചായത്തിലെ വിവിധ വാർഡുകളിലെ സ്ട്രീറ്റ് ലൈറ്റുകളിൽ ബൾബുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിയുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

പ്രോജക്ട് നം – S-8/18
പ്രോജക്ടിന്റെ പേര് – സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ
അടങ്കൽ – 6,00,000
ചെലവ് – 5,40,000
ബിൽ നം/തുക – 44/17-18/31.03.2018
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

ടെണ്ടർ പ്രകാരം 306 ലൈറ്റുകൾ വാങ്ങി സ്റ്റോക്കിലെടുത്തിട്ടുണ്ട്. എന്നാൽ ഇവ എവിടെയൊക്കെ സ്ഥാപിച്ചു എന്ന വിവരം അപൂർണ്ണമാണ്. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്ററിൽ 321 എണ്ണം സ്ഥാപിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ലൈറ്റുകൾ അതാതിടങ്ങളിൽ സ്ഥാപിച്ചതിന്റെ സാക്ഷ്യപത്രം മോണിറ്ററിംഗ് സമിതിയിൽ നിന്നോ കെ.എസ്.ഇ.ബി.അധികൃതരിൽ നിന്നോ ലഭ്യമാക്കിയിട്ടില്ല.

തെരുവ് വിളക്ക് റിപ്പയർ ചെയ്യുന്നതിന് 50,900 രൂപ ചെലവഴിച്ചിട്ടുണ്ട്. വയർ, ഹോൾഡർ, സ്വിച്ച് എന്നിവ വാങ്ങിയതിനാണ് തുക അനുവദിച്ചിട്ടുള്ളത്. മുൻ വർഷങ്ങളിൽ ടെണ്ടർ പ്രകാരം അനുവദിച്ച് നൽകിയ കോൺട്രാക്ടർ അറ്റകുറ്റപ്പണി നടത്തുന്നതിൽ നിരുത്തരവാദപരമായ സമീപനം കൈക്കൊണ്ടതിനാൽ 29.1.18 ലെ 9/09(11) തീരുമാനം പ്രകാരം റീടെണ്ടർ നടത്തി. ടെണ്ടറിൽ മുൻ കോൺട്രാക്ടറും മധുസൂദനൻ എന്ന വ്യക്തിയും പങ്കെടുത്തു. ശ്രീ.മധുസൂദനൻ എന്ന വ്യക്തിക്ക് ടെണ്ടർ അനുവദിച്ചതിനും ടിയാൻ സമർപ്പിച്ച ബില്ലുകൾ പ്രകാരം തുക അനുവദിച്ച് നൽകിയതിനും ഭരണ സമിതി അംഗീകാരം ലഭിച്ചിട്ടില്ല. ഭരണ സമിതിയുടെ അംഗീകാരമില്ലാതെ ചെലവ് നടത്തിയതിന് വിശദീകരണം നൽകിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 5,40,000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-15 കംപ്യൂട്ടർ സോഫ്റ്റ് വെയർ വാങ്ങി- ഇൻസ്റ്റാൾ ചെയ്തിട്ടില്ല.

ഓഫീസിലെ നിലവിലെ കംപ്യൂട്ടറുകളിൽ ഉപയോഗിക്കുന്ന വ്യാജ വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റം ഒഴിവാക്കി അസ്സൽ വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റം വാങ്ങി ഇൻസ്റ്റാൾ ചെയ്യുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിയുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

പ്രോജക്ട് നം – S-9/18
പ്രോജക്ടിന്റെ പേര് – ഓഫീസിലേക്ക് സോഫ്റ്റ് വെയർ വാങ്ങൽ
അടങ്കൽ – 1,50,000 (തനത് ഫണ്ട്)
ചെലവ് – 1,43,400
ചെക്ക് നം/തിയ്യതി – 9375/06.03.2018
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

ടെണ്ടർ ക്ഷണിച്ച് വാങ്ങിയ സോഫ്റ്റ് വെയറുകൾ സ്റ്റോക്കിലെടുത്തിട്ടില്ല. വാങ്ങിയ 4 സോഫ്റ്റ് വെയറുകളിൽ രണ്ടെണ്ണം നാളിതുവരെ ഇൻസ്റ്റാൾ ചെയ്തിട്ടില്ല. 1,43,400 രൂപ ചെലവഴിച്ച് വാങ്ങിയ സോഫ്റ്റ് വെയറുകൾ നാളിതുവരെ ഇൻസ്റ്റാൾ ചെയ്യാത്തതിന് വിശദീകരണം നൽകിയിട്ടില്ല. ടെണ്ടർ ക്ഷണിക്കുകയും അതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഇൻഫോമാക് സിസ്റ്റംസ് , കൽപ്പറ്റ എന്ന സ്ഥാപനത്തിൽ നിന്നുമാണ് സോഫ്റ്റ് വെയറുകൾ വാങ്ങിയിട്ടുള്ളത്. സോഫ്റ്റ് വെയറിന്റെ ലൈസൻസ് കാലാവധി അവസാനിക്കുന്നതിന് മുൻപ് ഇൻസ്റ്റാൾ ചെയ്ത് വിവരം അറിയിക്കേണ്ടതാണ്. ഇൻസ്റ്റാൾ ചെയ്യാത്ത രണ്ട് സോഫ്റ്റ് വെയറുകളുടെ തുക 71,700രൂപ തടസ്സപ്പെടുത്തുന്നു.

## 3-16 വിനിയോഗ വിവരം ലഭിച്ചിട്ടില്ല- 4,65,06,000 രൂപ തടസ്സപ്പെടുത്തുന്നു.

ചുവടെ വിവരിച്ചിട്ടുള്ള പദ്ധതികൾക്ക് തുക വിവിധ ഏജൻസികൾ/ വകുപ്പുകൾക്ക് നൽകിയിട്ടുണ്ടെങ്കിലും വിനിയോഗ വിവരം ഹാജരാക്കിയിട്ടില്ല.

| ക്രമ | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | ബിൽ നം/ | തുക നൽകിയ |
|---|---|---|---|---|---|

| നം | | തുക | | തിയ്യതി | ഏജൻസി |
|---|---|---|---|---|---|
| 1 | എസ്.എസ്.എ യ്ക്ക് വിഹിതം നൽകൽ | 3084568 | 3084568 | 5/17-18 /22.7.17 | എസ്.എസ്.എ |
| 2 | ഐ.കെ.എം വിഹിതം നൽകൽ | 129432 | 129432 | 4/17-18 /22.7.17 | ഐ.കെ.എം |
| 3 | ഓഫീസിൽ സോളാർ സ്ഥാപിക്കൽ | 792000 | 792000 | 41/17-18 /28.3.18 | അനർട്ട് |
| 4 | പി.എം.എ.വൈ വിഹിതം നൽകൽ | 220000 | 220000 | 29/17-18 /12.3.18 | കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് |
| 5 | പി.എം.എ.വൈ വിഹിതം നൽകൽ(എസ്.സി.പി) | 120000 | 120000 | 31/17-18 /12.3.18 | കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് |
| 6 | പി.എം.എ.വൈ വിഹിതം നൽകൽ(ടി.എസ്.പി) | 260000 | 260000 | 17/17-18 /12.3.18 | കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് |
| | ആകെ | | 46,06,000 | | |

വിനിയോഗ വിവരം നൽകേണ്ടതാണ്. 4,60,06,000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-17 ടെർമിനൽ സറണ്ടർ അനുവദിച്ചത് - അധികം

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ ചെലവുകൾ നടത്തുന്ന വേളയിൽ മതിയായ പരിശോധന നടത്താതിരിക്കുന്നതിനാൽ അധികച്ചെലവുകൾ ഉണ്ടാകുന്നതായി കാണുന്നു. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

എ)വൗച്ചർ നം.21700482/29.8.17 - 96051/- രൂപ.

മേൽ വൗച്ചർ പ്രകാരം ശ്രീമതി ഗീതാബായ് , ഫുൾടൈം സ്വീപ്പറുടെ അവധിക്കണക്കിൽ ബാക്കി യുള്ള ആർജ്ജിതാവധി സറണ്ടർ ചെയ്ത് തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ അവധിക്കണക്ക് പൂർണ്ണമായി പരിശോധിച്ച് , നീക്കിബാക്കിയുള്ള അവധികൾ തിട്ടപ്പെടുത്താതെയാണ് ടെർമിനൽ സറണ്ടർ അനുവദിച്ചതായി കാണുന്നത് . റിട്ടയർമെന്റ് തിയ്യതിയിൽ ക്രെഡിറ്റിൽ ബാക്കിയുള്ള യഥാർഥ അവധി 28 എണ്ണമാണ്. എന്നാൽ എൻട്രികളിലെ തെറ്റുകൾ നിമിത്തം 87 അവധികൾ പണമാക്കി നല്കിയിട്ടുണ്ട്. അർഹമായ തുക 96051/87*28= 30913 രൂപയാണ്. അധികം നല്കിയ തുക (96051 – 30913 = ) 65138 രൂപ തിരികെ ഈടാക്കേണ്ടതാണ്.

ബി) വൗച്ചർ നം.21700846/06.1.18 - 46378/- രൂപ.

മേൽ വൗച്ചർ പ്രകാരം ശ്രീ മോഹനൻ നായർ , ഫുൾടൈം സ്വീപ്പറുടെ അവധിക്കണക്കിൽ ബാക്കിയുള്ളതായി (തെറ്റായി) കണക്കാക്കിയ 45 ആർജ്ജിതാവധി

സറണ്ടർ ചെയ്ത് തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ അവധിക്കണക്ക് പൂർണ്ണമായി പരിശോധിച്ച് , നീക്കിബാക്കിയുള്ള അവധികൾ തിട്ടപ്പെടുത്താതെയാണ് ടെർമിനൽ സറണ്ടർ അനുവദിച്ചതായി കാണുന്നത് . ഫുൾ ടൈം കണ്ടിജന്റ് ജീവനക്കാരുടെ ആർജ്ജിതാവധി 1/15 തോതിലാണ് കണക്കാക്കുന്നത് എന്നാൽ ടിയാന്റെ അവധിക്കണക്കുകൾ 1/11 തോതിലാണ് കണക്കാക്കിയതിനാൽ ക്രെഡിറ്റിൽ ബാക്കിയുള്ള കണക്കാക്കിയ അവധി കൃത്യമല്ല എന്ന് കാണുന്നു. അവധിക്കണക്കുകൾ പുനക്രമീകരിച്ച് അധിക തുക കണക്കാക്കി തിരികെ ഈടാക്കേണ്ടതാണ്.

സി) വൗച്ചർ നം.21700717/29.11.17 - 32,321 /- രൂപ.

മേൽ വൗച്ചർ പ്രകാരം ശ്രീ ഉണ്ണി , ഫുൾടൈം സ്വീപ്പറുടെ അവധിക്കണക്കിൽ ബാക്കിയുള്ളതായി (തെറ്റായി) കണക്കാക്കിയ 45 ആർജ്ജിതാവധി സറണ്ടർ ചെയ്ത് തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ അവധിക്കണക്ക് പൂർണ്ണമായി പരിശോധിച്ച് , നീക്കിബാക്കിയുള്ള അവധികൾ തിട്ടപ്പെടുത്താതെയാണ് ടെർമിനൽ സറണ്ടർ അനുവദിച്ചതായി കാണുന്നത് . ഫുൾ ടൈം കണ്ടിജന്റ് ജീവനക്കാരുടെ ആർജ്ജിതാവധി 1/15 തോതിലാണ് കണക്കാക്കുന്നത് എന്നാൽ ടിയാന്റെ അവധിക്കണക്കുകൾ 1/11 തോതിലാണ് കണക്കാക്കിയതിനാൽ ക്രെഡിറ്റിൽ ബാക്കിയുള്ള കണക്കാക്കിയ അവധി കൃത്യമല്ല എന്ന് കാണുന്നു.

## 3-18 തനത് ഫണ്ട് ചെലവുകൾ- രേഖകൾ തൃപ്തികരമായി സൂക്ഷിക്കുന്നില്ല.

ഓഡിറ്റിന് ഹാജരാക്കിയ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ രേഖകൾ തൃപ്തികരമായി സൂക്ഷിക്കുന്നതായി കാണുന്നില്ല. വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു.

1) കുറിപ്പുഫയലുകൾ സൂക്ഷിക്കാത്തതിനാൽ പേമെന്റ് തുക കണക്കാക്കുന്നത് എങ്ങനെയെന്ന് മനസ്സിലാക്കാൻ ബുദ്ധിമുട്ടനുഭവപ്പെടുന്നു.

2)ഭക്ഷണച്ചെലവുകൾക്കായുള്ള വൗച്ചറുകളോടൊപ്പം ഏതെല്ലാം സന്ദർഭങ്ങളിലേതാണെന്നോ,

എത്ര പേർക്കുള്ള ചെലവാണെന്നോ ഉള്ള വിവരം ഫയലിൽ ഇല്ല. ഉദാ:- വൗച്ചർ നം.21700453 തിയ്യതി 10.8.17 – 9777/- രൂപ. , വൗച്ചർ നം.21700454 തിയ്യതി 10.8.17 – 18736/- രൂപ. മേൽ 9777/- രൂപയുടെ ചെലവ് വൗച്ചറിൽ പഞ്ചായത്ത് കമ്മിറ്റിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും വിവധ യോഗങ്ങളുടെ ഭക്ഷണച്ചെലവ് എന്നാണ് പരാമർശിക്കുന്നത്. മേൽ 18736/- രൂപ ' സെക്രട്ടറിമാരുടെ മാസാന്ത്യ കോൺഫറൻസിലെ ഭക്ഷണച്ചെലവ് ' എന്നാണ് വൗച്ചറിൽ രേഖപ്പെടുത്തിയിട്ടുള്ളത് . യോഗങ്ങളിലോ , പരിപാടികളിലോ പങ്കെടുക്കുന്നവർക്ക് മാത്രമായി ചെലവുകൾ പരിമിതപ്പെടുത്തുന്നതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. കൃത്യമായ കണക്കുകളോ ആധാരമായ വിവരങ്ങളോ ഉൾക്കൊള്ളിക്കാതെ ചെലവുകൾ നടത്തുന്നതിലേക്ക് ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധക്ഷണിക്കുന്നു.

3)ഡെപ്പോസിറ്റ് രജിസ്റ്റർ തൃപ്തികരമായി എഴുതി പൂർത്തീകരിച്ചിട്ടില്ല. മുൻബാക്കിയും നീക്കിബാക്കിയും തിട്ടപ്പെടുത്തി കണക്കുകൾ പൂർത്തീകരിച്ച് സൂക്ഷിക്കാത്തതിനാൽ കണക്കുകൾ കൃത്യമാണോയെന്ന് തിട്ടപ്പെടുത്താൻ കഴിയുന്നില്ല. തൻവർഷത്തെ ഡെപ്പോസിറ്റ് വരവ് ചെലവ് കണക്കുകൾ പുനപരിശോധനക്ക് വിധേയമാക്കി , കണക്കുകൾ കൃത്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-19 വാഹനത്തിന് ഇന്ധനം നിറയ്ക്കൽ - കണക്കുകളിലെ അപാകതകൾ.

പരിശോധനക്ക് വിധേയമാക്കിയ കെ.എൽ. 12 ജെ. 7254 നംപർ വാഹനത്തിന്റെ ഫ്യുവൽ കണക്കുകളിൽ അപാകതകൾ ഉണ്ട്. വാഹനത്തിന്റെ ടാങ്ക് കപ്പാസിറ്റിയിലും അധികമാണ് പലപ്പോഴും ഡീസൽ നിറക്കുന്നതായി രേഖകൾ ഉള്ളത്. മാസാവസാനം തയ്യാറാക്കുന്ന ഫ്യുവൽ അക്കൗണ്ട് സംക്ഷിപ്തം പ്രകാരം ടാങ്ക് കപ്പാസിറ്റിയിലും അധികം ബാക്കിയുള്ളതായാണ് കണക്കുകൾ . എന്നിട്ടും അധികമായി വാങ്ങുന്ന ബിൽ തുക അനുവദിക്കുന്നതായി കാണുന്നു. ഉദാഹരണമായി 2017ഏപ്രിൽ, ജൂലായ് , സെപ്റ്റംബർ , നവംബർ മാസങ്ങളിലെ കണക്കുകൾ ശ്രദ്ധിക്കുക. 2017ഏപ്രിൽ മാസത്തെ കണക്കുകളിൽ കണ്ട അപാകതയുടെ വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

1.4.17 ൽ ടാങ്കിലുള്ള ഫ്യുവൽ മുൻബാക്കി - 29 ലിറ്റർ

| തിയ്യതി | എടുത്ത ഫ്യുവൽ (ലിറ്റർ) | ഉപയോഗിച്ച ഫ്യുവൽ (ലിറ്റർ) | ടാങ്കിൽ ബാക്കി ഫ്യുവൽ (ലിറ്റർ) | കുറിപ്പുകൾ |
|---|---|---|---|---|
| 1.4.17 | - | - | 29 | കിലോമീറ്റർ റീഡിംഗ് - 54463 |
| 01.4.17 | 40 | 45.28 | 71.72 | 1.4.17 ന് 185കിലോമീറ്റർ ഓടി. ക്ളോസിംഗ് കി.മീ.റീഡിംഗ് - 54698 |
| 2.4.17 | 8 | | | ക്ളോസിംഗ് കി.മീ.റീഡിംഗ് - 54698 |
| 12.4.17 | 40 | | | ക്ളോസിംഗ് കി.മീ.റീഡിംഗ് - 55029 ആകെ ഓടിയ ദൂരം 55029 – 54463 = 566 കി.മീ. ഉപയോഗിച്ച ഫ്യുവൽ 566/12.5= 45.28 ലിറ്റർ. ടാങ്കിൽ കപ്പാസിറ്റിയിൽ അധികമുള്ള ഫ്യുവൽ 117- 45.28 = 72.72- 60 = 11.72 ലിറ്റർ. അധികം നല്കിയ തുക 11.72* 60.48 = 708.83/- രൂപ. |
| 12.4.17 | - | - | 60 | യഥാർത്ഥ ബാക്കി. |
| 27.4.17 | 40 | 34.64 | 65.36 | ക്ളോസിംഗ് കി.മീ.റീഡിംഗ് - 55462 |

| | | | | |
|---|---|---|---|---|
| | | | (60) | ആകെ ഓടിയ ദൂരം 55462– 55029 = 433 കി.മീ. ഉപയോഗിച്ച ഫ്യുവൽ 433/12.5= 34.64 ലിറ്റർ. ടാങ്കിൽ കപ്പാസിറ്റിയിൽ അധികമുള്ള ഫ്യുവൽ 100– 34.64 = 65.36 - 60 =5.36 ലിറ്റർ. അധികം നല്കിയ തുക 5.36* 61.8 = 331/- രൂപ. |
| | | | | |

മേൽ വിവരിച്ചതിൽ നിന്നും ഫ്യുവൽ കണക്കുകളിൽ അപാകതകൾ കാണുന്നു. മേൽ പ്രകാരം ടാങ്ക് കപ്പാസിറ്റിയിൽ അധികം നിറച്ചതായി അവകാശപ്പെട്ട് അധികം വാങ്ങിയ തുക 709+ 331= 1040/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തൻവർഷം ഫ്യുവൽ വാങ്ങിയ കണക്കുകൾ പരിശോധനക്ക് വിധേയമാക്കേണ്ടതും മേൽ പ്രകാരം ടാങ്ക് കപ്പാസിറ്റിയിൽ അധികം നിറച്ചതായ സാഹചര്യങ്ങളിലെ അധിക തുകകൾ കണക്കാക്കി തിരികെ ഈടാക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. മൈലേജിനനുസൃതമായി കൃത്യമായ തുകയാണ് അനുവദിക്കപ്പെടുന്നത് എന്ന് ഉറപ്പാക്കേണ്ടതാണ്. അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ 9തീയതി 15.12.18) മറുപടി നല്കിയിട്ടില്ല.

## 3-20 ഓട്ടോ ഹാൾട്ടിംഗ് പെർമ്മിറ്റ് ഫീസ് ഈടാക്കിയത് പഞ്ചായത്ത് ഫണ്ടിൽ അടച്ചില്ല.

വൗച്ചർ നം.21700781തിയ്യതി 14.12..17 പ്രകാരം 21770/- രൂപ , ഓട്ടോ ഹാൾട്ടിംഗ് പെർമ്മിറ്റ് പ്രിന്റിംഗ് ചെലവ് ആയി നല്കിയിട്ടുണ്ട്. വൗച്ചർ പ്രകാരം ഒരു കാർഡിന് 65/- രൂപ തോതിൽ നല്കിയ പ്രിന്റിംഗ് ചെലവ് തുകയാണ്. അതനുസരിച്ച് 335 കാർഡുകളുടെ വിലയാണ് നല്കിയിട്ടുള്ളത്. ട്രാഫിക് അഡ്വൈസറി കമ്മിറ്റി മിനുട്സ് പ്രകാരം 130 രൂപ വീതം ഫീസ് ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഏതൊക്കെ ആളുകൾക്ക് കാർഡ് വിതരണം നടത്തി എന്ന് വ്യക്തമല്ല. 80 പെർമിറ്റുകൾ ഇഷ്യൂ ചെയ്യാതെ പഞ്ചായത്തിൽ സൂക്ഷിച്ചതായും കാണുന്നു. 2017 സെപ്തംബർ , ഒക്ടോബർ മാസങ്ങളിലായി കാർഡ് വിതരണം ചെയ്യാൻ തീരുമാനിച്ചതായി കാണുന്നു. എന്നാൽ കാർഡ് ഇഷ്യൂ ചെയ്തപ്പോൾ വാങ്ങേണ്ട ഫീസ് കാർഡ് വിതരണം കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞിട്ടും

നാളിതുവരെയായി പഞ്ചായത്ത് ഫണ്ടിൽ അടച്ചതായി കാണുന്നില്ല. അതനുസരിച്ച് 335-80= 255 കാർഡുകളുടെ ഫീസായ 33,150/- രൂപ (255x130) പഞ്ചായത്ത് ഫണ്ടിന് നഷ്ടമായിട്ടുണ്ട്. അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ 9തീയതി 15.12.18) മറുപടി നല്കിയിട്ടില്ല. ഈ തുക ഉത്തരവാദികളിൽ നിന്നും പലിശ

സഹിതം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-21 ട്രാൻസ്ഫർ അഡ്വാൻസ് ശംബളം നല്കിയത് -തിരികെ ഈടാക്കിയതിന്റെ രേഖകളില്ല.

വൗച്ചർ നം.21700422 തിയ്യതി 4.8.17 പ്രകാരം 30700/- രൂപ , ജൂണിയർ സൂപ്രണ്ട് ശ്രീ. ജോൺസൺ എന്നയാൾക്ക് 'ട്രാൻസ്ഫർ അഡ്വാൻസ് ശംബളം' ആയി നല്കിയിട്ടുണ്ട്. എന്നാൽ തുക തിരികെ ഈടാക്കിയതിന്റെ വിവരം ഓഡിറ്റിന് നല്കിയിട്ടില്ല. ഈ തുക തിരികെ ഈടാക്കിയതിന്റെ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 9തീയതി 15.12.18) മറുപടി നല്കിയിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

## 3-22 തനത് ഫണ്ട് ചെലവുകൾ - തുക നല്കി- ഫീസിബിലിറ്റി സർട്ടിഫിക്കറ്റുകൾ ലഭിച്ചിട്ടില്ല.

വൗച്ചർ നം.21700334 തിയ്യതി 14.7.17 പ്രകാരം 28000/- രൂപ, പഞ്ചായത്തിലെ 16 കുടിവെള്ള പദ്ധതികളുടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റിനായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് ജില്ല ഓഫീസിൽ നല്കിയിട്ടുണ്ട്. എന്നാൽ ഫിസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചതായി ഫയലിൽ കാണുന്നില്ല.

അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്( നമ്പർ 30തീയതി 21.12.18) മറുപടി നല്കിയിട്ടില്ല. ചെലവ് തുക ഓഡിറ്റിൽ തടസ്സത്തിൽവെക്കുന്നു. ഫീസിബിലിറ്റി സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കി , തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-23 പൊതുമരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പും നിർവ്വഹണത്തിലെ വീഴ്ചകളും.

ഗ്രാമപഞ്ചായത്തിന്റെ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവും രേഖകളുടെ സൂക്ഷിപ്പും സംബന്ധിച്ച് പൊതുവായ ന്യൂനതകൾ താഴെ പറയുന്നു.

1) റോഡ് രജിസ്റ്റർ, റോഡ് കണക്ടിവിറ്റി ഭൂപടം എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പദ്ധതി മാർഗ്ഗ രേഖ [ജി.ഒ.(എം.എസ്)നം. 72/2017 /തസ്വഭവ, 29.03.2017] ഖണ്ഡിക 12.1 അനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കണക്ടിവിറ്റി ഭൂപടം തയ്യാറാക്കാൻ പദ്ധതി നടപ്പിലാക്കേണ്ടതാണ്. റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കി അറിയിക്കേണ്ടതാണ്.

2) 2017-18 വർഷത്തിൽ ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്ററും സെയ്ൽസ് രജിസ്റ്ററും എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഓരോ പ്രവൃത്തിക്കും എത്ര ടെണ്ടർ ഫോറങ്ങൾ

വിറ്റിട്ടുണ്ടെന്നും എത്ര ടെണ്ടർ ഫോറങ്ങൾ സമർപ്പിച്ചിട്ടുണ്ടെന്നും, പഞ്ചായത്തിൽ നിന്നും ടെണ്ടർ ഫോറം വാങ്ങിയിട്ടുള്ള എല്ലാ കരാറുകാരും ടെണ്ടർ സമർപ്പിച്ചിട്ടുണ്ടോ എന്നും സമർപ്പിച്ച ടെണ്ടർ ഫോറങ്ങൾ എല്ലാം ടെണ്ടർ രജിസ്റ്ററിൽ ചേർത്തിട്ടുണ്ടോ എന്നും ആയവ പ്രകാരം ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ടോ എന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ മുദ്ര പതിക്കാത്തതും ക്രമ നമ്പർ ഇല്ലാത്തതുമായ ടെണ്ടർ ഫോറങ്ങളിലാണ് പല പ്രവൃത്തികളുടെയും ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. അതിനാൽ ടെണ്ടർ ഫോറങ്ങൾ ഈ ഗ്രാമപഞ്ചായത്തിൽ നിന്നു തന്നെ വാങ്ങിയവയാണെന്ന് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. ടെണ്ടർ ഫോറം വിൽപ്പനയിലെ അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

3) എസ് 0168/18, പി.എച്ച്.സി. റോഡ് റീ-ടാറിംഗ് എന്ന പ്രവൃത്തിയുടെ ടെണ്ടറിൽ ആകെ രണ്ട് കരാറുകാരാണ് പങ്കെടുത്തിട്ടുള്ളത്. ഇതിൽ റഷീദ് ബി.കെ. എന്ന കരാറുകാരന് ഇഷ്യൂ ചെയ്ത് ടെണ്ടർ ഫോറത്തിൽ ഹംസ വി.കെ. എന്ന കരാറുകാരനും ഹംസ വി.കെ - ക്ക് ഇഷ്യൂ ചെയത് ടെണ്ടർ ഫോറത്തിൽ റഷീദ് ബി.കെ. -യുമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. (ടെണ്ടറത്തിന്റെ ആദ്യ പേജിൽ പേര് രേഖപ്പെടുത്തിയ കരാറുകാരനല്ല രണ്ടാം പേജിൽ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ളത്.) ടെണ്ടർ റദ്ദ് ചെയ്യാതെ ശ്രീ. റഷീദ് ബി.കെ. -യെ പ്രവൃത്തി ഏൽപ്പിച്ചു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

4) വർക്ക് ഫയലുകളോടോപ്പം നോട്ട് ഫയൽ ഇല്ല. ഫയലിന് പേജ് നമ്പർ നൽകിയിട്ടില്ല. സെലക്ഷൻ നോട്ടീസ്, വർക്ക് ഓഡർ, സൈറ്റ് കൈമാറിയതിന്റെ കൈപ്പറ്റ് രേഖ എന്നിവയിൽ തീയതി രേഖപ്പെടുത്താത്തതിനാൽ അസാധുമാണ്. ടെണ്ടർ മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെയും ടെണ്ടർ നോട്ടീസ് ഇല്ല. ടെണ്ടർ പരസ്യത്തിന്റെ വിവരങ്ങളില്ല. ടെണ്ടറുകളുടെ താരതമ്യ പത്രികയില്ല. റീടെണ്ടറുകൾ നടത്തിയവയുടെ കാര്യത്തിൽ മുമ്പ് നടത്തിയ ടെണ്ടറിന്റെ വിവരമില്ല. ടെണ്ടർ ഫോറങ്ങളിൽ പലതിലും ടെണ്ടർ തുറന്ന ഉദ്യോഗസ്ഥൻ ക്വോട്ട് ചെയ്ത നിരക്ക് രേഖപ്പടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. തിരുത്തലുകളുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല. അക്ഷരത്തിൽ നിരക്ക് രേഖപ്പെടുത്താത്ത ടെണ്ടറുകൾ നിരസിക്കുന്നില്ല. കരാറുകരൻ രേഖപ്പടുത്തിയ നിരക്കുകൾ എഞ്ചിനീയർ അക്ഷരത്തിൽ രേഖപ്പടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രവൃത്തികളുടെ എസ്റ്റിമേറ്റിനോടൊപ്പം ലൊക്കേഷൻ മാപ്പും ഡ്രോയിങ്ങും ഇല്ല. റോഡ് പ്രവൃത്തികളുടെ ചെയ്നേജ് എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയിട്ടില്ല. പല പ്രവൃത്തികളുടെയും കരാറുടമ്പടിയിൽ പൂർത്തീകരണ തീയതി രേഖപ്പെടുത്തിയിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

5) അളവ് പുസ്തകത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ഇഷ്യൂ ചെയ്ത എം. ബുക്കുകളുടെ വിവരം മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. സ്റ്റോക്കിലുള്ള ഉപയോഗിക്കാത്ത എം. ബുക്കുകളുടെ വിവരം എഴുതി സൂക്ഷിച്ചിട്ടില്ല. അളവ് പുസ്തകത്തിൽ അളവ് രേഖപ്പെടുത്തിയ ഉദ്യോഗസ്ഥന്റെയും അളവ് പരിശോധിച്ച ഉദ്യോഗസ്ഥന്റെയും മെമ്മോ ഓഫ് പേയ്മെന്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥന്റെയും പേരും ഉദ്യോഗപേരും രേഖപ്പെടുത്തിയിട്ടില്ല. അളവ് പുസ്തകത്തിൽ പേയ്മെന്റിന്റെ വിവരങ്ങൾ രേഖപ്പടുത്തിയിട്ടില്ല.

ചില പ്രവൃത്തികളുടെ അളവ് പുസ്തകത്തിൽ ബിൽ തയ്യാറാക്കുകയും പിന്നീട് ബില്ലിൽ തിരുത്തൽ വരുത്തുകയും ആയതിന് അനുസൃതമായി അളവുകൾ തിരുത്തുകയും ചെയ്തതായി കാണുന്നു.(ഉദാ: 1) എസ് 0212/18, കുന്നമംഗലംകുന്ന് കുടിവെള്ള പദ്ധതി - 2.2.17-നും 10.2.17നും രേഖപ്പെടുത്തിയ അളവുകൾ 28.3.2017-ലെ ചെക്ക് മെഷറിന് ശേഷം തയ്യാറാക്കിയ ബില്ലിലും ആയതിന് അനുസരിച്ച് അളവുകളിലും തിരുത്തൽ വരുത്തിയിരിക്കുന്നു. 2) എസ് 0212/18, ആനക്കാട് റോഡ് റീടാറിംഗ്; എസ് 0181/18, ആനപ്പാറ പക്കാളിപ്പള്ളം റോഡ് റീടാറിംഗ് പ്രവൃത്തികളുടെ കാര്യത്തിലും മേൽ പറഞ്ഞ രീതിയിൽ തിരുത്തൽ വരുത്തിയിട്ടുണ്ട്.)

പല പ്രവൃത്തികളുടെയുടെ അളവ് പുസ്തകത്തിൽ രേഖപ്പെട്ടുത്തിയിരിക്കുന്ന മെമ്മോ ഓഫ് പേയ്മെന്റിന്റ് രേഖപ്പെട്ടുത്തിയിരിക്കുന്നത് തെറ്റാണ്. (ഉദാ: എസ് 0212/18, കുന്നമംഗലംകുന്ന് കുടിവെള്ള പദ്ധതി മെമ്മോ പേയ്മെന്റ് പ്രകരം ചെലവ് തുക 734234/- രൂപ , യഥാർത്ഥ ചെലവ് 608680/- രൂപ.)

പല പ്രവൃത്തികളുടെയുടെ അളവ് പുസ്തകത്തിൽ രേഖപ്പെട്ടുത്തിയിരിക്കുന്ന മെമ്മോ ഓഫ് പേയ്മെന്റിന്റ് പ്രകാരമുള്ള യഥാർത്ഥ പ്രവൃത്തി മൂല്യത്തെക്കാൾ അധികം തുക നൽകിയിട്ടുണ്ട്. (ഉദാ: എസ് 0271/18, പഞ്ചായത്ത് ഓഫീസ് ബസ് സ്റ്റോപ്പിന് സമീപം സംരക്ഷ ഭിത്തി പ്രവൃത്തി മൂല്യം 298274/- രൂപ നൽകിയ തുക 3 ലക്ഷം രൂപ.)

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ മുഴവൻ പരിശോധിച്ച് മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതും നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

6) അസി. എഞ്ചിനീയറുടെ ക്യാഷ് ബുക്കിൽ മാസാന്ത്യ ക്ലോസ്സിംഗ് നടത്തിയിട്ടില്ല. പല രേഖപ്പടുത്തലുകളും തെറ്റാണ് (ഉദാ: 1) വൗച്ചർ നം. 05/17-18, 27.06.2017 തുക 450000/-രൂപ എന്നതിന് പകരം 417363/-രൂപ എന്നാണ് രേഖപ്പടുത്തിയിരിക്കുന്നത്, വൗച്ചർ നം. 05/17-18, 27.06.2017 തുക 190630/-രൂപ എന്നതിന് പകരം 172516/-രൂപ എന്നാണ് രേഖപ്പടുത്തിയിരിക്കുന്നത് ).

7) പല പ്രവൃത്തികളുടെയും ബിൽ തയ്യാറാക്കിയപ്പോൾ അതിൽ 10.5% സർവ്വീസ് ടാക്സ് കണക്കാക്കി കരാറുകരന് നൽകിയിട്ടുണ്ട്. കരാറുകാരന് സർവ്വീസ് ടാക്സ് നൽകിയതിന് കാരണം കാണിക്കുന്ന യാതൊരു രേഖയും ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. ഈ റിപ്പോർട്ടിലെ ഖണ്ഡിക 3- ചേർത്തിട്ടുള്ളതിന് പുറമേ വേറെ ഏതെങ്കിലും പ്രവൃത്തികളിൽ മേൽ പറഞ്ഞ രീതിയിൽ സർവ്വീസ് ടാക്സ് കരാറുകാർക്ക് അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതും ഈടാക്കി അറിയിക്കേണ്ടതാണ്.

8) ടാറിംഗ് പ്രവൃത്തിയുടെ അളവ് പുസ്തകത്തിൽ ടാറിന്റെ അഡ്വികസി രേഖപ്പടുത്തിയിട്ടില്ല. ഒറിജിനൽ ടാർ ബില്ലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.(ഉദാ: 1) 0032/18, നെടുമ്പാല ചൂരിക്കുനി റോഡ് റീ-ടാറിംഗ്, 2) എസ് 0212/18, ആനക്കാട് റോഡ് റീടാറിംഗ് ). ടാറിന്റെ അഡ്വികസി കണക്കാക്കി ഒറിജിനൽ ടാർ ബില്ലുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

9) ഇ-ടെണ്ടർ ഫോറങ്ങളുടെ വില ഗ്രാമപഞ്ചായത്തിൽ വരവ് വന്നിട്ടില്ല. ടെണ്ടർ രജിസ്റ്റർ പ്രകാരം 2017 -18 വർഷത്തിൽ ആകെ 11 ഇ-ടെണ്ടറുകളിൽ കരാറുകാർ ടെണ്ടർ സമർപ്പിച്ചിട്ടുണ്ട്. 2017 -18 വർഷത്തിന് മുമ്പും അതിനുശേഷവും നടത്തിയ ഇ -ടെണ്ടറുകളുടെ ടെണ്ടർ ഫോറം വിലയും ഗ്രാമപഞ്ചായത്തിൽ വരവ് രേഖപ്പെടുത്തിയിട്ടില്ല. തദ്ദേശ സ്വ.യം ഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ അടവാക്കപ്പെട്ടിട്ടുള്ള ഇ-ടെണ്ടർ ഫോറങ്ങളുടെ തുക ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

10) പല പ്രവൃത്തികളുടെയും ബിൽ തുക അനുവദിച്ചിക്കുമ്പോൾ അംഗീകരിച്ച എഗ്രിമെന്റ് തുകയിൽ പരിമിതപ്പെടുത്താതെ അടങ്കൽ തുക അനുവദിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിലെ ഖണ്ഡിക 3- ചേർത്തിട്ടുള്ളതിന് പുറമേ മേൽ പറഞ്ഞ രീതിയിൽ അംഗീകരിച്ച എഗ്രിമെന്റ് തുകയിൽ പരിമിതപ്പെടുത്താതെ കരാറുകാർക്ക് തുക അനുവദിച്ചിട്ടുള്ള സംഗതിയിൽ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

20.12.2018 -ലെ ഓഡിറ്റ് എൻക്വയറി നം. 27 /2017-18 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-24 കരാറുകാർക്ക് സർവ്വീസ് ടാക്സ് എന്ന പേരിൽ അനർഹമായ തുക നൽകിയത് പ്രകാരം 252112/-രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടം.

അസി.എഞ്ചിനീയർ നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തികളുടെ ബിൽ തുക കരാറുകാർക്ക് അനുവദിച്ചപ്പോൾ പ്രവൃത്തി മൂല്യത്തിന്റെ 10.5% തുകകൂടി സർവ്വീസ് ടാക്സ് എന്ന പേരിൽ നൽകിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നം, പ്രവൃത്തിയുടെ പേര് | അടങ്ങൽ | പ്രവൃത്തി മൂല്യം | സർവ്വീസ് ടാക്സ് | ചെലവ് തുക, ട്രഷറി ബിൽ നമ്പർ |
|---|---|---|---|---|---|
| 1 | എസ്.0197/18, പക്കാളിപ്പള്ളം സബ് സെന്റർ റിപ്പയർ | 199589/- സംരക്ഷണ ഗ്രാന്റ് | 172516/- | 18114/- | 190630/- 20/17-18, 29.06.2017 |
| 2 | എസ്.0176/18, നെടുമ്പാല നീലിക്കാപ്പ് സബ് സെന്റർ റിപ്പയർ | 400000/- സംരക്ഷണ ഗ്രാന്റ് | 290627/- | 30516/- | 321143/- 13/17-18, 29.06.2017 |
| 3 | എസ്.0196/18, ചേലേരിക്കവ് താഞ്ഞിലോട് കുന്നമ്പറ്റ വാർഡ് സബ് സെന്റർ | 450000/- സംരക്ഷണ ഗ്രാന്റ് | 373090/- | 39174/- | 412264/- 01/17-18, 29.06.2017 |

| | | | | | |
|---|---|---|---|---|---|
| 4 | എസ്.0019/18, പക്കാളിപ്പള്ളം വാർഡ് അംഗൻവാടി റിപ്പയർ | 350000/- സംരക്ഷണ ഗ്രാന്റ് | 289276/- | 30374/- | 319650/- 19/17-18, 29.06.2017 |
| 5 | എസ്.0188/18, കട്ടൂർ അമ്പലകുന്ന് അംഗൻവാടി റിപ്പയർ | 192000/- സംരക്ഷണ ഗ്രാന്റ് | 125278/- | 13154/- | 138432/- 19/17-18, 29.06.2017 |
| 6 | എസ്.0089/18, മുണ്ടകൈ സ്കൂൾ റിപ്പയർ | 400000/- സംരക്ഷണ ഗ്രാന്റ് | 348347/- | 36576/- | 384923/- 78/17-18, 06.01.2018 |
| 7 | എസ്.0227/18, മുണ്ടകൈ പുഞ്ചിരിമട്ടം ഡ്രൈനേജ് | 495000/- ലോക ബാങ്ക് | 490270/- | 4730/- | 495000/- 79/17-18, 28.12.2017 |
| 8 | എസ്.0189/18, മേപ്പാടി ടൗൺ പൂത്തക്കൊല്ലി അംഗൻവാടി റിപ്പയർ | 400000/- സംരക്ഷണ ഗ്രാന്റ് | 339537/- | 35651/- | 375188/- 80/17-18, 16.01.2018 |
| 9 | എസ്.0231/17, മേപ്പാടി ജി.എൽപി. സ്കൂൾ റിപ്പയർ | 450000/- (സംരക്ഷണ ഫണ്ട്) | 377578/- | 43823/- | 450000/-രൂപ 09/17-18, 29.06.2017 |
| ആകെ സർവ്വീസ് ടാക്സ് | | | | 252112/-രൂപ | |

(# ടെണ്ടർ കുറവ് കഴിച്ചുള്ള തുകയാണ് പട്ടികയിൽ പ്രവൃത്തി മൂല്യമായി രേഖപ്പെടുത്തിയിരിക്കുന്നത്).

ഈ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക നം.3-25(2) കാണുക. ഓഡിറ്റ് എൻക്വയറി നം . 25/2017-18/ 21.12.2018 - ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർവ്വീസ് ടാക്സ് എന്ന പേരിൽ കരാറുകാർക്ക് അനുവദിച്ച ആകെ തുക 252112/-രൂപയുടെ ചെലവ് ഓഡിറ്റ് നിരാകരിക്കുന്നു. തുക പേയ്മെന്റ് നടത്തിയ അസി. എഞ്ചിനീയർമാരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-25 കരാറുമ്പടി പ്രകാരം അർഹമായതിലും അധിക തുക അനുവദിച്ചു.

അസി.എഞ്ചിനീയർ നടപ്പിലാക്കിയ പല പ്രവൃത്തികളുടെയും ബിൽ തുക അനുവദിക്കുമ്പോൾ കരാറുകാരൻ അംഗീകരിച്ച് ചമച്ച ഉഭയകക്ഷി കരാറുടമ്പടിയിൽ ഏർപ്പെട്ടതിലും അധിക തുക അനുവദിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് അനുസരിച്ച് ചെയ്യേണ്ടതിലും

അധിക അളവിൽ വിവിധ പ്രവൃത്തി ഇനങ്ങൾ ചെയ്തതായി അളവ് രേഖപ്പെടുത്തുകയും ആയതിന്റെ മൂല്യം നിർണ്ണയിച്ച് അടങ്കൽ തുകയിൽ പരിമതപ്പെടുത്തി തുക അനുവദിക്കുകയുമാണ് ചെയ്തിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 14(5) അനുസരിച്ച് അധികം ചെയ്തതായി പറയുന്ന പ്രവൃത്തികൾ അനിവാര്യമായിരുന്നെങ്കിൽ ഭരണ സമിതിയുടെ അനുമതിയോടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് കരാറുകാരനുമായി സപ്ലിമെന്ററി എഗ്രിമെന്റ് ചമച്ചാണ് നടപ്പിലാക്കേണ്ടിയിരുന്നത്. അല്ലാത്തപക്ഷം ടെണ്ടർ പ്രകാരം അംഗീകരിച്ച തുകയ്ക്കേ കരാറുകരന് അർഹത ഉണ്ടായിരിക്കുകയുള്ളൂ (ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ കാര്യത്തിൽ പി.എ.സി. തുക). ആയതിൽ പരിമതപ്പെടുത്തിയാണ് തുക അനുവദിക്കേണ്ടത്.

കരാടുമ്പടി പ്രകരം അർഹമായതിലും അധിക തുക (മുൻകൂർ അനുവാദം വാങ്ങി എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതെ) കരാറുകർക്ക് അനുവദിച്ച പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. ചുളിക്ക, എരുമക്കൊല്ലി ജി.എൽ.പി. സ്കൂൾ റിപ്പയർ

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0194/18 |
| അടങ്കൽ | 450000/-രൂപ (സംരക്ഷണ ഫണ്ട്) |
| ചെലവ് | 289357/-രൂപ (ട്രഷറി ബിൽ നം. 06/17-18, 29.06.2017)<br>160353/-രൂപ (ട്രഷറി ബിൽ നം. 57/17-18, 17.08.2017)<br>ആകെ ചെലവ്: 449710/-രൂപ |
| എം. ബുക്ക് നമ്പർ | 36/2016-17 (പേജ് നം. 1-25)<br>73/2016-17 (പേജ് നം. 1-10) |
| കരാറുടമ്പടി നമ്പർ | AE/LSGD/MEP/2/2016-17, 31.08.2017 |
| കരാറുകരൻ | ശ്രീ. എം. അനിൽകുമാർ |
| അളവ് പുസ്തക പ്രകാരം പ്രവൃത്തി മൂല്യം | 487489/-രൂപ |

കരാറുകാരൻ ടെണ്ടറിൽ 0.1% കുറവ് നിരക്കാണ് രേഖപ്പെടുത്തിയിരുന്നത്. പ്രോജക്ടിന്റെ അടങ്കൽ 450000/-രൂപയാണെങ്കിലും സിവിൽ പ്രവൃത്തികളുടെ ആകെ മൂല്യം 405966/-രൂപയാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | എസ്റ്റ്മേറ്റിലെ വകയിരുത്തലുകൾ | വകയിരുത്തിയതുക |
|---|---|---|

| | | |
|---|---|---|
| 1 | സിവിൽ പ്രവൃത്തി | 405966 |
| 2 | സർവ്വീസ് ടാക്സ് | 42627 |
| 3 | ലം.സം. | 1407 |
| ആകെ തുക | | 450000/-രൂപ |

ആയതിനാൽ അനുവദിക്കാവുന്ന പരമാവധി തുക 405560/-രൂപയാണ് (405966 -ന്റെ 0.1% കുറവ്). അധിക തുക അനുവദിച്ചതിനാൽ 44150/-രൂപ ( 449710 - 405560) ഗ്രാമപഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി നം . 15/2017-18/ 19.12.2018 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2. മേപ്പാടി ജി.എൽ.പി. സ്കൂൾ റിപ്പയർ

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0231/17 |
| അടങ്കൽ | 450000/-രൂപ (സംരക്ഷണ ഫണ്ട്) |
| ചെലവ് | 450000/-രൂപ (ട്രഷറി ബിൽ നം. 09/17-18, 29.06.2017) |
| പി.എ.സി. | 405998/-രൂപ |
| എം. ബുക്ക് നമ്പർ | 35/2016-17 (പേജ് നം. 1-19) |
| കരാറുടമ്പടി നമ്പർ | AE/LSGD/MEP/27/2016-17, 13.03.2017 |
| കരാറുകരൻ | ശ്രീ. അനിൽകുമാർ എം. |
| അളവ് പുസ്തക പ്രകാരം പ്രവൃത്തി മൂല്യം | 448777/-രൂപ |

05.02.2017 - ന് ടെണ്ടർ നടത്തിയ മേൽ പ്രവൃത്തിത്തിക്ക് 3 ടെണ്ടറുകളാണ് ലഭിച്ചത്. ഇതിൽ 7% ബിലോ ക്വോട്ട് ചെയ്യത ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്. പ്രോജക്ടിന്റെ അടങ്കൽ 450000/-രൂപയാണെങ്കിലും സിവിൽ പ്രവൃത്തികളുടെ ആകെ മൂല്യം 405998/-രൂപയാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | എസ്റ്റ്മേറ്റിലെ വകയിരുത്തലുകൾ | വകയിരുത്തിയതുക |
|---|---|---|
| 1 | സിവിൽ പ്രവൃത്തി | 405998 |
| 2 | സർവ്വീസ് ടാക്സ് | 42627 |
| 3 | ലം.സം. | 1407 |
| ആകെ തുക | | 450000/-രൂപ |

ആയതിനാൽ അനുവദിക്കാവുന്ന പരമാവധി തുക 377578/-രൂപയാണ് (405998 -ന്റെ 7% കുറവ്). എന്നാൽ താഴെ പറയുന്ന പ്രകാരമാണ് തുക നൽകിയിട്ടുള്ളത്.

| | | |
|---|---|---|
| അളവ് പുസ്തക പ്രകാരമുള്ള ആകെ പ്രവൃത്തി മൂല്യം | | 448777 |
| 7% ടെണ്ടർ ബിലോ കുറവ് ചെയ്ത് ബാക്കി തുക | | 417363 |
| സർവ്വീസ് ടാക്സ് | | 43823 |
| ആകെ | | 461186 |
| ആകെ ചെലവ് തുക അടങ്കൽ തുകയിലേക്ക് പരിമിതപ്പെടുത്തിയത് | | 450000 |
| വാറ്റ് 4% | 16695 | 25043 |
| ഐ.റ്റി. 1% | 4174 | |
| ക്ഷേമ നിധി 1% | 4174 | |
| കരാറുകരന് നൽകിയ തുക | | 424957 |

അധിക തുക അനുവദിച്ചതിനാൽ 72422/-രൂപ ( 450000 - 377578 ) അധികം ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി നം. 02/2017-18/11.12.2018 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

3. ഉറവ്-കറപ്പൂര നടപ്പാത

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0204/18 |
| അടങ്കൽ | 3ലക്ഷം രൂപ (വികസന ഫണ്ട്) |
| ചെലവ് | 292907/- രൂപ (ട്രഷറി ബിൽ നം. 16/17-18, 29.06.2017) |
| പി.എ.സി. | 264833/-രൂപ |
| എം. ബുക്ക് നമ്പർ | 28/2016-17 (പേജ് നം. 1-10) |
| കരാറുടമ്പടി നമ്പർ | AE/LSGD/MEP/33/2016-17, 13.03.2017 |
| കരാറുകരൻ | ശ്രീ. റഹിം എം.എ. |
| അളവ് പുസ്തക പ്രകാരം പ്രവൃത്തി മൂല്യം | 293200/-രൂപ |

കരാറുകാരൻ ടെണ്ടറിൽ 0.01% കുറവ് നിരക്കാണ് രേഖപ്പെടുത്തിയിരുന്നത്. പ്രോജക്ടിന്റെ അടങ്കൽ 300000/-രൂപയാണെങ്കിലും സിവിൽ പ്രവൃത്തികളുടെ ആകെ മൂല്യം 264833/-രൂപയാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | എസ്റ്റിമേറ്റിലെ വകയിരുത്തലുകൾ | വകയിരുത്തിയതുക |
|---|---|---|
| 1 | സിവിൽ പ്രവൃത്തി | 264833 |
| 2 | ലം.സം. | 35167 |

| | |
|---|---|
| ആകെ തുക | 300000/-രൂപ |

ആയതിനാൽ അനുവദിക്കാവുന്ന പരമാവധി തുക 264806/-രൂപയാണ് (264833 -ന്റെ 0.01% കുറവ്). അധിക തുക അനുവദിച്ചതിനാൽ 28101/-രൂപ (292907 - 264806) ഗ്രാമപഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്.

4. മുണ്ടക്കൈ പുഞ്ചരിമട്ടം ഡ്രൈനേജ്

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0227/18 |
| അടങ്കൽ | 495000/- രൂപ (ലോക ബാങ്ക് ധനസഹായം) |
| ചെലവ് | 495000/- രൂപ (ട്രഷറി ബിൽ നം. 79/17-18, 28.12.2017) |
| പി.എ.സി. | 465886/-രൂപ |
| എം. ബുക്ക് നമ്പർ | 85/2016-17 |
| കരാറുടമ്പടി നമ്പർ | AE/LSGD/MEP/76/2016-17, 31.03.2017 |
| കരാറുകരൻ | ശ്രീ. അഭിലാഷ് കെ.കെ. |
| അളവ് പുസ്തക പ്രകാരം പ്രവൃത്തി മൂല്യം | (*)490270/-രൂപ |

[(*) അളവ് പുസ്തക പ്രകാരമുള്ള പ്രവൃത്തി മൂല്യം 490270/-രൂപയാണ് അതിനോടൊപ്പം സർവ്വീസ് ടാക്സ് എന്ന പേരിൽ നൽകിയ 4730/- രൂപയും ചേർത്ത് ആകെ 495000/-യാണ് പ്രോജക്ടിന്റ് ആകെ ചെലവ്.]

കരാറുകാരൻ ടെണ്ടറിൽ എസ്റ്റ്മേറ്റ് നിരക്കാണ് രേഖപ്പെടുത്തിയിരുന്നത്. പ്രോജക്ടിന്റെ അടങ്കൽ 495000/-രൂപയാണെങ്കിലും സിവിൽ പ്രവൃത്തികളുടെ ആകെ മൂല്യം 465886/-രൂപയാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | എസ്റ്റ്മേറ്റിലെ വകയിരുത്തലുകൾ | വകയിരുത്തിയതുക |
|---|---|---|
| 1 | സിവിൽ പ്രവൃത്തി | 465886 |
| 2 | സർവ്വീസ് ടാക്സ് | 27503 |
| 3 | ലം.സം. | 1161 |
| ആകെ തുക | | 495000/-രൂപ |

ആയതിനാൽ അനുവദിക്കാവുന്ന പരമാവധി തുക 465886/-രൂപയാണ്. അധിക തുക അനുവദിച്ചതിനാൽ 29114/-രൂപ (495000 - 465886) ഗ്രാമപഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്.

ക്രമ നമ്പർ III-ഉം IV- ഉം 21.12.2018 -ലെ ഓഡിറ്റ് എൻക്വയറി നം . 29/2017-18 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ടെണ്ടർ അംഗീകരിച്ച്

കരാറുകരനുമായി ചമച്ച ഉഭയകക്ഷി കരാർ പ്രകാരം അനുവദിക്കാവുന്നതിലും അധിക തുക ക്രമവിരുദ്ധമായി അനുവദിച്ചതിനാൽ മേൽ പറഞ്ഞ 4 പ്രോജക്ടുകളിലായി ആകെ 173787/-രൂപയിൽ (44150 + 72422 + 28101 + 29114) ഈ റിപ്പോർട്ടിലെ ഖണ്ഡിക 3-പ്രകാരം നിരാകരിച്ചിട്ടുള്ള സർവ്വീസ് ടാക്സ് തുകകൾ യഥാക്രമം 43823/-രൂപയും 4730/-രൂപയും (ക്രമ നമ്പർ II, IV എന്നിവയിൽ ഉൾപ്പെട്ടിട്ടുള്ള തുകകൾ) ആകെ 48553/-രൂപ ഒഴിച്ച് 125234/-രൂപ (173787 - 48553) ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു. അധിക തുക അനുവദിച്ച നടപടിയെ ന്യായികരിക്കുന്നതുമായി ബന്ധപ്പെട്ട രേഖകൾ ഉണ്ടെങ്കിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-26 ഗുണഭോക്തൃ സമിതിക്ക് പ്രവൃത്തി മൂല്യത്തെക്കാൾ അധിക തുക നൽകിയതിനാൽ 19680/-രൂപ നഷ്ടം.

പുളിങ്കണ്ടി കോളനി കിണർ എന്ന ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ പ്രോജക്ടിന് പ്രവൃത്തിമൂല്യത്തെക്കാൾ അധികം തുക ചെലവഴിച്ചിട്ടുണ്ട്. അസി.എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0169/18 |
| അടങ്കൽ | 200000/-രൂപ (വികസന ഫണ്ട് - ടി.എസ്.പി.)<br>150000/-രൂപ (തനത് ഫണ്ട്) |
| ചെലവ് | 197682/-രൂപ(ട്രഷറി ബിൽ നം. 83/2017-18, 16.11.2017)<br>150000/-രൂപ (ട്രഷറി ചെക്ക് നം. 1819363/11.12.2017)<br>ആകെ ചെലവ്: 347682/-രൂപ |
| എം. ബുക്ക് നമ്പർ | 87/2016-17 (പേജ് നം. 1-23)<br>88/2016-17 (പേജ് നം. 1-17) |
| കരാറുടമ്പടി നമ്പർ | കരാറുടമ്പടി വെച്ചിട്ടില്ല |
| കൺവീനർ | ശ്രീ. ശിവൻ |
| അളവ് പുസ്തക പ്രകാരം പ്രവൃത്തി മൂല്യം | 328002/-രൂപ |

മേൽ പ്രവൃത്തിയുടെ എസ്റ്റ്മേറ്റിൽ ഒരോ ഇനത്തിന്റെയും നിരക്കിൽ 7.5% ഓവർ ഹെഡ് ചാർജ് (വർക്ക് ബില്ലിൽ നിന്നുള്ള ഈടാക്കലുകൾക്ക് - ടാക്സ് തുടങ്ങിയവ) ഉൾപ്പെടുത്തിയിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ഓവർ ഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയിരിക്കുന്നത്

പ്രവൃത്തികൾക്ക് ബാധകമായിട്ടുള്ള നികുതികൾ, തൊഴിലാളി ക്ഷേമനിധി വിഹിതം തുടങ്ങിയവ പ്രവൃത്തിയുടെ ബില്ലിൽനിന്നും വസൂലാക്കുന്നതിന് വേണ്ടിയാണ് (ജി. ഒ. (പി) നം. 30/2016/ധനം, തീയ്യതി 29.02.2016 കാണുക).
ആയതിനാൽ പ്രവൃത്തിമൂല്യമാണ് പ്രവൃത്തിക്ക് വരാവുന്ന പരമാവധി ചെലവ്. എന്നാൽ പ്രവൃത്തിമൂല്യത്തിൽ നിന്നും നിയമ പരമായ വസൂലാക്കലുകൾ വരുത്താതെ തുക അനുവദിച്ചതിനാൽ 19680/-രൂപയുടെ (347682 - 328002) അധിക ചെലവുണ്ടായിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം . 12/2017-18/ 17.12.2018 - ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി അനുവദിച്ച 19680/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. ആയത് ബിൽ തുക അനുവദിച്ച അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-27 കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അകാരണമായി തിരസ്കരിച്ചതിനാൽ ഗ്രാമപഞ്ചായത്തിന് 26732/-രൂപ നഷ്ടം.

നീലിക്കാപ്പ് റോഡ് കോൺക്രീറ്റ് എന്ന പ്രോക്ടിന്റെ ടെണ്ടറിൽ 3 കാരാറുകാരണ് പങ്കെടുത്തിട്ടുള്ളത്. ഇതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകരനെ പ്രവൃത്തി ഏൽപ്പിക്കാതെ അടുത്ത കുറവ് ക്വോട്ട് ചെയ്ത കരാറുകരനെയാണ് പ്രവൃത്തി ഏൽപ്പിച്ചിട്ടുള്ളത്. അസി.എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0260/18 |
| അടങ്കൽ | 202940/-രൂപ (ലോക ബാങ്ക് ധനസഹായം) |
| ചെലവ് | 199800/-രൂപ (ട്രഷറി ബിൽ നം. 60/2017-18, 23.08.2017) |
| പി.എ.സി. | 199158/- രൂപ |
| എം. ബുക്ക് നമ്പർ | 57/2016-17 (പേജ് നം. 1-09) |
| കരാറുടമ്പടി നമ്പർ | AE/LSGD/MEP/02/2016-17, 15.04.2017 |
| കരാറുകരൻ | ശ്രീ. ജോർജ് കെ.വി. |
| അളവ് പുസ്തക പ്രകാരം പ്രവൃത്തി മൂല്യം | 200000/-രൂപ |

പ്രവൃത്തിക്ക് സമർപ്പിച്ച ടെണ്ടറുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കരാറുകരന്റെ പേര് | ക്വോട്ട് ചെയ്ത നിരക്ക് |
|---|---|---|
| 1 | ബോസ് എൻ.എസ്. | 13.1% കുറവ് |
| 2 | ജോർജ് കെ.വി. | 0.1% കുറവ് |

| | | |
|---|---|---|
| 3 | അഭിലാഷ് കെ.കെ. | എസ്റ്റ്മേറ്റ് നിരക്ക് |

13.1% കുറവ് നിരക്ക് ക്വോട്ട് ചെയ്ത ശ്രീ. ബോസ് എൻ.എസ്. - നെ പ്രവൃത്തി ഏലൽപ്പിക്കാതെ ശ്രീ. ജോർജ് കെ.വി. - യെയാണ് കാരാറുടമ്പടി വെച്ച് പ്രവൃത്തി ഏലൽപ്പിച്ചിട്ടുള്ളത്. ശ്രീ. ബോസ് എൻ.എസ്. -ന്റെ ടെണ്ടർ നിരസിച്ചതായി ടെണ്ടർ രജിസ്റ്ററിലോ ടെണ്ടർ ഫോറത്തിലോ രേഖപ്പെടുത്തിയിട്ടില്ല. കുറഞ്ഞ നിരക്കിലുള്ള ടെണ്ടറുകാരൻ മുഖേന പ്രവൃത്തി നടപ്പിലാക്കാത്തതിനാൽ താഴെ പറയും പ്രകാരം 26732/- രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടം ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| പി.എ.സി. | 199158/- രൂപ |
| 13.1% കുറവ് | 26090/- രൂപ |
| പ്രവൃത്തിയുടെ അനുവദനീയമായ ചെലവ് | 173068/- രൂപ |
| ഗ്രാമപഞ്ചായത്തിന് ഉണ്ടായ നഷ്ടം (199800 - 173068) | 26732/- രൂപ |

ഭരണ സമിതിയുടെ 17.03.2017-ലെ 1-ാംനമ്പർ തീരുമാനത്തിൽ ശ്രീ. ജോർജ് കെ.വി., ശ്രീ. അഭിലാഷ് കെ.കെ. എന്നീ രണ്ട് കരാറുകാരുടെ ടെണ്ടർ ലഭിച്ചതായും ആയതിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയ ശ്രീ. ജോർജ് കെ.വി. - യുടെ ടെണ്ടർ അംഗീകരിച്ചതായുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഭരണ സമിതിയുടെ തീരുമാനത്തിൽ തെറ്റുവന്നതായി നിർവ്വഹണ ഉദ്യോഗസ്ഥൻ ചൂണ്ടികാട്ടിയതായി കാണുന്നില്ല. കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ സമർപ്പിച്ച കാരാറുകാരന്റെ ഇ.എം.ഡി. പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടി നടപടികൾ സ്വീകരിക്കാത്തതിനാൽ കരാറുകരൻ വീഴ്ച വരുത്തിയതിനാലാണ് അദ്ദേഹത്തിന്റെ ടെണ്ടർ തിരസ്കരിച്ചത് എന്നും കരുതാൻ നിർവ്വാഹമില്ല. അതിനാൽ ടെണ്ടർ തുറന്ന ഉദ്യോഗസ്ഥന് വീഴ്ച പറ്റിയതായി ഓഡിറ്റ് നിരീക്ഷിക്കുന്നു.

ഓഡിറ്റ് എൻക്വയറി നം. 10/2017-18/ 17.12.2018 - ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന് ഉണ്ടായ നഷ്ടം 26732/-രൂപ ഓഡിറ്റ് നിരാകരിക്കുന്നു. തുക ടെണ്ടർ തുറന്ന അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-28 മത്സ്യ മാംസ മാർക്കറ്റ് റിപ്പയർ - വീണ്ടും ഇ-ടെണ്ടർ നടത്തിയില്ല.

മത്സ്യ മാംസ മാർക്കറ്റ് റിപ്പയർ എന്ന പ്രോജക്ടിന്റെ 04.11.2016-ൽ നടത്തിയ ഇ-

ടെണ്ടറിൽ ശ്രീ. ഷംസുദ്ദീൻ കെ. എന്ന കരാറുകരന്റെ 8.9% കുറവ് നിരക്കിലുള്ള ഒരു ടെണ്ടർ മാത്രമാണ് ലഭിച്ചിട്ടുള്ളത്. പ്രസ്തുത കാരണത്താൽ ഭരണസമിതിയുടെ 07.02.2016-ലെ 8-ാം നമ്പർ പ്രകാരം പുനർ ക്വോട്ടേഷൻ വിളിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ക്വോട്ടേഷൻ വിളിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. എന്നാൽ ടെണ്ടർ രജിസ്റ്ററിൽ 31.01.2017 -ൽ ശ്രീ. റെഹിം എം.എ എന്ന കാരറുകാരന്റെ 0.01% കുറവ് തുകയുടെ ഒരു ടെണ്ടർ മാത്രം ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ പറഞ്ഞ കാരാറുകാരന്റെ എസ്റ്റ്മേറ്റ് നിരക്കിലും 0.01% കുറവ് രേഖപ്പെടുത്തിയ ഗ്രാമപഞ്ചായത്ത് വിതരണം ചെയ്ത ടെണ്ടർ ഫോറത്തിലുള്ള ടെണ്ടറാണ് പ്രവൃത്തിയുടെ ഫയലിൽ ഉള്ളത്. അസി.എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.0329/18 |
| അടങ്കൽ | 101618/-രൂപ (വികസന ഫണ്ട് - പ്രത്യേക ഗ്രാന്റ്)<br>498382/-രൂപ (സംരക്ഷണ ഗ്രാന്റ്)<br>ആകെ : 6 ലക്ഷം രൂപ |
| ചെലവ് | 498382/-രൂപ(ട്രഷറി ബിൽ നം. 69/2017-18, 06.10.2017)<br>101618/-രൂപ(ട്രഷറി ബിൽ നം. 115/2017-18, 26.02.2018)<br>ആകെ : 6 ലക്ഷം രൂപ |
| എം. ബുക്ക് നമ്പർ | 77/2016-17 (പേജ് നം. 1-47) |
| ആദ്യ അളവ് | 07.06.2017 (പേജ് നം. 3) |
| അവസാന അളവ് | 28.06.2017 (പേജ് നം. 31) |
| കരാറുടമ്പടി നമ്പർ | AE/LSGD/MEP/42/2016-17, 13.03.2107 |

പ്രവൃത്തി അംഗീകരിച്ച എസ്റ്റ്മേറ്റ് പ്രകാരമല്ല പൂർത്തിയാക്കിയിട്ടുള്ളത്. തീയതിയും നമ്പറും രേഖപ്പെടുത്താത്ത പ്രസ്തുത പ്രവൃത്തിയുടെ ഒരു റിവൈസ്ഡ് എസ്റ്റിമേറ്റ് ഫയലിലുണ്ട്. എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള ഭരണസമിതി തീരുമാനവും എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടിവന്നതിന്റെ കാരണം കാണിക്കുന്ന അസി. എഞ്ചിനീയറുടെ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല.

ആദ്യ ടെണ്ടറിൽ 8.9% കുറവ് നിരക്കിലുള്ള ടെണ്ടർ ലഭിച്ച പ്രവൃത്തിക്ക് രണ്ടാമത് ഇ ടെണ്ടർ വിളിക്കാതെ ക്വോട്ടേഷൻ വിളിക്കാൻ തീരുമാനിച്ച് സാധാരണ ടെണ്ടർ വിളിച്ചതിനും ഭരണസമിതിയുടെ അനുമതിയില്ലാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് നടപ്പിലാക്കിയതിനും രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കാനും രണ്ടാമത് നടത്തിയ ടെണ്ടറിന്റെ ടെണ്ടർ നോട്ടീസും ടെണ്ടർ പരസ്യവും ഹാജരാക്കാനും ആവശ്യപ്പെട്ട് നൽകിയ 19.12.2018 -ലെ ഓഡിറ്റ് എൻക്വയറി നം 16 /2017-18 -ന് മറുപടി ലഭിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങളിലെ ചട്ടം 11(1)

അനുസരിച്ച് ലഭിച്ച ടെണ്ടറുകളിലെ നിരക്ക് സ്വീകാര്യമല്ലെങ്കിലോ ലഭിച്ചിരിക്കുന്ന ടെണ്ടറുകളുടെ എണ്ണം ലഭിച്ചിട്ടില്ലെങ്കിലും റീടെണ്ടർ നടത്തേണ്ടതാണ്. ചട്ടം 11(2) അനുസരിച്ച് റീടെണ്ടറിൽ ലഭിച്ച ടെണ്ടറുകളുടെ നിരക്ക് സ്വീകര്യമല്ലെങ്കിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരനുമായി നെഗോഷിയേറ്റ് ചെയ്ത് പ്രവൃത്തി ഏൽപ്പിക്കുകയുമാണ് ചെയ്യേണ്ടത്. ആയതിനാൽ ആദ്യത്തെ ടെണ്ടറിൽ 8.9% കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ ലഭിച്ചിട്ടും വീണ്ടും ഇ-ടെണ്ടർ നടത്തേണ്ടതിന് പകരം മാന്വൽ ടെണ്ടർ വിളിക്കാൻ തീരുമാനിച്ചത് തെറ്റായ നടപടിയാണ്. രണ്ടാമത്തെ ടെണ്ടറിൽ ആദ്യ ടെണ്ടറിനേക്കാൾ കൂടിയ നിക്കിലുള്ള ടെണ്ടറാണ് ലഭിച്ചത് എന്നതിനാൽ കരാറുകാരനുമായി നെഗോഷിയേറ്റ് ചെയ്ത് നിരക്ക് കുറയ്ക്കാൻ നടപടി സ്വീകരിച്ചതായും കാണുന്നില്ല. തെറ്റായ തീരുമാന പ്രകാരം 53400/-രൂപ (600000 X 8.9%) ഗ്രാമപഞ്ചായത്തിന് നഷ്ടം ഉണ്ടായിട്ടുണ്ട്. ആയതിനാലും രണ്ടാമത് നടത്തിയതായി പറയുന്ന ടെണ്ടറിന്റെ ടെണ്ടർ നോട്ടീസും പത്രപരസ്യവും എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിന് ആധാരമായ രേഖകളും ഹാജരാക്കാത്തതിനാലും ചെലവ് തുക 6 ലക്ഷം രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. ന്യൂനതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും മേൽ പറഞ്ഞ രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 3-29 എസ്റ്റിമേറ്റ് നിരക്കിലും അധിക നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചു.

അസി.എഞ്ചിനീയർ നടപ്പാക്കിയ നെല്ലിമാളം കുടിവെള്ള പദ്ധതി എന്ന പ്രോജക്റ്റിന്റെ 31.03.2017-ൽ നടത്തി ഇ- ടെണ്ടറിൽ ശ്രീ. പി.എ. മുഹമ്മദ് എന്ന കരാറുകരന്റെ 1133881.68രൂപ രേഖപ്പെടുത്തിയ ഒരു ടെണ്ടർ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ആയതിനാൽ പുനർ ഇ-ടെണ്ടർ വിളിക്കാൻ തീരുമാനിക്കുകയും രണ്ടാമത്തെ ടെണ്ടറിൽ 3 ടെണ്ടറുകൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്. റീടെണ്ടറിൽ ക്വോട്ട് ചെയ്ത തുകകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കരാറുകരന്റെ പേര് | ക്വോട്ട് ചെയ്ത തുക |
|---|---|---|
| 1 | പി.എ. മുഹമ്മദ് | 1150532.8 |
| 2 | ജോർജ് എം.എ. | 1197467.3 |
| 3 | ട്രവൽ കൺസ്ട്രക്ഷൻ | 1344403.27 |

ഭരണസമിതിയുടെ 05.06.2017 -ലെ 1-ാം നമ്പർ തീരുമാന പ്രകാരം ടെണ്ടറിൽ കുറവ് തുക രേഖപ്പെടുത്തിയ പി.എ. മുഹമ്മദ് ആദ്യ ടെണ്ടറിൽ 1133882/- രൂപയാണ് ക്വോട്ട് ചെയ്തിട്ടുള്ളത് എന്നതിനാൽ ആ തുക അംഗീകരിച്ച പ്രവൃത്തി ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഭരണസമിതിയുടെ 26.08.2017 -ലെ 1/17(2)-ാം നമ്പർ തീരുമാനം പ്രകാരം മുഹമ്മദ് പാറക്കുഴിയിൽ എന്ന കരാറുകാരൻ കരാറിൽ നിന്നും പിൻമാറിയതിനാൽ അദ്ദേഹത്തിന്റെ ഇ.എം.ഡി. സെക്യൂരിറ്റി നിക്ഷേപം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനും രണ്ടാമത്തെ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകരനുമായി നെഗോഷ്യേറ്റ് ചെയ്തത് പ്രവൃത്തി ഏൽപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്.

കരാറുകരനുമായി നെഗോഷ്യേറ്റ് ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രണ്ടാമത്തെ കരാറുകാരൻ എസ്റ്റിമേറ്റ് തുകയെക്കാൾ കൂടിയ തുകയാണ് ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് അംഗീകരിച്ച് കരാറുടമ്പടിവെച്ച് പ്രവൃത്തി പ്രസ്തുത കരാറുകാരനെ ഏൽപ്പിക്കുകയും പ്രവൃത്തി പൂർത്തിയാക്കിയ പ്രകാരം തുക അനുവദിക്കുകയും ചെയ്തു. പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0244/18 |
| അടങ്കൽ | 14 ലക്ഷം രൂപ (ലോക ബാങ്ക് ധനസഹായം) |
| ചെലവ് | 969996/-രൂപ (ട്രഷറി ബിൽ നം. 88/2017-18, 11.01.2018)<br>90164/-രൂപ (ട്രഷറി ബിൽ നം. 89/2017-18, 11.01.2018) (മോട്ടോറിന്റെ വില)<br>227471/-രൂപ (ട്രഷറി ബിൽ നം. 90/2017-18, 11.01.2018)<br>ആകെ ചെലവ് – 12,87,331 രൂപ |
| പി.എ.സി. | 1260981.62 രൂപ |
| എം. ബുക്ക് നമ്പർ | 94/2017-18 (പേജ് നം. 1-48)<br>99/2017-18 (പേജ് നം. 1) |
| കരാറുടമ്പടി നമ്പർ | AE/LSGD/MEP/23/2016-17, 31.08.2107 |
| അളവ് പുസ്തക പ്രകാരം സിവിൽ പ്രവൃത്തി മൂല്യം | 1197467.3/-രൂപ |

പ്രോജക്ടിന്റെ അടങ്കൽ 14 ലക്ഷം രൂപയാണെങ്കിലും സിവിൽ പ്രവൃത്തികളുടെ മൂല്യം 1160981.62രൂപയാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | എസ്റ്റിമേറ്റിലെ വകയിരുത്തലുകൾ | വകയിരുത്തിയ തുക |
|---|---|---|
| 1 | സിവിൽ പ്രവൃത്തി | 1160981.62 |
| 2 | മോട്ടോർ (ലം.സം) | 100000 |
| 3 | സർവ്വീസ് ടാക്സ് | 69658.9 |
| 4 | ലം.സം. | 69359 |
| ആകെ | | 13,99,999.52 |

ടെണ്ടറിൽ കരാറുകാർ സിവിൽ പ്രവൃത്തിയുടെ ഇനങ്ങൾക്ക് മാത്രമാണ് തുക ക്വോട്ട് ചെയ്തിട്ടുള്ളൂ. (പ്രവൃത്തിയുടെ ടെണ്ടർ നോട്ടീസിൽ അടങ്കൽ തെറ്റായി 14 ലക്ഷം രൂപ

എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.) കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങലിലെ ചട്ടം 10(13) പ്രകാരം മതിപ്പ് ചെലവിനെക്കാൾ അധികം ചെലവ് വരുന്ന ഏതൊരു ടെണ്ടറും സ്വീകരിക്കുന്നതിന് മതിപ്പ് ചെലവിനുള്ളിലുള്ള ടെണ്ടർ ലഭിക്കാത്തത് ടെണ്ടർ നോട്ടീസിന് മതിയായ പരസ്യം ലഭിക്കാത്തതുകൊണ്ടല്ലെന്നും വീണ്ടും ടെണ്ടർ ക്ഷണിച്ചതുകൊണ്ട് പ്രയോജനം ലഭിക്കാൻ ഇടയില്ലെന്നുമുള്ള ഗ്രാമപഞ്ചായത്ത് എഞ്ചിനീയറുടെയും സെക്രട്ടറിയുടെയും സാക്ഷ്യപ്പെടുത്തൽ ആവശ്യമാണ്. പ്രസ്തുത സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല.

ആദ്യ ടെണ്ടർ റദ്ദ് ചെയ്തിട്ടാണ് റീടെണ്ടർ നടത്തിയിട്ടുള്ളത് എന്നതിനാൽ അദ്യ ടെണ്ടറിൽ രേഖപ്പെടുത്തിയ തുകയിൽ ടെണ്ടർ അംഗീകരിക്കാനുള്ള ഭരണസമിതിയുടെ തീരുമാനം തെറ്റാണ്. കുറവ് തുക രേഖപ്പെടുത്തിയ കരാറുകാരൻ കരാറിൽ നിന്നും പിൻമാറിയതിന്റെ കാരണം കാണിക്കുന്ന യാതൊരു രേഖയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഭരണസമിതിയുടെ തെറ്റായ തീരുമാനമാണ് ആയതിന് കാരണം എന്ന് ഓഡിറ്റ് അനുമാനിക്കുന്നു. ടിയാന്റെ ഇ.എം.ഡി. സെക്യൂരിറ്റി ഡെപ്പോസിറ്റ് മുതൽക്കൂട്ടിയതിന്റെ രേഖയും ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം . 17 / 2017-18 / 19.12.2018-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 21.12.2018-ന് നടത്തിയ ഓഡിറ്റ് എക്സിറ്റ് മീറ്റിംഗിൽ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സർക്കാർ അനുമതിയോടെയാണ് റീ ടെണ്ടർ നടത്താതെ മതിപ്പ് ചെലവിനെക്കാൾ അധികം ചെലവ് വരുന്ന ടെണ്ടർ അംഗീകരിച്ചത് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ ഉത്തരവിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ പ്രവൃത്തിയുടെ ആകെ ചെലവ് തുകയിൽ നിന്നും മോട്ടോറിന്റെ വില ഒഴികെയുള്ള തുക 1197467/-രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. മേൽ പറഞ്ഞ സർക്കാർ അനുമതിയുടെ രേഖയും, കരാറുകാരന്റെ ഇ.എം.ഡി. പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയതിന്റെ രേഖയും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-30 ഗുണഭോക്തൃ സമിതിയുടെ രേഖകൾ ഹാജരാക്കിയിട്ടില്ല.

അസി.എഞ്ചിനീയർ ഗുണഭോക്തൃ സമിതി മുഖാന്തിരം നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളുടെ മിനുട്ട്സ് ബുക്ക്, ബാങ്ക് പാസ് ബുക്ക്, വരവ് ചെലവ് കണക്ക് രജിസ്റ്റർ, ദിന ഡയറി, ചെലവ് വൗച്ചർ, മസ്റ്റർ റോൾ തുടങ്ങിയ രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്റ്റ് നം., പ്രവൃത്തിയുടെ പേര് | അടങ്കൽ | ചെലവ് തുകയും, ട്രഷറി ബിൽ നമ്പറും |
|---|---|---|---|
| 1 | എസ്.0282/18, കോട്ടവയൽ അംഗൻവാടി ചെറിയൻ കോളനി റോഡ്. | 200000/-രൂപ (ലോക ബാങ്ക് ധനസഹായം) | 194146/- രൂപ 38/2017-18, 30.06.2017 |
| 2 | എസ്.0277/18, ചെമ്പോത്തറ കല്ലായിമല റോഡ് കോൺക്രീറ്റ് | 453600/-രൂപ (ഫിനാൻസ് കമ്മീഷൻ | 429701/-രൂപ 39/2017-18, 30.06.2017 |

| | | | |
|---|---|---|---|
| | | ഗ്രാന്റ്) | |
| 3 | എസ്.0185/18, ആനക്കാട് വേലായുധന്റെ വീടിന് സമീപം നടപ്പാലം സൈഡ് സംരക്ഷണം. | 50000/-രൂപ (സംരക്ഷണ ഗ്രാന്റ്) | 50000/-രൂപ 28/2017-18, 30.06.2017 |
| 4 | എസ്.0213/18, മണ്ണാത്തികുണ്ട് റോഡ് സൈഡ് കെട്ട്. | 60000/-രൂപ (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) | 57549/-രൂപ 30/2017-18, 30.06.2017 |
| 5 | എസ്.0258/18, മുഹമ്മദിന്റെ വീടിന് സമീപം നടപ്പാത കോൺക്രീറ്റ് | 300000/-രൂപ (ലോക ബാങ്ക് ധനസഹായം) | 225088/-രൂപ 56/2017-18, 17.08.2017 |
| 6 | എസ്.0238/18, മരുന്ന് പാത്തി കുടിവെള്ള പദ്ധതി (**) | 224400/-രൂപ (വികസന ഫണ്ട് - ടി.എസ്.പി.) | 150000/-രൂപ 36/2017-18, 30.06.2017 |
| 7 | എസ്.0215/18, കർമ്മൽകുന്ന് എസ്.സി. കോളനി കുടിവെള്ള പദ്ധതി. | 300000/-രൂപ (വികസന ഫണ്ട് - എസ്.സി.പി.) | 242006/-രൂപ 25/2017-18, 30.06.2017 |
| 8 | എസ്.0342/18, കോട്ടവയൽ ചെറിയൻ മീനാക്ഷി റോഡ് തോട് സൈഡ് കെട്ട് ഫോർമേഷൻ. | 150000/-രൂപ (വികസന ഫണ്ട്) | 117673/-രൂപ 42/2017-18, 17.08.2017 |
| 9 | എസ്.0184/18, കട്ടൂർ അമ്പലകുന്ന് എസ്.ടി. കോളനി കുടിവെള്ള പദ്ധതി. | 150000/-രൂപ (വികസന ഫണ്ട്) | 150000/-രൂപ 76/2017-18, 06.01.2018 |
| 10 | എസ്.0169/18, പുളിങ്കണ്ടി കോളനി കിണർ. | 200000/-രൂപ (വികസന ഫണ്ട് - ടി.എസ്.പി.)<br>150000/-രൂപ (തനത് ഫണ്ട്)<br>ആകെ: 350000/-രൂപ | 197682/-രൂപ 83/2017-18, 16.01.2018;<br>150000/-രൂപ, ട്രഷറി ചെക്ക് നം. 1819363/11.12.2017 |
| ആകെ ചെലവ് തുക | | | 19,63,845/-രൂപ |

[(**) പ്രവൃത്തിയുടെ കരാറുടമ്പടിയിൽ നമ്പറും തീയതിയും രേഖപ്പെടുത്തിയിട്ടില്ല. തീയതി രേഖപ്പടുത്താത്ത കരാട്ടമ്പടി അസാധുവാണ്]

രേഖകൾ ഹാജരാക്കുന്നതിന് 15.12.2018 -ലെ ഓഡിറ്റ് റിക്വസിഷൻ പ്രകാരം രേഖാമൂലം അസി. എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങലിലെ ചട്ടം 12(2) അനുസരിച്ച്

രേഖകൾ ഇല്ല എന്ന നിഗമനത്തിൽ ചെലവുകൾ നിരാകരിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ അറിയിക്കാൻ ആവശ്യപ്പെട്ടു കൊണ്ട് 21.12.2018 -ന് നൽകിയ ഓഡിറ്റ് എൻക്വയറി നം . 28 /2017-18 - ന് മറുപടി ലഭ്യമാക്കിയിട്ടുമില്ല. ആയതിനാൽ ഈ റിപ്പോർട്ടിലെ ഖണ്ഡിക 3- പ്രകാരം നിരാകരിച്ച 19680/-രൂപ ഒഴികെ (ക്രമ നമ്പർ 10 -ലെ പ്രവൃത്തിയുടെ) മേൽ പ്രവൃത്തികളുടെ ആകെ ചെലവ് തുക 17,94,165/-രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. രേഖകൾ ലഭ്യമാക്കാത്തപക്ഷം പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗമായി പരിഗണിച്ച് ചെലവ് തുക നിരാകരിക്കുന്നതാണ്.

## 3-31 യഥാസമയം പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടില്ല.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2112 വകുപ്പ് പ്രകാരം പൂർത്തീകരണകാലാവധി ദീർഘീകരണത്തിന് കാലാവധി തീരുന്നതിന് മുമ്പ് അസി. എഞ്ചിനീയർ മുഖേനെ അപേക്ഷിക്കേണ്ടതാണ്. ദീർഘിപ്പിക്കുന്ന കാലയളവ് ഒറ്റതവണ, പൂർത്തീകരണത്തിന് അനുവദിച്ച കാലാവധിയുടെ 25%ത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം പൂർത്തീകരണത്തിന് അനുവദിച്ച കാലാവധിയുടെ 50% - ത്തിൽ അധികരിക്കാൻ പാടില്ലാത്തതുമാണ്. 2112.1 വകുപ്പ് അനുസരിച്ച് പൂർത്തികണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ടിവരുന്ന ഘട്ടത്തിൽ പിഴ ഈടാക്കേണ്ടതാണ്. കൂടാതെ, ദീർഘീകരണ അനുമതി ലഭിക്കാതെ പൂർത്തീകരണകാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവർത്തികൾ അനധികൃതമാണ്. അതിന് തുക നൽകാവുന്നതുമല്ല.

പൊതുമരാമത്ത് മാന്വൽ പ്രകാരം പിഴയോടുകൂടിയല്ലാതെ കാലാവധി ദീർഘീകരണം അനുവദിക്കാവുന്നതല്ല. ആദ്യ ദീർഘീകരണം കരാർതുകയുടെ 1% -വും പിന്നീടുള്ള ദീർഘീകരണം കരാർതുകയുടെ 2%-വും പിഴയായി ചുമത്തികൊണ്ടുമാണ് നടത്തേണ്ടത്. എന്നാൽ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി കരാറുകാരനുമായി ചമച്ച ഉഭയകക്ഷി കരാറിലെ 7-ാം വ്യവസ്ഥയിൽ ആകെ ദീർഘീകരണ സമയത്തിന്റെ 20% സമയം പിഴയില്ലാതെയും അതുകഴിഞ്ഞ് ആദ്യ 3 മാസം വരെ സമയം കരാർതുകയുടെ 1% -വും പിന്നീടുള്ള ഒരോ 3 മാസത്തിനും കരാർതുകയുടെ 2%-വും പിഴയായി ചുമത്തികൊണ്ട് കാലാവധി നീട്ടികൊടുക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2116.1 വകുപ്പനുസരിച്ച് കരാറുഉടമ്പടിയിലെ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടാൽ കരാർ റദ്ദ് ചെയ്ത് പ്രവൃത്തി മറ്റ് വിധത്തിൽ പൂർത്തിയാക്കാവുന്നതാണ്. കരാറുകാരൻ പ്രവൃത്തിയിൽ നിർദ്ദിഷ്ട പുരോഗതി കൈവരിക്കാത്തതിനോ, നിശ്ചിത സമയപരിധിക്കകം പൂർത്തികരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്തതിനോ കരാർ തുകയുടെ 0.1% ഒരോ ആഴ്ചക്കും ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതാണ്. 2116.2 വകുപ്പ് അനുസരിച്ച് അവശേഷിക്കുന്ന പ്രവൃത്തിയുടെ 30% തുക കരാറുഉടമ്പടി ലംഘിച്ച കരാറുകാരനിൽ നിന്നും ഈടാക്കി പ്രവൃത്തി മറ്റൊരാളെ ഏൽപ്പിക്കാവുന്നതുമാണ്.

കാരാറുടമ്പടി പ്രകാരം പ്രവൃത്തി നിർവ്വഹണം നടത്തേണ്ട കാലയളവിൽ പ്രവൃത്തി ആരംഭിച്ച് സമയബന്ധിതമായി പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിച്ചിട്ടില്ല. അസി.എഞ്ചിനീയർ നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. പഞ്ചായത്ത് ക്യാന്റീൻ നിർമ്മാണം

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0209/18 (50/16, 153/17) |
| അടങ്കൽ | 100066/-രൂപ (പൊതുവിഭാഗം വികസന ഫണ്ട്)<br>300000/-രൂപ (ധനകാര്യ കമ്മീഷൻ ഫണ്ട്)<br>ആകെ: 400066/-രൂപ |
| ചെലവ് | 299666/-രൂപ(ട്രഷറി ബിൽ നം. 18/2017-18, 29.06.2017)<br>100066/-രൂപ(ട്രഷറി ബിൽ നം. 17/2017-18, 29.06.2017)<br>ആകെ: 399732/-രൂപ |
| പി.എ.സി. | 385035/- രൂപ |
| എം. ബുക്ക് നമ്പർ | 12/2016-17 (പേജ് നം. 1-47) |
| കരാറുടമ്പടി നമ്പർ | AE/LSGD/MEP/181/2015-16, 04.03.2016 |
| കരാറുകരൻ | ശ്രീ. വി.കെ. ഹംസ ബാവ |
| ആദ്യ അളവ് രേഖപ്പെടുത്തിയ തീയതി | 30.12.2016 (അളവ് പുസ്തകം പേജ് നം. 1) |
| അവസാന അളവ് രേഖപ്പെടുത്തിയ തീയതി | 13.03.2107(അളവ് പുസ്തകം പേജ് നം. 24) |

പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നോട്ടീസ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രവൃത്തിയുടെ കരാടുമ്പടിയിൽ പൂർത്തീകരണ തീയതി രേഖപ്പെടുത്തിയിട്ടില്ല പകരം പ്രർത്തന കലണ്ടർ പ്രകാരം പൂർത്തിയാക്കണം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രോജക്ട് രേഖയിലെ പ്രവർത്തന കലണ്ടർ പ്രകാരവും ടെണ്ടർ പരസ്യത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് പ്രകാരവും 31.03.2016 - നകം പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്. എന്നാൽ അളവ് പുസ്തക പ്രകാരം 30.12.2016 -ന് പ്രവൃത്തി ആരംഭിച്ച് 13.03.2107 -ന് പൂർത്തിയാക്കിയിട്ടുള്ളത് (കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരം അളവ് രേഖപ്പെടുത്തിയ തീയതിയാണ് പ്രവൃത്തി നടത്തിയ തീയതിയായി കണക്കാക്കേണ്ടത്). പ്രവർത്തി പൂർത്തീകരണത്തിനുള്ള സമയം ദീർഘിപ്പിക്കുന്നതിന്

കരാറുകാരൻ സമർപ്പിച്ച അപേക്ഷയും ദീർഘിപ്പിക്കൽ അനുവദിച്ചു കൊണ്ടുള്ള ഭരണ സമിതി തീരുമാനവും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ദീർഘിപ്പിക്കൽ അനുമതിയില്ലാതെ ചെയ്ത പ്രവൃത്തികൾ അനധികൃതമാണ്.

ഭരണസമിതിയുടെ 11.01.2017-ലെ 13-ാം നമ്പർ തീരുമാന പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമാണ് പ്രവൃത്തി പൂർത്തിയാക്കി തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റിന് എസ്റ്റിമേറ്റിന് അംഗീകരിച്ച അധികാര സ്ഥാനം അംഗീകരിച്ചതായും നമ്പറും തീയതിയും നൽകിയതായും കാണുന്നില്ല. (കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് )ചട്ടങ്ങളിലെ ചട്ടം 14(5)). എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടതു സംബന്ധിച്ച് എഞ്ചിനീയറുടെ സാക്ഷ്യപത്രവും (ഒഴിവാക്കാനാവാത്തതാണ് എന്നുള്ള) ഹാജരാക്കിയിട്ടില്ല. പ്രവൃത്തിയുടെ പ്ലാനും (ഡ്രോയിംഗ്) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

യഥാസമയം പ്രവൃത്തി ആരംഭിച്ച് പൂർത്തിയാക്കാതിരുന്ന കരാറുകരനെതിരെ നിയമപ്രകരമുള്ള നടപടികൾ സ്വീകരിക്കാത്തതിനും പിഴ പോലും ഈടാക്കാതെ ക്രമവിരുദ്ധമായി പ്രവൃത്തി മൂല്യപ്രകാരമുള്ള തുക അനുവദിച്ചതിനും മറ്റ് അപാകതകൾക്കും രേഖകൾ സഹിതം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 11/2017-18/ 17.12.2018 -ന് മറുപടിലഭ്യമാക്കിയിട്ടില്ല. കാരറുകാരനുമായി ചമച്ച കരാറുമ്പടി അനുസരിച്ച് ഈടാക്കേണ്ടിയിരുന്ന പിഴയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പിഴയില്ലാതെ അനുവദിക്കാവുന്ന അധിക സമയം<br>(27 X 20/100) | 5 ദിവസങ്ങൾ |
| പിഴയില്ലാതെ അനുവദിക്കാവുന്ന അധിക സമയം അവസാനിക്കുന്ന തീയ്യതി (31/03/2016 + 5 ദിവസങ്ങൾ) | 05/04/16 |
| ആദ്യ മൂന്ന് മാസത്തേക്ക് 6/04/16 മുതൽ 05/07/16വരെ (കരാർ തുകയുടെ 1%) | 385035 x 1/100 = 3850 |
| അടുത്ത മൂന്ന് മാസത്തേക്ക് 06/07/16 മുതൽ 05/10/16 വരെ (കരാർതുകയുടെ 2%) | 385035 x 2/100 = 7701 |
| അടുത്ത മൂന്ന് മാസത്തേക്ക് 05/10/16 മുതൽ 06/01/17 വരെ (കരാർതുകയുടെ 2%) | 385035 x 2/100 = 7701 |
| 05/01/17 മുതൽ 13/03/17 വരെ (കരാർതുകയുടെ 2%) | [(385035 x 2/100) /90] x 67= 5733 |
| ആകെ | 24985/- രൂപ |

2. ആയുർവ്വേദ ഹോസ്പിറ്റൽ നിർമ്മാണം

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.0196/17 (38/15) |

| | |
|---|---|
| അടങ്കൽ | 344000/-രൂപ (സംരക്ഷണ ഫണ്ട്) |
| ചെലവ് | 276441/-രൂപ(ക്യാഷ് ബുക്ക് വൗച്ചർ നം. 15/09.03.2017)<br>32638/-രൂപ(ട്രഷറി ബിൽ നം. 05/2017-18, 29.06.2017)<br>ആകെ: 309079/-രൂപ |
| പി.എ.സി. | 343155/- രൂപ |
| എം. ബുക്ക് നമ്പർ | 10/2016-17 (പേജ് നം. 1-91) |
| കരാറുടമ്പടി നമ്പർ | AE/LSGD/MEP/138/2014-15, 26.03.2105 |
| കരാറുകരൻ | ശ്രീ. ജോർജ് കെ.വി. |
| ആദ്യ അളവ് രേഖപ്പെടുത്തിയ തീയതി | 05.01.2016 (അളവ് പുസ്തകം പേജ് നം. 7) |
| അവസാന അളവ് രേഖപ്പെടുത്തിയ തീയതി | 12.08.2016 (അളവ് പുസ്തകം പേജ് നം. 1) |

കരാട്ടുമ്പടി പ്രകാരം 31.03.2015 -ന് പൂർത്തിയാക്കേണ്ടിയിരുന്ന പ്രോജക്ട് 05.12.2016 -നാണ് പൂർത്തിയാക്കിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നോട്ടീസ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രവർത്തി പൂർത്തികരണത്തിനുള്ള സമയം ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ സമർപ്പിച്ച അപേക്ഷയും ദീർഘീകരണം അനുവദിച്ച് കൊണ്ടുള്ള ഭരണ സമിതി തീരുമാനവും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

പ്രവൃത്തിയുടെ ടെണ്ടറിൽ കാരാറുകരൻ 6.3% കുറവ് നിരക്കാണ് രേഖപ്പെടുത്തിയിരുന്നത്. എന്നാൽ പ്രവൃത്തിയുടെ 2-ാം പാർട്ട് ബിൽ അനുവദിച്ചപ്പോൾ ടെണ്ടർ ബിലോ കുറവ് ചെയ്തിട്ടില്ല. ആയത് പ്രകാരം 2056/- രൂപ (32638 X 6.3%) അധികം നൽകിയിട്ടുമുണ്ട്.

യഥാസമയം പ്രവൃത്തി ആരംഭിച്ച് പൂർത്തിയാക്കാതിരുന്ന കരാറുകരനെതിരെ നിയമപ്രകരമുള്ള നടപടികൾ സ്വീകരിക്കാത്തതിനും പിഴ പോലും ഈടാക്കാതെ ക്രമവിരുദ്ധമായി പ്രവൃത്തി മൂല്യപ്രകാരമുള്ള തുക അനുവദിച്ചതിനും മറ്റ് അപാകതകൾക്കും രേഖകൾ സഹിതം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 26/2017-18/ 17.12.2018 -ന് മറുപടിലഭ്യമാക്കിയിട്ടില്ല. കാരറുകാരനുമായി ചമച്ച കരാട്ടുമ്പടി അനുസരിച്ച് ഈടാക്കേണ്ടിയിരുന്ന പിഴയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പിഴയില്ലാതെ അനുവദിക്കാവുന്ന അധിക സമയം<br>(5 X 20/100) | 1 ദിവസം |
| പിഴയില്ലാതെ അനുവദിക്കാവുന്ന അധിക സമയം അവസാനിക്കുന്ന തീയ്യതി (31/03/2015 + 1 ദിവസം) | 01/04/15 |

| | |
|---|---|
| ആദ്യ മൂന്ന് മാസത്തേക്ക് 02/04/15 മുതൽ 01/07/15വരെ (കരാർ തുകയുടെ 1%) | 343155 x 1/100 = 3432 |
| അടുത്ത മൂന്ന് മാസത്തേക്ക് 02/07/15 മുതൽ 01/10/15 വരെ (കരാർതുകയുടെ 2%) | 343155 x 2/100 = 6863 |
| അടുത്ത മൂന്ന് മാസത്തേക്ക് 02/10/15 മുതൽ 01/01/16 വരെ (കരാർതുകയുടെ 2%) | 343155 x 2/100 = 6863 |
| അടുത്ത മൂന്ന് മാസത്തേക്ക് 02/01/16 മുതൽ 01/04/16 വരെ (കരാർതുകയുടെ 2%) | 343155 x 2/100 = 6863 |
| അടുത്ത മൂന്ന് മാസത്തേക്ക് 02/04/16 മുതൽ 01/07/16 വരെ (കരാർതുകയുടെ 2%) | 343155 x 2/100 = 6863 |
| 02/07/16 മുതൽ 12/08/16 വരെ (കരാർതുകയുടെ 2%) | [(343155x 2/100) /90] x 41= 3126 |
| ആകെ | 34010/- രൂപ |

ക്രമ നമ്പർ II - ലെ പ്രവൃത്തിക്ക് അധികമായി നൽകിയ 2056/- രൂപ പേയ്മെന്റ് നടത്തിയ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കിയും യഥാസമയം പ്രവൃത്തി പൂർത്തികരിക്കാത്ത കരാറുകാർക്കെതിരെ നടപടി സ്വീകരിച്ചും അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 132000 | പാലിന് സബ്സിഡി ജനറൽ | 132000 | 0 |
| | 2017-18 | 50000 | പാലിന് സബ്സിഡി ടി.എസ്.പി | 50000 | 0 |
| | 2017-18 | 125000 | പാലിന് സബ്സിഡി എസ്.സി.പി | 125000 | 0 |
| | 2017-18 | 250000 | നെൽകൃഷി കൂലിച്ചെലവ് സബ്സിഡി | 250000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 124463 | പാലിന് സബ്സിഡി | 124463 | 0 |

| | | | | | |
|---|---|---|---|---|---|
| | | | ജനറൽ | | |
| | 2017-18 | 18000 | പാലിന് സബ്സിഡി ടി.എസ്.പി | 18000 | 0 |
| | 2017-18 | 126000 | പാലിന് സബ്സിഡി എസ്.സി.പി | 126000 | 0 |
| | 2017-18 | 250000 | നെൽകൃഷി കൂലിച്ചെലവ് സബ്സിഡി | 250000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| അനർട്ട് | ഓഫീസിൽ സോളാർ സ്ഥാപിക്കൽ | 41/17-18 /28.03.2018 | 7,92,000 | 7,92,000 | 0 |
| കെൽ | ലോ മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 47/17-18 /28.03.2018 | 5,70,000 | 0 | 5,70,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| | | | ബാക്കിയുണ്ടായിരുന്ന തുക | | | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| സമ്പൂർണ്ണ ഭവന നിർമ്മാണം | | 5,00,00,000 | 4,26,28,932 | 1,68,26,240 | - | 2,58,02,692 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 10,00,000 |
| ആകെ | 10,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10,00,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| | കൽപ്പറ്റ അർബൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 01.04.2017 | 1 വർഷം | 10,00,000 | - |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 5,89,119 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഡിറ്റ് വർഷം | ഖണ്ഡിക | തുക | തുക ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/ തീയതി |
|---|---|---|---|---|
| 2016-17 | 3-5 | 8 ,089 | ശ്രീമതി. മഞ്ജുഷ.സി, അസി.എഞ്ചിനീയർ | 117040105959/26.02.18 |
| | 3-10 | 5,80,405 | ശ്രീമതി. സിസിലി, ഐ.സി.ഡി.എസ് സൂപ്പർവൈസർ | 1170404900001/23.02.18 |

| | | | | |
|---|---|---|---|---|
| | 3-15 | 625 | ശ്രീ. ടി.ഡി.ജോണി, സെക്രട്ടറി | 117040105327/07.02.18 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2010-11 | 3.11 | 2012-13 | 4.8.1 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സിമന്റ് പൈപ്പ് വിതരണം. | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 17,76,25,315 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 12,23,61,066 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 6,41,880 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 9,08,084 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1,19,96,255 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2(3) | 5,22,852 | | ശ്രീ. ടി.ഡി.ജോണി, സെക്രട്ടറി |
| 2-3(എ) | 6,906 | | ശ്രീ. ടി.ഡി.ജോണി, സെക്രട്ടറി |

| | | | |
|---|---|---|---|
| 2-3(ബി) | 7,307 | | ശ്രീ. ടി.ഡി.ജോണി, സെക്രട്ടറി |
| 2-4 | 89,394 | | ശ്രീ. ടി.ഡി.ജോണി, സെക്രട്ടറി |
| 2-5(1) | 6,535 | | ശ്രീ. ടി.ഡി.ജോണി, സെക്രട്ടറി |
| 2-5(2) | 8,886 | | ശ്രീ. ടി.ഡി.ജോണി, സെക്രട്ടറി |
| 3-3 | | 39,9527 | ശ്രീമതി.ഭാഗ്യലക്ഷ്മി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-19 | | 1,040 | ശ്രീ. ടി.ഡി.ജോണി, സെക്രട്ടറി |
| 3-20 | | 33,150 | ശ്രീ. ടി.ഡി.ജോണി, സെക്രട്ടറി |
| 3-24 | | 2,52,112 | ശ്രീമതി.ശ്യാമിലി, അസി.എഞ്ചിനീയർ(175155/-)<br>ശ്രീമതി. മഞ്ജുഷ, അസി.എഞ്ചിനീയർ ( 76957/-) |
| 3-25(1) | | 44,150 | ശ്രീമതി. ശ്യാമിലി, അസി.എഞ്ചിനീയർ |
| 3-25(2) | | 72,422 | ശ്രീമതി. ശ്യാമിലി, അസി.എഞ്ചിനീയർ |
| 3-25(3) | | 28,101 | ശ്രീമതി. ശ്യാമിലി, അസി.എഞ്ചിനീയർ |
| 3-25(4) | | 29,114 | ശ്രീമതി. ശ്യാമിലി, അസി.എഞ്ചിനീയർ |
| 3-26 | | 19,680 | ശ്രീമതി.മഞ്ജുഷ, അസി.എഞ്ചിനീയർ |
| 3-27 | | 26,732 | ശ്രീമതി. ശ്യാമിലി, അസി.എഞ്ചിനീയർ |
| 3-31(2) | | 2,056 | ശ്രീമതി. ശ്യാമിലി, അസി.എഞ്ചിനീയർ |
| | 6,41,880 | 9,08,084 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 3,85,000 | ശ്രീ. വിനോദ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 3-7 | 23,829 | ശ്രീമതി.ലിസ്സി ജോസഫ്, ഹെഡ് മിസ്ട്രസ്സ് |
| 3-8(ബി) | 11,15,000 | ശ്രീമതി. കോമളവല്ലി, അസി.സെക്രട്ടറി |
| 3-9 | 1,93,191 | ശ്രീമതി. വർക്കി.പി.എൽ, അസി. സെക്രട്ടറി |
| 3-10 | 15,60,000 | ശ്രീ.ബാബു.എം.പ്രസാദ്, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ |
| 3-12 | 2,65,969 | ഡോ.സഫിന മുസ്തഫ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-14 | 5,40,000 | ശ്രീ.ടി.ഡി.ജോണി, സെക്രട്ടറി |

| | | |
|---|---|---|
| 3-15 | 71,700 | ശ്രീ.ടി.ഡി.ജോണി, സെക്രട്ടറി |
| 3-16 | 46,06,000 | ശ്രീ.ടി.ഡി.ജോണി, സെക്രട്ടറി |
| 3-21 | 30,700 | ശ്രീ.ടി.ഡി.ജോണി, സെക്രട്ടറി |
| 3-22 | 28,000 | ശ്രീ.ടി.ഡി.ജോണി, സെക്രട്ടറി |
| 3-25 | 1,25,234 | ശ്രീമതി.ശ്യാമിലി, അസി.എഞ്ചിനീയർ |
| 3-28 | 60,000 | ശ്രീമതി.ശ്യാമിലി, അസി.എഞ്ചിനീയർ |
| 3-29 | 11,97,467 | ശ്രീമതി.ശ്യാമിലി, അസി.എഞ്ചിനീയർ |
| 3-30 | 4,97,682 | ശ്രീമതി. മഞ്ജൂഷ, അസി.എഞ്ചിനീയർ |
| 3-30 | 12,96,483 | ശ്രീമതി.ശ്യാമിലി, അസി.എഞ്ചിനീയർ |
| | 1,19,96,255 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ടി.ഡി.ജോണി, സെക്രട്ടറി | സെക്രട്ടറി, മേപ്പാടി ഗ്രാമ പഞ്ചായത്ത് | തേവർക്കാട്ടിൽ ഹൗസ്<br>ചെന്ദലോട് പി.ഒ<br>കൽപ്പറ്റ-673122 |
| ശ്രീമതി. ശ്യാമിലി, അസി.എഞ്ചിനീയർ (എംപ്ലോയ്മെന്റ്) | - | പുതേരി ഹൗസ്<br>ഒലിവുമല, വൈത്തിരി |
| ശ്രീമതി. മഞ്ജൂഷ, അസി.എക്സി.എഞ്ചിനീയർ, കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് | അസി.എക്സി.എഞ്ചിനീയർ, കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് | ഫ്ലാറ്റ് നം.എ2<br>പി.എ.സൺസ് ബിൽഡിംഗ്സ്, മെസ്സ് |

| | | |
|---|---|---|
| | | ഹൗസ് റോഡ്, കൽപ്പറ്റ |
| ശ്രീമതി.ഭാഗ്യലക്ഷ്മി, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, മേപ്പാടി ഗ്രാമ പഞ്ചായത്ത് | ചിറ്റക്കോട്ട് മേത്തൽ പന്തീരങ്കാവ് പി.ഒ കോഴിക്കോട്-673019 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1993-94 | എൽ.എഫ്(ഡബ്ല്യൂ)പി5 -549/14 തിയ്യതി 19.02.2015 |
| 1994-95 | എൽ.എഫ്(ഡബ്ല്യൂ)പി5 -549/14 തിയ്യതി 19.02.2015 |
| 1995-96 | എൽ.എഫ്(ഡബ്ല്യൂ)പി3-115/03 തിയ്യതി 05.07.2003 |
| 1996-97 | എൽ.എഫ്(ഡബ്ല്യൂ)പി3-124/01 തിയ്യതി 28.02.2001 |
| 1997-98 | എൽ.എഫ്(ഡബ്ല്യൂ)പി2-657/10 തിയ്യതി 16.02.2005 |
| 1998-99 | എൽ.എഫ്(ഡബ്ല്യൂ)പി3-592/01 തിയ്യതി 12.07.2002 |
| 1999-2000 | എൽ.എഫ്(ഡബ്ല്യൂ)പി3-63/02 തിയ്യതി 29.07.2012 |
| 2000-01 | എൽ.എഫ്(ഡബ്ല്യൂ)പി3-484/03 തിയ്യതി 06.02.2006 |
| 2001-02 (പ്ലാൻ) | എൽ.എഫ്(ഡബ്ല്യൂ)പി3-558/03 തിയ്യതി 10.05.2005 |
| 2001-02 (ഫുൾ) | എൽ.എഫ്(ഡബ്ല്യൂ)പി1-380/05 തിയ്യതി 26.02.2008 |
| 2002-03 | എൽ.എഫ്(ഡബ്ല്യൂ)പി1-192/06 തിയ്യതി 08.01.2008 |
| 2003-04 | എൽ.എഫ്(ഡബ്ല്യൂ)പി1-986/08 തിയ്യതി 08.04.2009 |
| 2004-05 | എൽ.എഫ്(ഡബ്ല്യൂ)പി1-997/08 തിയ്യതി 12.04.2003 |
| 2005-06 | എൽ.എഫ്(ഡബ്ല്യൂ)പി1-996/08 തിയ്യതി 02.04.2009 |
| 2006-07 | എൽ.എഫ്(ഡബ്ല്യൂ)പി1-880/11 തിയ്യതി 29.12.2011 |
| 2007-08 | എൽ.എഫ്(ഡബ്ല്യൂ)പി1-744/10(1) തിയ്യതി 28.03.2013 |
| 2008-09 | എൽ.എഫ്(ഡബ്ല്യൂ)പി1-843/13 തിയ്യതി 03.04.2014 |
| 2009-10 | എൽ.എഫ്(ഡബ്ല്യൂ)പി1-743/13 തിയ്യതി 27.05.2014 |
| 2010-11 | എൽ.എഫ്(ഡബ്ല്യൂ)പി1-744/12 തിയ്യതി 01.04.2014 |
| 2011-12 | എൽ.എഫ് .(ഡബ്ല്യൂ.)പി1-297/14 തിയ്യതി 18.07.2014 |

| | |
|---|---|
| 2012-13 | എൽ.എഫ്(ഡബ്ല്യൂ)പി4-212/15 തിയ്യതി 29.05.2015 |
| 2013-14 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി4-78/16 തിയ്യതി 30.03.2016 |
| 2014-15 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി പി4-493/16 തീയ്യതി 30.07.2016 |
| 2015-16 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി പി4-754/16 തീയ്യതി 11/11/2016 |
| 2016-17 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി പി4-603/17തീയ്യതി 19/10/2017 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

## അനുബന്ധം- 1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## വാർഷിക കണക്കിലെ അപാകതകൾ

നം. കെ. എസ്. എ. ഡബ്ല്യു. വൈ. ഡി. പി1- 532/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,

ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്

തിയ്യതിഃ 26/06/2018

വയനാട് ജില്ലയിലെ മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1. വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങളും, അക്കൌണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല .

2. പ്രതിമാസ റീ കൺസീലിയേഷൻ നടത്തുന്നില്ല .

3. വിവിധ ബാങ്ക് അക്കൌണ്ടുകളുടെ വർഷാവസാന റീകൺസീലിയേഷനുമായി

ബന്ധപ്പെട്ട ന്യൂനതകൾ താഴെ കൊടുക്കുന്നു .

(a) C B MEPPADI 2416, SGSY A/C 10349, EMS ACCOUNT, sbi e payment എന്നീ ബാങ്ക് അക്കൌണ്ടുകളുടെ പാസ്സ്ബുക്ക്/സ്റ്റേറ്റ്മെന്റ് പരിശോധിക്കാനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഈ അക്കൌണ്ടുകൾ ബാങ്ക് ബുക്കുമായി റീകൺസിലേഷൻ നടത്തിയിട്ടുമില്ല.

(b) D RF 10591 അക്കൌണ്ടിന്റെ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 6589 രൂപയും, പാസ്സ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 7691 രൂപയുമാണ്. റീകൺസീലിയേഷൻ നടത്തിയിട്ടില്ല .

(c)Vijaya N11009, SCB Vijaya 10787 എന്നീ അക്കൌണ്ടുകളുടെ റീകൺസീലിയേഷനിൽ ബാങ്ക്ബുക്കും പാസ്സ്ബുക്കും തമ്മിലുള്ള വ്യത്യാസം, 2017 ഏപ്രിൽ മാസം മുതലുള്ള പലിശ വരവുകൾ യഥാസമയം വാർഷിക കണക്കുകളിൽ വരവായി ചേർക്കാത്തതിനാൽ വന്നിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്തിന്റെ വരവിൽ പ്രസ്തുത തുകകൾ ഉൾപ്പെടാത്തതിനാൽ വാർഷിക കണക്കുകൾ പ്രകാരമുള്ള അകെ പലിശ വരവ് കൃത്യമല്ല.

(d) Central Bank Plan a/c 2154175629 അക്കൌണ്ടിന്റെ റീകൺസീലിയേഷനിൽ 25.04.2017 ന് 9,12,285 രൂപയും , 2.05.2017 ന് 1,00,000/- രൂപയും Directly debited by bank ആയി രേഖപ്പെടുത്തിയിട്ടുണ്ട് . ഈ തുകകൾ പേയ്മെന്റ് വൌച്ചർ ചെയ്യാതെ ബാങ്കിൽ നിന്ന് NEFT ആയി വിവിധ സ്ഥാപനങ്ങൾക്ക് പേയ്മെന്റ് നടത്തിയ തുകകളാണ് . ആയതിനാൽ വാർഷിക കണക്കിലെ ചെലവിൽ ഈ തുക ഉൾപ്പെട്ടിട്ടില്ല. ആയതുപോലെ പലിശ വരവുകൾ യഥാസമയം റസീപ്റ്റ് ചെയ്യാതെ റീകണ്ടസിലിയേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ( ഉദാ: 31.05.2017 - 21,696/- രൂപ, 30.11.2017 -17668/- രൂപ ). ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ പ്രസ്തുത തുകകൾ ഉൾപ്പെടാത്തതിനാൽ വരവ് ചെലവുകളുടെ കൃത്യമായ വിവരം ലഭിക്കുന്നില്ല.

(e) ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ട് അക്കൌണ്ടായ WDCB MEPPADI 360 -

(i)ഗ്രാമപഞ്ചായത്ത് നൽകിയിട്ടുള്ള 3 മാസത്തിലധികമായി എൻകാഷ് ചെയ്യാത്ത ചെക്കുകളുടെ തുക കാലാവധി "കഴിഞ്ഞ ചെക്കുകൾ (Liability in respect of stale cheque)"എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.( ഉദാ: ചെക്ക് നം. 22689/19.12.2017- 1499/- , ചെക്ക് നം 12934/7.04.2016- 1000/-). ഗ്രാമപഞ്ചായത്ത് നൽകിയിട്ടുള്ളതും 3 വർഷത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായി ചെക്കുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല ( ചെക്ക് നം 6755/19.12.2014- 11769/- , ചെക്ക് നം.7217/16.2.2015-5400/-).

(ii)3 മാസത്തിലധികമായ Cheque deposited but not collected ആയി റീകണ്ടസിലിയേഷനിൽ കാണിച്ചിട്ടുള്ള ചെക്ക് നം. 21269/23.08.2017-1770രൂപയും, ചെക്ക് നം. 110654/18.8.2017- 3913രൂപയും ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

(iii) റീകൺസിലിയേഷനിൽ directly credited by bank ആയി 9360/-രൂപ 30.04.2015 ലെ മുൻബാക്കിയിലെ വ്യത്യാസമായി രേഖപ്പെടുത്തിയിട്ടിണ്ട്. ആയത് വ്യക്തമല്ല.

(iv) റീകൺസീലിയേഷനിൽ 29.11.2017 ന് 1400 രൂപ Directly debited by bank ആയി കാണിച്ചിട്ടുണ്ട്. ഈ തുകകൾ പേയ്മെന്റ് വൌച്ചർ ചെയ്യാതെ ബാങ്കിൽ നിന്ന് പേയ്മെന്റ് നടത്തിയതാണ്. ആയതിനാൽ വാർഷിക കണക്കിൽ ഈ തുക പ്രതിഫലിക്കുന്നില്ല.

(v)റീകൺസിലിയേഷനിൽ directly credited by bank ആയി 11.5.2017 ൽ DD cancelled ഇനത്തിൽ 2839/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് എന്താണെന്ന് വ്യക്തമാക്കിയിട്ടില്ല.

4. ബാലൻസ് ഷീറ്റ് B2 ഷെഡ്യൂളിൽ പഞ്ചായത്ത് ദുരിതാശ്വാസനിധി ബാധ്യതയായി കാണിച്ചിരിക്കുന്നത് 16093/- രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് B-17 ഷെഡ്യൂൾ പ്രകാരം പ്രസ്തുത ഇനത്തിലെ ബാങ്കിലെ നീക്കിയിരിപ്പ് 16968/- രൂപയാണ് .

5. താഴെ പറയുന്ന ഗ്രാന്റുകളുടെ എ. സി. ആർ പ്രകാരമുള്ള വരവുകളും, വാർഷിക കണക്കുകൾ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല ( RP - 7 ).

| ക്രമ നം | ഫണ്ടിനം | എ. സി. ആർ. | RP-7 | വ്ത്യാസം |
|---|---|---|---|---|
| 1 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 95,24,247 | 92,24,247 | 3,00,000 |
| 2 | സംരക്ഷണ ഗ്രാന്റ് - റോഡ് | 1,58,15,985 | 1,69,71,308 | 11,55,323 |
| 3 | ടി. എസ്. പി. | 77,46,934 | 74,86,934 | 2,60,000 |
| 4 | വികസന ഫണ്ട് - ജനറൽ | 3,15,49,129 | 3,14,49,129 | 1,00,000 |

6. വാടക, ലേലം വസ്തുനികുതി എന്നീ വരവിനങ്ങളുടെ രജിസ്റ്ററുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തതിനാൽ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല .

7. തൊഴിൽ നികുതി (വ്യാപാരികൾ,സ്ഥാപനങ്ങൾ), ഡി&ഒ എന്നീ വരവിനങ്ങളുടെ രജിസ്റ്ററുകളും, വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| വരവിനം | എ.എഫ്.എസ് | | രജിസ്റ്റർ | |
|---|---|---|---|---|
| | ഡിമാൻറ് | കളക്ഷൻ | ഡിമാൻറ് | കളക്ഷൻ |
| തൊഴിൽ നികുതി (ജീവനക്കാർ) | 2512873 | 2512873 | 2496120 | 2496120 |
| തൊഴിൽ നികുതി (സ്ഥാപന നികുതി) | 561970 | 561970 | 498930 | 498930 |
| ഡി.&ഒ. ലൈസൻസ് | 302765 | 302765 | 267300 | 267300 |

8. തൻവർഷ കുടിശ്ശിക തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല .

9. ആസ്തികൾക്ക് തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല .

10. ബാലൻസ് ഷീറ്റ് B-4 പ്രകാരം ലോൺ ഇനത്തിൽ 3,43,67,993 രൂപയും, B-7പ്രകാരം ഡെപ്പോസിറ്റായി 89,14,091 രൂപയും, B-18 പ്രകാരം മുൻകൂർ ഇനത്തിൽ 28,875 രൂപയും നീക്കിയിരിപ്പുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ

ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഇവയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല .

11. തൊഴിൽരഹിത വേതനം ഇനത്തിൽ രജിസ്റ്റർ പ്രകാരം ചെലവ് 27,000/ രൂപയാണ്, എന്നാൽ എ. എഫ്. എസ്. - ൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് 31,200/- രൂപയാണ്.

12. രജിസ്റ്റർ പ്രകാരം വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായമായി 2017 - 18 ൽ ചെലവഴിച്ച തുക 4,50,000/- രൂപ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല .

13 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകൾ /സംയുക്ത പ്രോജക്ടിനുള്ള തുകകൾ ബാലൻസ്ഷീറ്റിൽ liability ഭാഗത്ത് രേഖപ്പെടുത്തിയിട്ടുള്ള തുകകൾക്കെല്ലാം പ്രത്യേകം ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ ഇല്ല. തനത്/മറ്റ് ഫണ്ടുകളോടൊപ്പം നിക്ഷേപിച്ചിട്ടുള്ള സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല . അതിനാൽ പ്രസ്തുത തുകകൾ ഏതൊക്കെ അക്കൗണ്ടുകളിലാണ് നിക്ഷേപിച്ചിട്ടുള്ളതെന്നും തുകകളുടെ കൃത്യതയും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

14. നിർവഹണ ഉദ്യോഗസ്ഥരുടെ ക്യാഷ്ബുക്ക് സൂക്ഷിപ്പിലെ ന്യൂനതകൾ താഴെ കൊടുക്കുന്നു.

(a) കൃഷി ഓഫീസർ - 7A ക്യാഷ്ബുക്കിൽ പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ഫണ്ടുകളുടെ വിവരം രേഖപ്പെടുത്തുന്നില്ല. കൃഷി ഓഫീസറുടെ വിജയ ബാങ്കിലുള്ള അക്കൌണ്ടിൽ (a/c no.204501010011026) 31.03.2018 ൽ 43,203 രൂപ നീക്കിയിരിപ്പുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത തുക വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല.

(b) മെഡിക്കൽ ഓഫീസർ സി.എച്ച്. സി - ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനും, പഞ്ചായത്ത് ഫണ്ടിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനും പ്രത്യേകം7A ക്യാഷ്ബുക്കുകൾ ഉപയോഗിക്കുന്നു. മെഡിക്കൽ ഓഫീസറുടെ പേരിൽ വിജയ ബാങ്കിലുള്ള അക്കൌണ്ടിൽ( a/c no.204501011002442 ) 31.03.2018 ൽ 1614/- രൂപ നീക്കിയിരിപ്പുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഈ തുക വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല.

(c)വെറ്ററിനറി സർജൻ - ക്യാഷ്ബുക്ക് പ്രകാരം 31.03.2018 ന് നീക്കിയിരിപ്പ് ഇല്ല. എന്നാൽ ബാങ്ക് പാസ്സ്ബുക്ക് പ്രകാരം ( central bank a/c no.3247122813) 27786/- രൂപ നീക്കിയിരിപ്പുണ്ട്. റീകണ്ടസിലിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.

(d) വി.ഇ. ഒ. , അസി. എഞ്ചിനീയർ, ഐ. സി. ഡി. എസ് സൂപ്പർവൈസർ എന്നീ നിർവഹണ ഉദ്യോഗസ്ഥർ ക്യാഷ്ബുക്ക് ഹാജരാക്കിയിട്ടില്ല.

15. I-6 ഷെഡ്യൂളിൽ NREGA ഹെഡിൽ 27887027/- രൂപ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ കൃത്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

16. ഇൻകം & എക്സ്പെൻഡിച്ചർ I-18 ഷെഡ്യൂളിൽ ആകെ 1326190/- രൂപ prior period item എന്ന ഹെഡിൽ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് സാധൂകരിക്കാൻ ആവശ്യമായ

രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല .

17. വാർഷിക കണക്കിനോടൊപ്പം ഹാജരാക്കിയിട്ടുള്ള ട്രയൽ ബാലൻസിൽ ലെഡ്ജർ ബാലൻസുകൾ ചേർക്കേണ്ടതിനു പകരം ലെഡ്ജറിലെ ഡെബിറ്റ് ഭാഗത്തിൻെറയും ക്രഡിറ്റ് ഭാഗത്തിൻെറയും ആകെ തുകയാണ് ചേർത്തിട്ടുള്ളത്.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്

## അനുബന്ധം - 3

## ഓഡിറ്റ് ചെയ്ത പത്രികകൾ

Income & Expenditure Statement

for the period from 01 April 2017 to 31 March 2018

| Code | Head of Account | Schedule | Amount (Rs.) |
|---|---|---|---|
| Income | | | |
| 110000000 | Tax Revenue | 1-1 | 75,75,967 |
| 130000000 | Rental income from Panchayat Properties | 1-3 | 34,77,186 |
| 140000000 | Fee & User Charges | 1-4(b) | 16,68,328 |
| 150000000 | Sale& Hire Chargrs | 1-5(b) | 7,47,586 |

| | | | |
|---|---|---|---|
| 160000000 | Revnue Grants, Funds, Contributions & Compensations | 1-6 | 17,43,48,726 |
| 171000000 | Interest Earned | 1-8 | 5,33,337 |
| 180000000 | Other Income | 1-9 | 6,50,834 |
| A | Total Income Expenditure | | 18,90,01,964 |
| 210000000 | Establizhment Expences | 1-10(b) | 1,69,07,509 |
| 220000000 | Administrative Expences | 1-11(b) | 21,12,525 |
| 230000000 | Operations & Maintanance | 1-12(b) | 11,20,376 |
| 240000000 | Interest & Finance charges | 1-13 | 4,777 |
| 250000000 | Decentralised Plan Programme – Prodective sector | 1-14 | 1,13,67,716 |
| 251000000 | Decentralised Plan Programme – Service sector | 1-14(a) | 6,00,24,942 |
| 252000000 | Decentralised Plan Programme – Infrastructure sector | 1-14(b) | 28,94,484 |
| 253000000 | Decentralised Plan Programme – Projects not included in sector Division | 1-14(c) | 10,55,700 |
| 254000000 | Expenditure of Tramsffered Institutions and State Sponsered Scheme (not inculed under Decentralised Plan Programme | 1-14(d) | 5,83,46,768 |
| 255000000 | Maintances Projects | 1-14(e) | 61,05,880 |
| 256000000 | Other revenue Grants and Funds – Revenue Expenses | 1-15(a) | 12,000 |
| 260000000 | Grants, Contributions and Compensations from Own Fund | 1-15 | 2,15,284 |
| B | Total Expenditure | | 16,01,67,961 |
| C= A-B | Gross Surplus/Deficit of Income over Expenditure | | 2,88,34,003 |
| D=280000000 | Prior Period Item | 1-18 | 13,26,190 |
| E= C-D | Gross Surplus/Deficit of Income over Expenditure after prior period Items | | 2,75,07,813 |

Deputy Director

Kerala State Audit Department

Wayanad

Receipt & Payment Statement

for the period from 01 April to 31 March

| Code | Head of Account | Schedule | Amount (Rs.) |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 41220149.01<br>427625.99 |
| Receipt | | | |
| Operating | | | |

| | | | |
|---|---|---|---|
| 110000000 | Tax Revenue | RP-1 | 25,12,873 |
| 130000000 | Rental income from Panchayat Properties | RP-3 | 17,470 |
| 140000000 | Fee & User Charges | RP-4 | 13,65,563 |
| 150000000 | Sale& Hire Chargrs | RP-5 | 7,47,586 |
| 160000000 | Revnue Grants, Funds, Contributions & Compensations | RP-7 | 10,36,54,283 |
| 171000000 | Interest Earned | RP-9 | 5,33,337 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1,20,29,014 |
| 350000000 | Other Liabilities | RP-36 | 19,20,143 |
| Non Operating | | | |
| 180000000 | Other Income | RP-10 | 6,50,834 |
| 340000000 | Deposits REceivede | RP-29 | 71463 |
| 341000000 | Deposit Work | RP-34 | 1357895 |
| 350000000 | Other Liabilities | RP-36 | 991856 |
| 431000000 | Sundry Debtors (Receibles) | RP-43 | 10113223 |
| 460000000 | Loans: Advances and Deposits | RP-47 | 12000 |
| Grant Total | | | 177625315 |
| Payments | | | |
| Operating | | | |
| 210000000 | Establishment Expences | RP-11 | 5519423 |
| 220000000 | Administrative Expences | RP-12 | 2084525 |
| 230000000 | Operations & Maintanance | RP-13 | 1096511 |
| 250000000 | Decentralised Plan Programme – Prodective sector | RP-15 | 6842290 |
| 251000000 | Decentralised Plan Programme – Service sector | RP-16 | 26318399 |
| 252000000 | Decentralised Plan Programme – Infrastructure sector | RP-17 | 2962089 |
| 253000000 | Decentralised Plan Programme – Projects not | RP-18 | 1055700 |

| | | | |
|---|---|---|---|
| | included sector | | |
| 254000000 | Expenditure of Transfered Institutions and State Sponsered Scheme | RP-19 | 767768 |
| 255000000 | Maintances Projects | RP-20 | 6105880 |
| 256000000 | Other revenue Grants and Funds – Revenue Expenses | RP-21 | 12000 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 215284 |
| 280000000 | Prior Period Item | RP-26 | 28487 |
| 320000000 | Grands, Funds & Contribution for Specific Purpose | RP-31 | 0 |
| 350000000 | Other Liabilities | RP-36 | 8783247 |

| Non Operating | | | |
|---|---|---|---|
| 240000000 | Interest & Finance charges | RP-14 | 4777 |
| 311000000 | Earmarked Funds | RP-29 | 93500 |
| 312000000 | Secured Loans | RP-32 | 11000000 |
| 340000000 | Deposits received | RP-34 | 706140 |
| 350000000 | Other Liabilities | RP-36 | 4115291 |
| 410000000 | Fixed Assets | RP-38 | 39303489 |
| 412000000 | Capital Work in Progress | RP-40 | 3418110 |
| 420000000 | Investments | RP-41 | 1000000 |
| 431000000 | Sundry Debtors (Receivables) | RP-43 | 1499 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-47 | 926657 |
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 54374683.01<br>889565.99 |
| Grand total | | | 177625315 |

Deputy Director

Kerala State Audit Department

Wayanad

BALANCE SHEET

| Code No. | Description of Items | Schedule | Amount (Rs.) |
|---|---|---|---|
| | Opening Balance | | |
| | LIABILITIES | | |

| | | | |
|---|---|---|---|
| | Reserve & Surplus | | |
| 310000000 | Panchayath (General) Fund | B-1 | 55560881 |
| 311000000 | Earmarked Funds | B-2 | 16093 |
| 312000000 | Reserves | B-3 | 69115972 |
| | Total Reserve & Surplus | | |
| 320000000 | Grants, Funds & Contributions for Specific Purposes | B-4 | 16876158 |
| | Grants, Funds & Contributions for Specific Purposes | | |
| | Loans | | |
| 330000000 | Secured Loans | B-5 | 34367993 |
| | Total Loans | | 34367993 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 8914091 |
| 341000000 | Deposit Work | B-8 | 42423 |
| 350000000 | Other Liabilities | B-9 | 6669508 |
| | TOTAL LIABILITIES | | 15626022 |
| | ASSETS | | |
| 431000000 | Fixed Assets | B-11 | 105315914 |
| 411000000 | Accumulated Depreciation | B-11 | -7447846 |
| 412000000 | Capital Wirk in progress | B-11(a) | 0 |
| | Total Fixeds assets | | 97868068 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 1000000 |
| | Total Investments | | 1000000 |
| | Current Assets, Loans and Advances | | |
| | Stockn in hand | B-14 | 0 |
| 431000000 | Sundry Debtors(Receivable) | B-15 | 3033934 |
| 440000000 | Pre-paid Expences | B-16 | 34367993 |

| | | | |
|---|---|---|---|
| 450000000 | Cash and bank balance | B-17 | 55264249 |
| 460000000 | Loans, Advance and Deposits | B-18 | 28875 |
| | Total nCurrent Assets, Loans and Advances | | 92695051 |
| | TOTAL ASSETS | | 191563119 |

Deputy Director

Kerala State Audit Department

Wayanad